314

# ഉപന്യാസമാല.

ഒന്നാം ഭാഗം.

ITHITHANAM PUBLIC LIBRARY
Reg. No. 3601
CHANGANACHERRY
MALAKUNNAM P.O.

"ശ്രീരാമവിലാസം" പ്രസ്സ്,
കൊല്ലം.

# ഉപന്യാസമാല.

B.N. 9.

ഒന്നാംഭാഗം.

THE SREE RAMA VILAS PRESS & BOOK DEPOT. QUILON. TRAVANCORE

പ്രസാധകൻ,

കെ. ജി. പരമേശ്വരൻപിള്ള.

"ശ്രീരാമവിലാസം" പ്രസ്സ്,

കൊല്ലം.

1107.

വില ~~അണ 12.~~ രൂ. 2.

(പകൎപ്പവകാശം പ്രസാധകന്.)

# വിഷയവിവരം.

1. കീർത്തനങ്ങൾ.

ശ്രീമാൻ പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ.

2. ചിരട്ടക്കയിൽ.

ശ്രീമാൻ പുത്തേഴത്തു രാമൻമേനോൻ ബി. ഏ. ബി. എൽ.

3. കളി.

പ്രൊഫസ്സർ കെ. ജെ. അഗസ്ററിൻ എം. ഏ. എൽ. റ്റി.

4. ഗതി.

ഡാക്ടർ ഏ. ആർ. പൊതുവാൾ എം. ഡി.

5. ജീവിതസംഗീതം.

ശ്രീമാൻ വെണ്മണി കെ. രാമവാര്യർ ബി. എ. ബി. എൽ.

6. ആദർശസ്വീകരണം.

ശ്രീമതി അമ്പാടി ഇക്കാവമ്മ.

7. എന്റെ വിദ്യാഭ്യാസം (ഒരു പ്രത്യവേക്ഷണം.)

ശ്രീമാൻ ആർ. ഈശ്വരപിള്ള ബി. എ.

8. പ്രകൃതിചികിത്സ.

ശ്രീമാൻ എം. ആർ. മാധവവാര്യർ ബി. എ. എൽ. എൽ. ബി.

9. ശാസ്ത്രാഭിവൃദ്ധിയും മനുഷ്യാഭിവൃദ്ധിയും.

ശ്രീമാൻ മൂർക്കോത്തു കുമാരൻ.

10. ചെമ്പകശ്ശേരി.

ശ്രീമാൻ കെ. എം. പണിക്കർ എം. ഏ. ബാർ-അററ്ലാ.

11. കലാവിലാസം.

എം. രാജരാജവർമ്മ എം. ഏ. ബി. എൽ.

No. I
P. G. Gopalakrishnan

# ഉപന്യാസമാല.

## ഒന്നാംഭാഗം.

### കീൎത്തനങ്ങൾ.

കാലലീലകൾക്കടിപ്പെട്ടു നമ്മുടെ ഇടയിൽ നേരിട്ടിട്ടുള്ള മറിമായങ്ങളും ഭാവപ്പകൎച്ചകളും യാതൊരു വിവരണവും വിവാദവും കൂടാതെ വായനക്കാരാൽ സമ്മതിക്കപ്പെടുമെന്നു വിശ്വസിക്കുന്നു. കേരളീയഭവനങ്ങളിൽ അരുണോദയശേഷം കേൾക്കമാറുണ്ടായിരുന്ന കീൎത്തനധ്വനിയുടെ തിരോധാനം ആ കൂട്ടത്തിൽ പ്രസ്താവയോഗ്യമായ ഒരു സംഗതിയാകുന്നു. മഴക്കാലത്തും മഞ്ഞുകാലത്തും രാത്രിയിൽ നിദ്രയുടെ സുഖം ക്രമാധികമെന്നാണു നമ്മുടെ അനുഭവം. അങ്ങിനെയുള്ള രാത്രിയെ ഒരു ബാല്യകവിതയിൽ,

നെരിപ്പോട്ടും തീയും സരസമുപയോഗിച്ചുപഴതാം
വിരിപ്പോട്ടുംകൂടിപ്പുരിചൊട്ടു കയർകട്ടിലുകളിൽ,
കരപ്പോട്ടും പോട്ടുന്നിഹ ശയനമമ്പോട്ടു കളിരിൻ-
തരിപ്പോട്ടും മട്ടിൽ, കിഴവരഖിലം ചാപ്പിനകമേ,

എന്നു ഞാൻ വൎണ്ണിച്ചിട്ടുള്ളതായിട്ടോൎക്കുന്നു. മേൽപ്രകാര

മുള്ള രാത്രികാലങ്ങളിൽ ശീതബാധാസഖിയായ നിദ്ര, പ്രഭാതവേളയെ അവഹേളിച്ച ജനനയനങ്ങളിൽ നിന്നു സ്വമുദ്ര നീക്കുവാൻ വിമുഖിയായിരുന്നാൽപോലും കിടന്നകിടപ്പിൽ കിടന്നുകൊണ്ടെങ്കിലും നിദ്രാലസന്മാരായി പലരും കീർത്തനോച്ചാരണം ചെയ്യുന്നതു കണ്ടിട്ടുണ്ട്. പക്ഷികളുടെ ചിലപ്പും കോഴികളുടെ കൂജനവുംകൊണ്ട് ഉഷസ്സിൻെറ സന്നിധാനമാഘോഷിക്കപ്പെട്ടപ്പോൾ, മനുഷ്യർ മൗനമുദ്രയെ ഭജിക്കുന്നതു സമീചീനമെന്നു പറയാവുന്നതല്ല. അതെങ്ങനെയും പോകട്ടെ; ഈ കീർത്തനങ്ങളുടെ കർത്താക്കന്മാരാരെന്നു് ഒരു രൂപവുമില്ല. അവയിൽ ചിലതു ദ്രാവിഡവൃത്തങ്ങളിലും മററുചിലതു സംസ്കൃതവൃത്തങ്ങളിലുമാണു്; രണ്ടായാലും സ്വല്പം സംഗീതപ്പൊടി തൂകാതെ കീർത്തനം ചൊല്ലാറുണ്ടായിരുന്നില്ല.

"നരനായിങ്ങനേ ജനിച്ചുഭൂമിയിൽ
നരകവാരിധീ നടുവിൽ ഞാൻ.
നരകത്തിങ്കേന്നു കരകേററീടണം
തിരുവൈക്കം വാഴും ശിവശംഭോ?", ഇങ്ങനെ ലഘുക്കളെ ഗുരുകരിച്ചും ഗുരുക്കളെ ചിലപ്പോൾ ലഘൂകരിച്ചും "വ്യവസ്ഥയെല്ലാം ശിഥിലം പ്രധാനം ഗാനരീതിതാൻ" എന്ന കേരളപാണിനിവാക്യത്തെ ഉദാഹരിച്ചും ചൊല്ലുമാറുള്ള കീർത്തനം ദ്രാവിഡവൃത്തകീർത്തനങ്ങൾക്കു് ഒരുദാഹരണമാണു്. സംസ്കൃതവൃത്തങ്ങളുടെ നിബന്ധനകൾ എല്ലാം അവ്യഭിചാരികളെന്നാണു വച്ചിരിക്കുന്നതെങ്കിലും, കീർത്തനക്കാരുടെ വായിൽ അവയ്ക്കു പല തകിടംമറിച്ചിലുകളുംപററാറുണ്ട്. അതിനൊരു നല്ല ഉദാഹരണമാണു്,

"വൃന്ദാവനത്തിൽ മരുവീടിന വാസുദേവാ
നിന്നോടെനിക്കു ചെറുതായൊരു ചോദ്യമുണ്ടു്;
ദധിയുറിതൊട്ടുവാനും നീളമില്ലാത്ത നിപോയ്,
ത്രിഭുവനമീരടിയായളന്നവാറെങ്ങനെചൊൽ" എന്ന ശ്ലോകം. ഇവിടെ ശ്ലോകത്തിൻെറ പൂർവാദ്ധം വസന്തതിലകവൃത്തവും മൂന്നാംപാദം മാലിനിയും, നാലാംപാദാ ഒരു ലക്ഷണത്തിലുമുൾപ്പെടാത്തതുമാണു്. അതിൻെറ ദോഷം കവിയുടേതുതന്നെ; അല്ലാതെ കിത്തനപാരായണക്കാക്കതിൽ പങ്കില്ല. പക്ഷെ. ഭക്തിപാരവശ്യമൂർഛയിൽ നാലാംപാദത്തിൽ പല പരാക്രമങ്ങളും പ്രയോഗിച്ചു്,

"ത്രിഭുവനമീരടിയായളന്നവാറെങ്ങനെ നീയൊന്നു ചൊല്ലെടാ വാസുദേവാ" എന്നു ഛന്ദശ്ശാസ്ത്രമസ്തകത്തെപ്പിളന്നുകൊണ്ടു കിത്തനക്കാർ ചൊല്ലുന്നതും കേട്ടിട്ടുണ്ടു്. ഇങ്ങനെയുള്ള ഛന്ദശ്ശാസ്ത്രമല്ലയുദ്ധം കേട്ടു പൊട്ടിച്ചിരിച്ചുപോയ യുവകവിയായ ഒരനന്തരവനെ വയോധികനായ കാരണവൻ "കരണത്തിൽ പ്രയോഗം" ഗ്രഹിപ്പിച്ചിട്ടുള്ള ഒരു ദൃഷ്ടാന്തവും എനിക്കറിയാം.

"ഉദയഗിരി ചുവന്നു; ഭാനുബിംബം തിളങ്ങി;
നളിനമുകുളജാലേ മന്ദഹാസം വിളങ്ങി;
പനിമതിമറവായി; ശംഖുനാദം മുഴങ്ങി;
ഉണരുകകണികാണ്മാനംബരേ ചംബരേശ!"

എന്ന കീത്തനശ്ലോകത്തിൽ വൃത്തദോഷമൊന്നുമില്ലെങ്കിലും ഭക്തിമാന്മാരായ കീത്തനക്കാർ "അംബരേത്തച്ചംബരേശാ!" എന്നു ചൊല്ലി അവതാളമുണ്ടാക്കാതടങ്ങുകയില്ല.

"ഓടീട്ടുവന്നു കുടികൊണ്ട കുമാരനല്ലൂർ
കാത്ത്യായനീ! ഞാനിഹ കൈതൊഴുന്നേൻ"

എന്ന ശ്ലോകത്തിൽ ആദിപാദം വസന്തതിലകവും രണ്ടാമത്തതു ഇന്ദ്രവജ്റയുമാണു്. ഇതുപോലെ വേറെയുമുദാഹരണങ്ങളുണ്ടു്.

മുകളിൽ ഉദ്ധരിച്ച ഉദാഹരണങ്ങളിൽനിന്നു വൈക്കത്തു തേവരും, തൃച്ചംബരത്തു പെരുമാളും, കുമാരനല്ലൂർ കാത്ത്യായനിയും കീൎത്തനശ്ലോകങ്ങളിലെ മന്ത്രമൂൎത്തികളാണെന്നു നാം കണ്ടു. ഇതുപോലെ "നെയ്യാററുങ്കര നീലവൎണ്ണൻ" "തുമ്പായിൽ കുടികൊണ്ടിട്ടും ഗണപതി" മുതൽപേരും ഉപാസ്യന്മാരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളവരാണു്. പക്ഷേ ഇതെല്ലാം ഇപ്പോൾ പുരാവൃത്തപദവിയെ പ്രാപിച്ചതായി പറയാമെന്നു തോന്നുന്നു. കീൎത്തനാസക്തന്മാരായ വൃദ്ധകേരളീയരുടെ കാലം സമാപ്തമായിരിക്കുന്നു. അനഭിജ്ഞതയിലും ആത്മസുഖത്തിനു് അവക്കുപകരിച്ചിരുന്ന കീൎത്തനങ്ങൾ ആരെങ്കിലും ഇപ്പോൾ ആദരിക്കുന്നുണ്ടോ എന്നറിയുന്നില്ല. കീൎത്തനധ്വനി കുടുംബശ്രേയസ്കരമെന്നായിരുന്നു നമ്മുടെ മൂപ്പിന്നന്മാരുടെ ധാരണ. അതു വെറും മിഥ്യയായിരുന്നു എന്നനന്തരസംഭവങ്ങൾ വിശദീകരിച്ചിരിക്കുന്നു. കൂട്ടുകുടുംബത്തിൽനിന്നു് കിട്ടിയതുംകൊണ്ടു കടമ്പ കടക്കാത്തവർ ഇനിയധികമുണ്ടെന്നു തോന്നുന്നില്ല. അവനവൻെറ മാതാവു്, സഹോദരികൾ, ഭാൎയ്യാപുത്രാദികൾ മുതലായവരുടെ കാൎയ്യാദികൾക്കുവേണ്ടി ക്ലേശിക്കുന്നവരെല്ലാം ഭ്രഷ്ടമൂഷ്ടികൾ, അവിശാലമനസ്കർ, നിസ്സാരബുദ്ധികൾ, ഇങ്ങനെ അപവാദം പറയുന്നവരും നമ്മുടെ ഇടയിൽ ഇ

ല്ലാതില്ല. ആ കൂട്ടരുടെ അഭിപ്രായത്തിൽ ലോകം ആകെ പ്പാടെ ഒന്നു ശരിപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. അതിനു സാൎവ്വത്രികമായസമത്വവും സ്വാതന്ത്ര്യവും സ്ഥാപിക്കാതെ മതിയാകയില്ല. കഴിഞ്ഞുപോയതെന്തുതന്നെയായാലും അതനുസരിച്ചു നടക്കുന്ന മനുഷ്യർ വെറും ഗഡ്ഡരികാപ്രവാഹമെന്നു് അപഹാസത്തിനു പാത്രമാകുന്നു. ഇനി മററൊരുകൂട്ടരുണ്ടു്. അവർ പറയുന്നു. "അല്ലയോ സഹോദരികളെ! സഹോദരന്മാരേ! നിങ്ങൾ ശരിയായി പ്രയത്നിക്കുവിൻ; സമ്പാദ്യം വല്ലതുമുണ്ടെങ്കിൽ ഞങ്ങളെ ഏല്പിച്ചേക്കുക; അതുകൊണ്ടു നിങ്ങളുടെയും ഞങ്ങളൊഴികെയുള്ള മററാളുകളുടെയും പാരത്രികപൎയ്യന്തമുള്ള കാൎയ്യങ്ങൾ എല്ലാം ഞങ്ങൾ നോക്കിക്കൊള്ളാം." സമത്വവാദികളുടെയും പരകാൎയ്യവാദികളുടെയും വാദങ്ങൾ വളരെ പരിഭ്രമകരങ്ങളാണു്. ഇവരിൽ ചിലർ അവനവന്റെ കുടുംബത്തേയോ, അവനവനെത്തന്നെയോ പുലൎത്താൻ പ്രാപ്തരല്ലെന്നു കണ്ടു സംശയിച്ചിരിക്കുന്നവരുമുണ്ടു്. മൂന്നാമതൊരു കൂട്ടരുടെ ദൃഷ്ടിയിൽ രാജ്യതന്ത്രയന്ത്രത്തിലുള്ള കേടുപാടുകളാണു ലോകത്തിലുള്ള സകല ദുരിതത്തിനും കാരണം. അവരുടെ വാദപ്രകാരം യോഗ്യതകളെല്ലാം ഗവൎമ്മെൻറുകൾക്കു പുറത്തും അയോഗ്യതകളെല്ലാം ഗവൎമ്മെൻറുകൾക്കകത്തുമാണു കിടക്കുന്നതു്. ഒരുപക്ഷേ റഷ്യാഗവൎമ്മെൻറു മാത്രം ഈ വിഷയത്തിൽ ഒരു വ്യത്യസ്തമായി ഗണിക്കപ്പെടുന്നു. ഈ ദോഷത്തിന്റെ പരിഹാരത്തിനു ഗവൎമ്മെൻറു് ഏററവും നടത്താമെന്നു ദൈവകൎയ്യക്കുറവുണ്ടെങ്കിലും രാജ്യതന്ത്രമന്ത്രവാദികൾക്കു സമ്മതമുണ്ടു്. "Where living

is easy there is no polities" എന്നൊരു ഇംഗ്ലീഷുഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിട്ടുള്ളതായിട്ടോൎക്കുന്നു. അതായതു ജീവിതം സുഗമമാണെങ്കിൽ അവിടെ രാജ്യതന്ത്രപ്രസംഗമില്ലെന്നു താല്പൎയ്യം. അതു മറിച്ചുവെച്ചാൽ രാജ്യതന്ത്രക്ഷോഭമുള്ളിടത്തു ജീവിതം സുഗമമല്ലെന്ന് അനുമാനിക്കാവുന്നതാണ്. ഇങ്ങനെ പല നവീനപ്രസ്ഥാനങ്ങളും നമ്മുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ട്. പ്രതിപാദനയുടെ വ്യക്തതയ്ക്കു സ്വല്പമതിശയോക്തിയായി ഞാൻ പറഞ്ഞിരിക്കാമെന്നല്ലാതെ ഈവക പ്രസ്ഥാനങ്ങളിൽ ഒന്നിനെപ്പററിയും എനിക്കു പരിഹാസമില്ലെന്നു പറഞ്ഞുകൊള്ളട്ടെ; എന്നു തന്നെയുമല്ല ഇതിലൊക്കെയും ആദരണീയങ്ങളായ ചില തത്വങ്ങളുമുണ്ട്. ഉദാഹരണത്തിനു പരകാൎയ്യവാദികളുടെ നിലതന്നെ നോക്കുക. അവിവേകികളുടെ കൈയിൽ സമ്പത്തുണ്ടായാൽ അതു് അനൎത്ഥകരമാണെന്നു പ്രാചീനന്മാരും സമ്മതിക്കുന്ന സംഗതിയാണ്. അങ്ങനെയുള്ളവരുടെ ധനം പൊതുഗുണത്തിനു പ്രയോഗിക്കുന്നതു ശ്ലാഘ്യമല്ലയോ? ആണെന്നാണെൻെറ പക്ഷം; എന്നുതന്നെയല്ല, ഈ പ്രസ്ഥാനങ്ങളുടെ അടിസ്ഥാനം സ്വാൎത്ഥത്യാഗമെന്ന ശ്ലാഘ്യമായ ഗുണമാകുന്നു. അതുപോലെ ഹൃദയംഗമമായ ഒരു ഗുണം ത്രിലോകത്തുണ്ടോ എന്നു സംശയമാണ്. ഈ പ്രസ്ഥാനങ്ങൾക്കെല്ലാം പൂൎണ്ണസാഫല്യമുണ്ടാകുന്ന കാൎയ്യത്തിലാണെൻെറ ശങ്കകൾ.

ഇത്രയും പറഞ്ഞതു അധുനാതനസ്ഥിതിയിലെ അസ്വാസ്ഥ്യതകളെ വിശദീകരിക്കുവാനാകുന്നു. പ്രകൃതമായ കീൎത്തനകാൎയ്യം തുടരേണ്ടിയിരിക്കുന്നു. കീൎത്തനം സ്തുതിയുടെ

ഭ്യുകാരാന്തരമാണ്; അതിനു മറിച്ചുള്ള ക്രിയയാണ് ആക്ഷേപം. സ്തുതി ഗുണപക്ഷപാതജന്യവും, ആക്ഷേപം ദോഷദർശനസന്തതിയുമാണ്. പരമകാഷ്ഠയിൽ രണ്ടും ദുർബ്ബലങ്ങൾ എന്നു തോന്നി, ഒന്നിനു പകരം മറേറതു പ്രയോഗിക്കുന്നതും കാണാറുണ്ട്. കൊച്ചുകുട്ടികളുടെ സാമത്ഥ്യത്തെ പ്രശംസിക്കുമ്പോൾ "കൊച്ചുകള്ളാ!" എന്നു വിളിക്കുന്നതും ദുസ്സാമത്ഥ്യം കാട്ടുന്നവരൊരു വലിയ കേമൻ തന്നെ! എന്നു പറയുന്നതും സാധാരണമാണല്ലോ. ആക്ഷേപം ചിലപ്പോൾ ഏററവും അകൃത്രിമമായ സ്തുതിയാണ്. ആക്ഷിപ്തനെക്കുറിച്ച് ആക്ഷേപകൻെറ ഭീതിയാണു പ്രായേണ ആക്ഷേപമായി പുറപ്പെടുന്നത്. അതുപോലെ അസൂയക്കാർ അസൂയാലക്ഷ്യരായവരുമായി താരതമ്യം ചെയ്തു സ്വദുർബ്ബലതയെ പ്രജ്ഞയില്ലാതെ സമ്മതിക്കയാണു ചെയ്യുന്നത്. അതു ഏതുപോലെ എന്നാൽ, ശതപദി (അട്ട) അന്യസ്പർശസമ്പക്കത്തിൽ ചുരുണ്ടുകൂടി ദുർഗ്ഗന്ധമുൽസർജ്ജിക്കുന്നതുപോലെയാകുന്നു. ലോകക്ഷേമത്തിനു ഗുണാഭിവൃദ്ധിയും ദോഷദൂരീകരണവും ആവശ്യമാണെങ്കിലും, ഗുണത്തിൻെറ വ്യാപ്തിപോലെതന്നെ ദോഷവജ്ജനം സഫലമാണെന്നു തോന്നുന്നില്ല. അതുകൊണ്ടു ദോഷം കാണുന്നവനെ പുരോഭാഗി എന്നു പറയുന്നു. ലോകത്തിൽ എന്തും ഗുണപ്രദമാണെന്നു കാണുവാൻ കഴിയുന്നതു മഹാശയത്വത്തിൻെറ ലക്ഷണമാകുന്നു. സ്കാട്ട് ഗേട്ട എന്ന സാഹിത്യകേസരികൾ അവരുടെ അടുക്കൽ നിവേദിതങ്ങളാകാറുള്ള നിസ്സാരപ്രബന്ധങ്ങളെപ്പററിയും സ്തുതിച്ചു പറയുമായിരുന്നത്രെ. മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്ത

മ്പുരാൻ തിരുമനസ്സിലെ പതിവും അതുതന്നെയായിരുന്നെന്നു നമുക്കറിയാമല്ലോ. അങ്ങനെ നോക്കുമ്പോൾ സ്തുതി മനസ്സിന് ആനന്ദകരമാണെന്നു വരുന്നു.

ഇനി നോക്കേണ്ടതു് അഭിനവപ്രസ്ഥാനങ്ങളിൽ സ്തുതിക്കും കീർത്തനത്തിനും തന്നിമിത്തമുള്ള മനോനിർവൃതിക്കും സ്ഥാനമുണ്ടോ എന്നാണു്. സമത്വവാദികൾ നിഷ്ഠുരന്മാരെന്നു പറയാതെ കഴികയില്ല. സ്തുതിയിൽ അന്തർഭവിച്ചിരിക്കുന്നതു് അധരോത്തരസ്ഥിതിയാണു്. അധരോത്തരസ്ഥിതി സമത്വവാദത്തിനു പ്രത്യക്ഷവിരുദ്ധവുമാണു്. അതുകൊണ്ടു നമ്മുടെ ഇടയിൽ ഈശ്വരന്മാരെയും ഈശ്വരിമാരേയും ആരാധിക്കുന്നതുതന്നെ സമത്വവാദികളിൽ കക്കശന്മാരായവർ സഹിക്കുന്നില്ല. പക്ഷേ അവരും ചിലരെ കീർത്തനം ചെയ്യാതിരിക്കുന്നില്ല. എന്നാൽ അതു പ്രായേണ അവരുടെ പററത്തിൽ ഉൾപ്പെട്ടവരെത്തന്നെയായിരിക്കും. അതിനു ഹേതു അവരവരുടെ പ്രസ്ഥാനത്തിലുള്ള നിഷ്ഠയുടെ "ഡിഗ്രി" ആണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ശബരിമലയ്ക്കു പോകുന്നവരിൽ കന്നിമലക്കാർ പെരിയ സ്വാമിമാരെ ആദരിച്ചു കഞ്ചാവുചിലമ്പിയിൽ സാധനങ്ങൾ സജ്ജമാക്കി കൊടുക്കുക മുതലായ ഉപചാരങ്ങൾ ചെയ്യുന്നതു പലരും കണ്ടിരിക്കും. അദ്വൈതപാരഗന്മാരായ സന്ന്യാസിമാർപോലും കീർത്തനങ്ങൾ ചെയ്യുന്നു. ശൃംഗഗിരിമഠത്തിലെ സന്ന്യാസിമാർ ചൊല്ലാറുള്ള ഒരു കീർത്തനം ഗ്രാമഫോൺ യന്ത്രത്തിൽ പ്രയോഗിച്ചു കേട്ടിട്ടുണ്ടു്.

ചുരുക്കം പറഞ്ഞാൽ ഒരു രൂപത്തിലല്ലെങ്കിൽ മറെറാരുരൂപത്തിൽ ആത്മതർപ്പണത്തിനു കീർത്തനം മനുഷ്യക്കു

വൎജ്ജിക്കുവാൻ നിൎവ്വാഹമില്ലെന്നു വിചാരിക്കുന്നു. ആരു ടെയും കിൎത്തനത്തിനു പാത്രമല്ലെന്നു കണ്ടാൽ സ്വയം കീ ൎത്തനത്തിനും മനുഷ്യർ മടിക്കുന്നില്ല

പി. കെ. നാരായണംപിള്ള
ബി. എ. ബി. എൽ.

---

# ചിരട്ടക്കയിൽ.

"മലയാളരാജ്യത്തി"ലേക്കു 'ചിരട്ടക്കയി'ലായാൽ മതിയാകുമോ എന്ന ശങ്കയ്ക്കവകാശമില്ല. മലയാളത്തിന്റെ കീൎത്തി ചിരട്ടക്കയിലിൽ കൊള്ളാത്തതാണെങ്കിലും, ചിരട്ടക്കയിൽ മലയാളികൾ കൊള്ളാത്തതല്ല. കറുത്ത ആനയുടെ വെളുത്ത കൊമ്പുപോലെ, കറുത്ത കുരുമുളകിൽനിന്നു വെളുത്ത കീൎത്തിവളൎത്തിയതാണു കേരളം. ലോകത്തിന്നു മുഴുവൻ എരുവുണ്ടാക്കിക്കൊടുത്ത കേരളം ഇപ്പോൾ എരവായ ജീവിതത്തിൽ കിടന്നു് എരിയുകയാണെങ്കിൽ ആ എരിച്ചലിന്നും പൊരിച്ചലിന്നും പുറത്തുള്ളവരെ പരാതിപറഞ്ഞിട്ടു പ്രയോജനമില്ല. തേങ്ങകാട്ടി ലോകരുടെ താങ്ങനുഭവിച്ചിരുന്ന മലയാളി ഇപ്പോൾ മററുള്ളവർ മറഞ്ഞുനിന്നു "തേങ്ങ കാട്ടു"ന്നതു കണ്ടുകണ്ടു തേങ്ങിക്കരയുകയാണു്. കുരുമുളകു കൊടുത്തു "കൊല്ലി"മുളകു കൊള്ളുന്ന കൊള്ളരുതാത്ത കയ്യു്, കയ്യും കണക്കുമില്ലാത്ത കൈനഷ്ടങ്ങൾക്കു കാരണമായി. ചങ്കിൽപിടിച്ചാൽ ചങ്കരച്ചാരും ചക്രശ്വാസം വലിക്കയില്ലേ? വേണ്ടതു വിട്ടുകളഞ്ഞു വേണ്ടാത്തതു വിളിച്ചുവരുത്തുന്ന വഷളത്വമാണു വലിയവരെപ്പോലും വിഷമിപ്പിക്കുന്നതു്.

"ചുണ്ടത്തു വെള്ളിക്കരണ്ടിയോടുകൂടി ജനിക്കു"ന്നതിൽ ഭ്രമംതുടങ്ങിയപ്പോഴാണു് 'കയ്യിൽ ചിരട്ടക്കയിലോടുകൂടിപ്പിറന്നവൻ' പിൻമാറേണ്ടിവന്നതു്. ചുണ്ടത്തെക്കരണ്ടിയേക്കാൾ കയ്യിലെ കയിലാണു്, ഒന്നു വെള്ളിയും മറേറതു

ചിരട്ടയും ആയാലും, കള്ളടക്കവും 'ക്രൂരടക്ക'വും കൂടിയത്തു്. 'ചോറിൻപുറത്തു പിറന്നവ'രേയും 'മാളികപ്പുറത്തു ജനിച്ച വ'രേയും പിറവിപ്പെരുപ്പം പറഞ്ഞറിയിക്കാതെ പരന്മാരുടെ പാരമ്പര്യത്തിൽ പരമായി ഭ്രമിക്കുമ്പോൾ പലരും പരിഭവിച്ചേക്കും. ചുണ്ടത്തു്, രോമംപോലും നേരംനോക്കാതെ എത്തിനോക്കാത്ത ഇക്കാലത്തുണ്ടോ വെള്ളിക്കരണ്ടിയെ വല്ലവരും വെള്ളരിവെച്ചു പൂജിക്കുന്നു. ശീമക്കാരുടെ വെള്ളിക്കരണ്ടിയെക്കാൾ മലയാളക്കാരുടെ ചിരട്ടക്കയിലിന്നു കാര്യപ്രാപ്തി കൂടും. കാളനിലും, ഓലനിലും, പാലിലും, തൈരിലും മാത്രമല്ല, കുമ്മായക്കലത്തിലും കള്ളിൻകുടത്തിലും ചിരട്ടക്കയിലുകൾ കിളക്കാതെ കളിക്കുന്നു!

ത്യാഗബുദ്ധിയോടെ തുടങ്ങിയ ധർമ്മം ചിലപ്പോൾ രാഗവർദ്ധനയ്ക്കും വഴിയാകുന്നു. കേരളത്തിൽ കുഴക്കം കടന്നു കൂടിയതു കേവലം ഒരു "കൈത്തെറവു"കൊണ്ടാണു്. ചിരട്ടക്കയിൽ കയ്യിലുണ്ടായിരുന്ന കാലത്തു കേരളം 'ചിരട്ടയെടുക്കേ'ണ്ടിവന്നില്ല. ചിരട്ടക്കയ്യിയക്കയും 'വെള്ളിക്കരണ്ടി കടിക്ക'യുംചെയ്തപ്പോൾ "കടിച്ചതുമില്ലാ പിടിച്ചതുമില്ലാ' തെക്ഷണിക്കേണ്ടിവന്നു. "കാട്ടുവെട്ടി, ഓട്ടുവെട്ടി, വെള്ളവെട്ടി, വെള്ളം കണ്ടു" എന്ന കടംകഥ കേരളത്തിൻെറ സാരസർവസ്വമായ കേരത്തെക്കുറിക്കുന്നതാണെങ്കിലും ആ 'കുറി' കേരളത്തിൻെറതന്നെ "തലക്കുറി"യാകുമാറു് ആരോ കുറിച്ചിട്ടതാണു്. കാടായ ചകിരിയും, ഓടായ ചിരട്ടയും, വെള്ളയായ കഴമ്പും, വെള്ളമായ രസവും നാളികേരത്തിനു് ഉള്ളതുതന്നെ. എന്നാൽ വെള്ളമായ സമുദ്രവും, വെള്ളയായ മണൽപ്രദേശവും, ഓടായ കൽപ്രദേശവും, കാടായ

വനാന്തരങ്ങളും കേരളത്തിന്റെ കിടപ്പിൽ ക്രമമായി കാണപ്പെടുന്ന കാഴ്ചകളാണ്. മുക്കണ്ണനായ നാളികേരത്തിന്റെ ഒരു കണ്ണു കണ്ടകോലുകൊണ്ടു കുത്തിത്തുളച്ച് അപ്പോൾ പുറപ്പെടുന്ന കണ്ണുനീർ നാം കണ്ണടച്ചുകുടിക്കുമ്പോൾ, മററു രണ്ടു കണ്ണുകളും നമ്മുടെ "കണ്ണിൽ ചോരയില്ലായ്മ" കണ്ടു കണ്ടിതപ്പെടുന്നുണ്ടോ? ആരറിഞ്ഞു? ചിരട്ടയുടെ കക്കശത്വം കണ്ണിലോളം കടന്നിട്ടില്ലെന്നു കാണാത്തതാണു കഷ്ടം.

ഒരു ചിരട്ടക്കയിലിൽ എത്ര കൊള്ളുമെന്നു കൊള്ളരുതാത്തവർ 'കൊള്ളിവാക്കു' പറയുമ്പോൾ, "ഒരുചിരട്ടക്കയിൽ എന്തിനു കൊള്ളുകയില്ലാ" എന്നു കൊള്ളിച്ചു ചോദിക്കുന്നവർ കുറയും. കൈയില്ലാത്ത ചിരട്ടയും നല്ല കൈപ്പുണ്യമുള്ളതാണെന്നു 'ചിരട്ടമാങ്ങ'യുടെ കാര്യത്തിൽ കണ്ടുകൂടയോ? 'ചിരട്ടമൺ' മൂസ്സുപോലും കഥിച്ചിട്ടുള്ളതു 'ചിരട്ടമാങ്ങ' മാഹാത്മ്യമേറിയതാണെന്നാണ്. "ശീമപ്പിക്കിൾ" ക്ഷാമം കൂടാതെ കിട്ടിവരുന്ന ഇക്കാലത്തു 'ചിരട്ടമാങ്ങ' ചിരട്ടയിലിട്ട് ഉപ്പു പുരട്ടിയ കണ്ണിമാങ്ങക്കീറാണെന്നു കഥിക്കാതെ കഴികയില്ല. 'കപ്പും സോസറും' അതെടുത്തു നിരത്താൻ 'ഒപ്പം ലാസറും' പണ്ടുണ്ടായിരുന്നില്ലെങ്കിലും, കഴിക്കാനുള്ള കണ്ണിമാങ്ങയെ അന്നും, ചിരട്ടയിലാക്കാതെ കഴിക്കാമായിരുന്നു. അന്നത്തെ, മൺപാത്രം ഉള്ളോരും, പൊൻപാത്രം പൂണ്ടോരും, മാങ്ങാക്കീറിന്റെ മാഹാത്മ്യം തേങ്ങാക്കീറിലാണെന്നു തീർച്ചപ്പെടുത്തിയിരുന്നു.

കയിലാവാത്ത ചിരട്ട ചില ദേവന്മാർക്കുകൂടി കൈയിലായിരുന്നു. കപാലി ചിരട്ടക്കൈയനല്ലെങ്കിലും കാപാലികന്മാരിൽ പലർക്കും കൈയിൽ ചിരട്ടയുണ്ട്. ചില ദേവ

ന്മാരെ ഇന്നും ചിലർ ചിരട്ടകൊണ്ടു പിരട്ടുന്നുണ്ടു്. 'തേങ്ങ കാട്ടു'ന്നതു തെങ്ങുള്ള രാജ്യത്തിൽ അസംഭവ്യമല്ലെങ്കിലും പലപ്പോഴും അനാവശ്യമായേക്കും; അപ്പോൾ, ചിരട്ടകാട്ടുന്നതു എത്ര അധികം അധികപ്രസംഗമാവണം. എന്നാൽ ഒരക്ഷരം പ്രസംഗിക്കാതെ ഈ അധികപ്രസംഗം ഇന്നും നിലനിൽക്കുന്നു. അകമല അയ്യപ്പനും പെരുമല ശാസ്താവും തേങ്ങയിൽ താല്പര്യമുള്ളവരാണു്. എന്നാൽ അവരെ തേങ്ങ കാട്ടി കൊതിപ്പിച്ചു ചിരട്ടകൊടുത്തു തൃപ്തിപ്പെടുത്തുകയാണു പതിവു് (അവിടെ ഉടയ്ക്കുന്ന നാളികേരത്തിൻെറ കഴമ്പു ഉടയ്ക്കുന്നവർക്കു എടുക്കാം. ചിരട്ട അവിടെത്തന്നെ ഇടണമെന്നു നിർബ്ബന്ധമുണ്ടു്.) ഭക്തന്മാർ മുട്ടിയ്ക്കുന്ന തേങ്ങ ആ ദേവന്മാരുടെ കൊതിമുട്ടിയ്ക്കുന്നു. അവർ പൊട്ടിയ്ക്കുന്ന തേങ്ങയുടെ കഴമ്പെടുത്ത ചിരട്ട കൊടുക്കുന്നു! ചിരട്ടയാണത്രേ ദേവന്മാർക്കിഷ്ടം. ദേവന്മാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കു മനുഷ്യരുടെ മനസ്സാണത്രേ മാനദണ്ഡം! കാമ്പു കളഞ്ഞാലും അകക്കാമ്പിൽ കമ്പം കലരാത്തവരാണു ശാസ്താപ്രഭൃതികൾ. "എല്ലാവരും തേങ്ങയുടയ്ക്കുമ്പോൾ ഞാനൊരു ചിരട്ടയെങ്കിലും ഉടയ്ക്കേണ്ടേ"ന്നു വേണ്ടതാണെങ്കിലും തേങ്ങയുടച്ചു ചിരട്ടകൊടുക്കുന്ന കൈ, കടുത്ത കൈയുതന്നെയാണു്.

കഴമ്പിനെ കാത്തുകിടക്കുന്നവനാണു ചിരട്ട. ആ ചിരട്ടയ്ക്കു ഒരു കൈയുകൂടി കൊടുക്കുമ്പോഴാണു 'ചിരട്ടക്കയി'ലാകുന്നതു്. തൻെറ മൂന്നു കണ്ണുകൾകൊണ്ടും ശത്രുക്കളുടെ വരവിനെ നോക്കിനിൽക്കുന്ന ചിരട്ട, തൻെറ ദേഹം കണ്ടിച്ചല്ലാതെ ആരെയും അകത്തു കടക്കുവാൻ അനുവദി

ക്കുന്നില്ല. ഹാ! എന്തു ധർമ്മധീരത! എന്തു കൃത്യനിഷ്ഠ! അമൃതോപമമായ ആഹാരപദാർത്ഥത്തെ അൽഫലാഭംകൂടാതെ കാത്തുനിൽക്കുന്ന ചിരട്ട, അതിൽനിന്ന് ഒന്നും അനുഭവിക്കുന്നില്ലെന്നു പറഞ്ഞാൽ, പചിച്ചതിന്റെ പാകം നോക്കുന്ന ഭാവത്തിൽ ആഹാരത്തിന്റെ ആദ്യഭാഗം മുഴുവനും അനിയന്ത്രിതമായി അനുഭവിക്കുന്ന അടുക്കളക്കാർ അവിശ്വാസം പ്രദർശിപ്പിച്ചേക്കാം. യഥാർത്ഥത്തിൽ, ചിരട്ട, നാളികേരക്കഴമ്പിനെ മുഴുവൻ ആവരണം ചെയ്തിരിക്കുന്ന ചിരട്ട, അതിൽനിന്നു ഒരംശംപോലും അലങ്കാരത്തിന്നായോ, ആഹാരത്തിന്നായോ, ആത്മരക്ഷയ്ക്കായോ അംഗീകരിക്കുന്നില്ല. ചിരട്ടയുടെ അകവും പുറവും 'ചിരട്ടമയം' തന്നെയാണ്. സമ്പത്തിന്റെ സമ്പർക്കം സാധാരണക്കാരെ സാഹസികളാക്കും. ചിരട്ടയുടെ നിഷ്കാമകർമ്മം നിർമ്മലവും നിരന്തരവുമത്രേ.

സമ്പത്തിന്നായിക്കൊണ്ടു സാഹസപ്പെടാത്തവർ ഉണ്ടായിരിക്കും. എന്നാൽ, കനകം കൈവന്നാൽ കൈമടക്കാത്തവർ കുറവാണ്. ചിരട്ട, കഴമ്പിനെ തേടിപ്പിടിച്ചതല്ല. ചിരട്ടയിൽ കഴമ്പു വന്നുചേർന്നതാണ്. ചിരട്ടയെ വിട്ടുപിരിയാതെ ചിരട്ടയോടു പററിപ്പിടിച്ചു നിൽക്കുവാനാണു കഴമ്പിന്റെ കാതലായ കരുതൽ. എന്നാൽ 'കൊട്ടത്തേങ്ങ'യാകുന്നതുവരെ, ചിരട്ടയും കഴമ്പും കൂടി 'എനിയ്ക്കു വേണ്ടെന്നും' 'ഞാൻ വിടില്ലെന്നും' മത്സരിക്കുന്നു. ആ യുദ്ധത്തിൽ നാളികേരത്തിന്റെ 'നീരുവററുന്നു' ഒടുവിൽ ചിരട്ടയ്ക്കുള്ളതുള്ള ബന്ധവും ബന്ധുവുമില്ലാത്ത

'തേങ്ങ' കിട്ടുകിടെ കിടന്നു കലുങ്ങുന്നു. അന്നും ചിരട്ടയ്ക്കു ഭാവഭേദമില്ല!!

'മുഖത്തു കരിതേയ്ക്കു'ന്നതു് ആക്ഷേപാർഹമാണെങ്കിലും കരിതേച്ച നിലത്തു മുഖംനോക്കിക്കാണുന്നതു് അനാശാസ്യമല്ല. 'കരിവേഷ'ത്തിന്നുപയോഗിക്കുന്ന കരിയും, അമ്മാളുവിൻെറ അവിൽമാല പണിയുമ്പോഠം 'തട്ടാൻ' ഉപയോഗിക്കുന്ന കരിയും ചിരട്ടക്കരിയാണെങ്കിൽ നമ്മുടെ ചിരട്ടക്കരി എന്തുപകാരിയാണ്! ചിരട്ട കത്തുമ്പോഠം അതു് "അയ്യോ!" എന്നു ശബ്ദിക്കുന്നതും 'ചിരട്ടപ്പുറം' കണ്ണുനീർ ഒഴുക്കുന്നതും കണ്ടിട്ടുള്ളവർ പുരയ്ക്കു തീപിടിച്ചാൽ ഉള്ളിലുള്ളവർ ഉള്ളുരുകി ഉറക്കെക്കരയുന്നതു് ഓർമ്മയായിരിക്കും. "യമഭടപടലികഠം കോപിച്ചുംകൊണ്ടടിപിടിയെന്നു പറഞ്ഞെത്തുമ്പോഠം" ഉണ്ടാകുന്ന പിടിയും വലിയും അനുഭവിച്ചിട്ടുള്ളവരില്ലെങ്കിലും അറിയാത്തവരുണ്ടാകയില്ല. മരണത്തിൽ ശരണപ്പെടാത്തവർ കാലനെക്കണ്ടു കണ്ണുനിറച്ചു കണ്ണുംപൊട്ടി കരയുന്നതുപോലെയാണത്രെ തീപിടിക്കാൻ താമസമുള്ള 'താമസമൂർത്തി'യായ ചിരട്ട ആളിത്തുടങ്ങിയാൽ ആവലാതിപ്പെട്ടു് അലറുന്നതു്.

തേങ്ങാമുറിയിൽ തേങ്ങയെണ്ണ പകൎന്നു് അരിക്കിഴി വെച്ചു് ആദരപൂൎവം കത്തിക്കുമ്പോഠം, ദക്ഷിണേന്ത്യയിലെ വേനൽചൂടേററ പാശ്ചാത്യൻെറ 'പൂമുഖം'പോലെ, നാളികേരത്തിൻെറ 'വെള്ള' വാടിക്കരിയുന്നു. അപ്പോഠം, ഗോമയത്തിൽ മയങ്ങിമറിയാതെനിന്ന ചിരട്ടയ്ക്കു്, ആ ഉഷ്ണാവു് ദാക്ഷിണാത്യനിൽ സൂൎയ്യോഷ്ണാവു് എന്നപോലെ; ഒരു തണ്ണാപ്പില്ലായ്കയാണു തല്ക്കാലമുണ്ടാകുന്നതു്. കഴമ്പും കഴമ്പും

കൂടി കുത്തിവെയ്ക്കുമ്പോൾ അടുത്തവനും ആശ്രിതനുമായ ചിരട്ട തുല്യദുഃഖനായിത്തീന്നില്ല. അയൽപക്കക്കാരന്റെ ആപത്തുകളിൽ ആഹ്ലാദിക്കുന്നവൻ അചിരേണ അതിലും വലിയ ആപത്തിൽ ആപതിക്കും; നിൎവ്വികാരനായി നോക്കി നില്ക്കുന്നവൻ തനിക്കു വന്നുചേരുന്ന വിഷമഘട്ടങ്ങളിൽ നിസ്സഹായനായിബ്ഭവിക്കും; അനുഭാവം കാണിക്കുന്നവൻ കാണികളാൽ സമാശ്വസിക്കപ്പെടും; അയൽപക്കക്കാരന്റെ ആപത്തുകളിൽ അവനെപ്പോലെതന്നെ ആകുലപ്പെടുന്നവനാകട്ടെ, ആദ്യന്തം ആപത്തൊഴിഞ്ഞവനായിത്തീരും!

എന്നാൽ ഇത്രയും കഠിനനായ ആ ചിരട്ടതന്നെ ആദ്യത്തിൽ വളരെ മൃദുവായതും ആസ്വാദ്യമായതും ആയ ഒന്നായിരുന്നു. നല്ല വെള്ളക്കാരന്റെ ശരീരംപോലെ, ശൈശവത്തിൽ, ചിരട്ടയും വെളുത്തു തുടിച്ചതായിരുന്നു. ആ ചിരട്ട നുള്ളിയാൽ നുള്ളേൽക്കത്തക്കവണ്ണം 'തൊലിക്കനം' കുറഞ്ഞതായിരുന്നു. അന്നു് നാളികേരത്തിന്നകത്തു് ആ മനോഹരമായ ചിരട്ടയല്ലാതെ ചിരട്ടയ്ക്കകത്തു കഴമ്പുണ്ടായിരുന്നില്ല. അകത്തു കാമ്പു കൂടുംതോറുമാണു്, "ആ കാമ്പുറച്ചുവരുന്തോറുമാണു്, ചിരട്ടയ്ക്കു് കാഠിന്യവും കൂടിക്കൂടിവന്നതു്. സമ്പത്തില്ലാത്ത കാലത്തു മനുഷ്യർ അനുകമ്പാപരവശരും മൃദുലഹൃദയന്മാരുമായിരിക്കും. അന്നു് ഏതു് അധൎമ്മവും അവരെ വേദനിപ്പിക്കും. സമ്പാദ്യം കൂടുന്തോറും തൊലിക്കനം വൎദ്ധിച്ചുതുടങ്ങും. ഒടുവിൽ ധനികനായ മനുഷ്യൻ "മുറിച്ചാൽമുറിയാത്ത" ചിരട്ടയെപ്പോലെ കണ്ടിച്ചാൽ കണ്ടപ്പെടാത്ത നിഷ്കണ്ടകനായിബ്ഭവിക്കുന്നു. ത

ന്നൊക്കൊല്ലാതെ തന്റെ സമ്പാദ്യത്തിൽ കൈവെയ്ക്കുവാൻ, ചിരട്ട പൊട്ടിച്ചല്ലാതെ കഴമ്പെടുക്കുവാൻ പററാത്തതുപോലെ, സമ്പാദ്യക്കാരൻ സമ്മതിക്കുന്നില്ല.

ഇത്ര കാഠിന്യമുള്ള ഈ ചിരട്ടയ്ക്കും, ഏത്ര കക്ശന്റേയും ഹൃദയാന്തർഭാഗത്ത് എവിടെയെങ്കിലും ഒരു മൃദുലമായ സ്ഥാനമുള്ളതുപോലെ, ഒരു സന്ധിപ്പാടുണ്ട്. അതു കണ്ടുപിടിച്ചാൽ, കത്തിയുംവേണ്ട, കരിങ്കല്ലുംവേണ്ടാ, വെറുംകൈവിരൽകൊണ്ടു കുത്തിയാൽത്തന്നെ ചിരട്ട മുറിഞ്ഞുപോകും. ഏതെങ്കിലും ഒരു വിഷയത്തിൽ, അല്ലെങ്കിൽ ഒരാളുടെ അടുക്കൽ, അതുമല്ലെങ്കിൽ ചില സന്ദർഭത്തിൽ, പിശുക്കന്മാരുടെ ചക്രവർത്തിയും ധാരാളക്കാരനായ ദീപാളിപ്രഭുവാകുന്നതു സാധാരണ കണ്ടുവരുന്നതാണ്. "ആകാശം അധഃപതിച്ചാൽ"കൂടി അശേഷം കൂസാത്ത ചില ധൈര്യശാലികൾ ഏതോ ചില ചില്ലറസംഭവംനിമിത്തം അമ്പലകളെപ്പോലെ തേങ്ങിക്കരയുന്നതു കാണാം. ഈ പുറമേകാണുന്ന കാഠിന്യത്തിനും പിശുക്കിനും ധീരതയ്ക്കുമെല്ലാം ഒരതിരുണ്ട്. അതു വെളിപ്പെടുത്തുകതന്നെയാണ് ചിരട്ടയും ചെയ്യുന്നത്. ഉടയ്ക്കാത്ത നാളികേരം കയ്യിലെടുത്തു നാളികേരത്തിന്റെ 'മമ്മം'—സന്ധിസ്ഥാനം—കണ്ടുപിടിച്ച് അവിടെ പതുക്കെ വല്ല കോലുകൊണ്ടും ഒന്നു തട്ടിയാൽ, മുറിച്ചുവെച്ചപോലെ അതു രണ്ടു മുറിയായിക്കഴിഞ്ഞു. പക്ഷേ അതിനുള്ളസ്ഥാനം അറിയണം. അസ്ഥാനത്തിലുള്ള ശക്തിപ്രയോഗം അപല്ക്കരമാകുന്നു. സ്ഥാനഭ്രംശമാണ് സ്ഥാനികളെക്കൂടി ക്ലേശിപ്പിക്കുന്നത്.

കൊച്ചനായ തച്ചനും അച്ഛനായ തച്ചനും ചിരട്ടക്കയിലാണു കൈയിലാക്കുന്നതു്. ആശാരിക്കൊച്ചൻ ചിരട്ടക്കയിലുകുത്തി പണിപഠിക്കുന്നു. മുത്തച്ചനാശാരി കയിലുകുത്തി കാലംകഴിക്കുന്നു. പണിപഠിക്കുന്നവനും 'പഠിച്ചുപണിക്കരാ'യവനും പണിയുന്ന പണി ഒന്നുതന്നെയാണു്. വാൎദ്ധക്യം രണ്ടാംശൈശവമാണെന്നതു് എത്ര പരമാൎത്ഥം! മനുഷ്യൻ പുറപ്പെട്ടസ്ഥലത്തുതന്നെയാണു് ഒടുവിൽ ചെന്നുചേരുന്നതു്. ചിരട്ടക്കയിലുകൊണ്ടു തുടങ്ങിയ ആശാരി ചിരട്ടക്കയിലിൽത്തന്നെ ചെന്നവസാനിക്കുന്നു. തച്ചനും 'പെരുന്തച്ച'നും തമ്മിൽ വലിപ്പവ്യത്യാസമല്ലാതെ വൎഗ്ഗവ്യത്യാസമില്ല. തച്ചൻ ജീവജാലങ്ങൾക്കു പ്രത്യേകംപ്രത്യേകം ആലയങ്ങൾ നിൎമ്മിക്കുന്നു പെരുന്തച്ചനാകട്ടെ—സകലനിയന്താവായ ജഗദീശ്വരൻ—ജീവജാലങ്ങൾക്കു് ഒന്നിച്ചുകഴിഞ്ഞുകൂടുന്നതിനുള്ള ലോകമാകുന്ന ആലയം നിൎമ്മിക്കുന്നു. സൃഷ്ടിക്കുമുമ്പു് ഏതുപ്രകാരമോ, അപ്രകാരംതന്നെ പ്രളയത്തിനുപിമ്പും.

ചിരട്ടക്കയിലിന്റെ "തിരട്ടു" വായിക്കുന്നതു വലിയസദ്യകൾ വരുമ്പോഴാണു്. വലിയവരെ അറിയേണ്ടതു ചെറിയതുകൊണ്ടല്ലല്ലൊ. കല്യാണവും, മാസവും, സദ്യയും, സത്രവും സംപ്രാപ്യമാകുമ്പോൾ, കണക്കുകുറിക്കുന്നതു് "വൃദ്ധനായ കുട്ടിപ്പട്ട"രായാലും വേണ്ടില്ല, ആശായ്മ അവസാനിച്ചതുകൊണ്ടു കരയുന്ന കരയിലെ ആശാനായാലും വേണ്ടില്ല "ചിരട്ടക്കയിൽ എണ്ണം ഇത്ര" എന്നു മറക്കാതെ കുറിക്കാതിരിക്കയില്ല. ചിരട്ടക്കയിലെ! നിന്നെ നിത്യവും ഉപയോഗിച്ചിരുന്ന മലയാളിയുടെ ദാരിദ്ര്യം വൎദ്ധിച്ചുവൎദ്ധിച്ചു് നി

ന്നെ വല്ലപ്പോഴും ചിലപ്പോൾ കടംകൊണ്ടു കല്യാണം കഴി ക്കുന്ന കട്ടുംകയ്യോട്ടുകൂടിമാത്രം കാണത്തക്കവണ്ണം മലയാളി കൾ തിരെ "ഓട്ടക്കയ്യന്മാരാ"യിത്തീർന്നിരിക്കുന്നു. പണ്ടു ചിരട്ടക്കയിലിന്നു കുടിലിലും കൊട്ടാരത്തിലും എന്നും ഒന്നു പോലെ സ്വാഗതം സിദ്ധിച്ചിരുന്നു. ഇന്നത്തെ കൊട്ടാര ങ്ങൾ ചിരട്ടക്കയിലന്വേഷിക്കുന്നതു മഹാസത്രങ്ങൾ നടക്കു മ്പോൾ മാത്രമാണ്. കാലം കളങ്കപ്പെടുത്താത്തവയാണു കുടിലുകൾ. കൊട്ടാരങ്ങൾക്കും അവിടത്തെ പരിഷ്കാരകോ ലാഹലത്തിനും, ചിരട്ടക്കയിലുകളെ എന്നെന്നേയ്ക്കുമായി ബഹിഷ്കരിക്കുന്നതിനു സാധിച്ചിട്ടില്ല. "എന്തായാലും കു ലുങ്ങാത്തൊരു കുടിലുകളേ! നിങ്ങൾതാൻ ഭാഗ്യവാന്മാർ" വ ലിയ വൃക്ഷങ്ങളല്ലാതെ ചെറിയ ചെടികൾ കൊടുംകാറ്റേ റ്റു കടപുഴങ്ങി വീഴാറില്ല. ഉയർച്ചയിൽ ഉയരംമാത്രമല്ല താ ഴ്ച്ചയ്ക്കുള്ള കാരണംകൂടി കലൎന്നു കിടക്കുന്നുണ്ടു്.

ഇന്നുള്ളവർ, ചിരട്ട, കയ്യിലെടുക്കുവാൻ ചൊടിച്ചാലും മാറത്തേററുവാൻ മടിക്കാറില്ല. കുപ്പായക്കുടുക്കുകളിൽ കുടു ങ്ങി നില്ക്കുന്ന ചിരട്ടക്കഷണം വേഷപ്പകർച്ചയിൽ പകച്ചു നില്ക്കുന്ന ഇന്നത്തെ പരിഷ്കാരിയെ പല്ലിളിപ്പിക്കുന്നു. "പി ണ്ണാക്കുതിന്നി" എന്നു പരിഹസിച്ചപ്പോൾ പല്ലുകടിച്ചെ ത്തിയ പറങ്ങോടപ്പണിക്കർ, ശീമക്കാരന്റെ "വിസ്കോത്തു" നാട്ടുകാരന്റെ പിണ്ണാക്കിനെ കുപ്പായം ധരിപ്പിച്ചതാണെ ന്നു ധരിച്ചപ്പോൾ തല താനേ താഴ്ത്തിപ്പോയി. അല്ല യോ ചിരട്ടക്കിടാവേ! നിന്നെ മഹാന്മാർപോലും കുപ്പായക്കു ടുക്കുകൾ എന്ന വ്യാജേന മാറത്തേററി മാനിക്കുന്നു! അവരു ടെ കുപ്പായത്തിന്റെ കയ്യിലെ കുടുക്കിലും ചിരട്ടയെക്കാണു

കയാൽ, ചിരട്ടക്കയിലായിട്ടല്ലെങ്കിലും അവക്കും ചിരട്ട കയ്യിലുണ്ടെന്ന കണ്ടുവല്ലൊ.

നാട്ടിന്റെ നേട്ടത്തെ നാട്ടാര നോക്കാഞ്ഞാൽ ഒടുവു "നട്ടംതിരിഞ്ഞു തീപ്പെട്ടേ"ണ്ടിവരും കേരം കേരളത്തിന്റെ അഭിമാനവും, ആഹാരവും, ആനന്ദവും ആകുന്നു. ചിരട്ട കേരത്തിന്റെ സാരത്തെ സംരക്ഷിക്കുന്നു. കയ്യിലെടുത്ത ചിരട്ടയാകുന്നു ചിരട്ടക്കയിൽ. ചിരട്ടയെ പിരട്ടിയാൽ പിന്നീടു ചിരട്ടയെടുക്കേണ്ടിവരും. ചിരട്ടക്കയിൽ സകല കൈയിലും പരിലസിക്കട്ടെ. ശ്രീപത്മനാഭസ്വാമിയുടെ തിരുനിവേദ്യംകൂടി കനകംപൊതിഞ്ഞ ചിരട്ടയിലാണത്രെ. അവിടന്ന് അനുഗ്രഹിച്ച ചിരട്ട സർവ്വോൽക്കർഷേണ വത്തിക്കട്ടെ.

പുത്തേഴത്തു രാമൻമേനോൻ.

# കളി.

---

ഞാനൊരു വൈയാകരണനൊ, നിരുക്തവിദഗ്ദ്ധനോ ആയിരുന്നെങ്കിൽ, "കളി" ശബ്ദത്തിന്റെ ഉത്ഭവം, പരിണാമം, ഉപയോഗം ഇവയെപ്പററി "ശാസ്ത്രീ"യമായ ഒരു ഗവേഷണംതന്നെ മുഖവുരയായി നടത്തിക്കളഞ്ഞേനെ. കളി, കിളി, കുളി ഇത്യാദി ശബ്ദങ്ങളുടെ സാഹോദര്യം; കളിയിൽ നിന്നാണു കലിയുണ്ടായതെന്നു സമർത്ഥിക്കുന്നതിനു വേണ്ട വാദസാമഗ്രികൾ; ചീട്ടുകളി, കഥകളി, കളിയാട്ടുക, കളിപറയുക, കളിയാക്കുക, കളിയാകുക, കളിപ്പിക്കുക മുതലായ പ്രയോഗങ്ങളിലെ കളികൾ തമ്മിലുള്ള വ്യത്യാസം; തെങ്ങുകളിലെ "കള്ളും" തെരുവീഥി'കളി'ലെ കളിയും തമ്മിലുള്ള സജാതീയമൈത്രി, മുതലായവയെപ്പററി വിമർശിച്ചു്, രസാവഹങ്ങളായ പല പുതിയ 'തിയറി'കളെ അവതരിപ്പിച്ചു്, ഖ്യാതി നേടുവാനുള്ള ഒരു സുവർണ്ണാവസരത്തെ എനിക്കു നഷ്ടമാക്കിയ എന്റെ അജ്ഞതയെ ഞാൻ ശപിക്കതന്നെ ചെയ്യുന്നു! മററുള്ളവരെ അത്രമാത്രം കുറച്ചു മുഷിപ്പിച്ചാൽ മതിയല്ലൊ എന്നൊരു സമാധാനവും ഇല്ലാതില്ല. 'കളി' പ്രയോഗവൈവിധ്യത്തിലെ ആശയശകലങ്ങളെ ഏകീകരിച്ചു്, അവയെ ഒരു "കളിക്കാര്യ"മാക്കി 'സ്വല്പ'മൊന്നുപന്യസിക്കാനാണു പുറപ്പാടു്.

'കളി'യുടെ ധാത്വർത്ഥമെന്തെന്നു് എനിക്കു നിശ്ചയമില്ല; എങ്കിലും, കളിയടയ്ക്ക, കളിമണ്ണു മുതലായ പദങ്ങളി

ലെ കളിശബ്ദംകൊണ്ടു നിർദ്ദേശിക്കപ്പെടുന്ന മൃദുത്വവും ഇള പ്പവുമാണു സാധാരണ കളിയിലേയും സ്ഥായിയായ ആശ യമെന്നു പറയുന്നതിൽ അബദ്ധമില്ലെന്നു തോന്നുന്നു. (കളി=കറുത്ത=കാളിമ, എന്നുള്ള 'അരസികൻ' അഭിപ്രായ ത്തോടു ആരു യോജിക്കും?) പ്രകൃതിയിൽ കളി ബാല്യത്തെ കുറിക്കുന്നു. ബാലന്മാരുടെ നൈസർഗ്ഗികമായ പ്രസന്നത യും പ്രസരിപ്പുമാണ് കളികളിൽ പ്രതിഫലിക്കുന്നത്. കളി, കുട്ടികളുടെ ഉടപ്പിറന്നവളാണ്. ചിന്താഭാരമോ, മനോവ്യ ഥയോ എന്തെന്നറിഞ്ഞിട്ടില്ലാത്ത പിഞ്ചുഹൃദയങ്ങളോടുകൂ ടിയ കുഞ്ഞുങ്ങളാണു കളിയുടെ മാധുര്യത്തെ ശരിയായി ആ സ്വദിക്കുന്നത്. കളിയും കാര്യവും തമ്മിൽ യഥാർത്ഥത്തിൽ വലിയ വ്യത്യാസമില്ല; ഒന്നിനു ഗൌരവം കുറയും, മറേറതി നു ഗൌരവം കൂടും; ഒന്നു ഇളപ്പമുള്ളതു, മറേറതു കടുപ്പമുള്ള തു്; ഒന്നിൽ വിനോദാർത്ഥം ഏപ്പെടുന്നു, മറേറതിൽ ആ ദായലബ്ധിക്കായി ശ്രമിക്കുന്നു; ഇത്രമാത്രമേയുള്ളൂ. ജീവിത മുറകളെ പരിശീലിപ്പിക്കുന്നതിനുള്ള പ്രകൃതിയുടെ കളരിയാ ണ് 'കളി'. അവയവങ്ങളെ ശരിയായി നിയന്ത്രിക്കുന്നതി നുള്ള പാടവവും, ശരീരായാസവും മൃഗങ്ങൾ സമ്പാദിക്കു ന്നതു് അവയുടെ കുട്ടിക്കാലത്തെ കളികളിൽ നിന്നാകുന്നു. ഒരു പൂച്ചക്കുഞ്ഞിൻെറ പന്തുകളിയും, തള്ളപ്പൂച്ചയുടെ എ ലിപിടിത്തവും നിങ്ങൾ സൂക്ഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ, പന്തുകളി എലിപിടിത്തത്തിൻെറ നിലത്തെഴുത്താണെന്നു നിങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടായിരിക്കണം. കുട്ടിക്കാലം വള ച്ചയുടെ പ്രത്യേകകാലമാണല്ലോ- വളരുന്തോറും ബലം വ ർദ്ധിക്കുന്നു. അന്നത്തെ കായബലം ജീവിതസമരത്തിനായി

വിനിയോഗിക്കപ്പെടാത്തതിനാൽ, ആവശ്യത്തിലധികമുള്ള ശക്തി 'ആലക്തിക'മായി രൂപാന്തരപ്പെട്ട്, രക്തസിരക ളിൽക്കൂടി കളിപ്രേരണയായി ആഗമനനിർഗ്ഗമനം ചെയ്യു ന്നു. കുട്ടികളുടെ കളി, അവരുടെ ഭാവിജീവിതചിത്രത്തി ൻെറ ഒരു "നക്കൽ" ആണെന്നു പറയാം; അവരുടെ ഭാവി ജീവിതം, ചെറുപ്പത്തിലെ കളികളുടെ ഒരു "ഗ്രാമഫോൺ" ആയിരിക്കും. പ്രായമുള്ളവർ ജീവിതസന്ധാരണോപകര ണങ്ങളെ സംഭരിക്കുന്നതിനായി ക്ലേശിക്കുന്നു; കുട്ടികൾ കളി വഴിയായി, മത്സരത്തിൽ വിജയികളാകുന്നതിനു പരിശീലി ക്കുന്നു. ഇങ്ങനെ, ചെറുപ്പകാലത്തെ കളിയും, ഭാവിജീവി തവും തമ്മിൽ അഭേദ്യമായ ചില കെട്ടുപാടുകളുണ്ട്. അതു കൊണ്ടാണ്, ഭാവിജീവിതഹർമ്മ്യനിർമ്മാണത്തിനു അടിത്തറ കെട്ടുന്ന വിദ്യാലയങ്ങളിൽ കളിക്ക് ഒരു ഉയർന്ന സ്ഥാനം നൽകേണ്ടതാണെന്ന് ആധുനികവിദ്യാഭ്യാസവിദഗ്ദ്ധന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നത്.

നമ്മുടെ പള്ളിക്കൂടങ്ങളിൽ കളിക്ക് ഇനിയും വേണ്ടി ടത്തോളം പ്രാധാന്യം നൽകിക്കാണുന്നില്ല. ക്ലാസിനു വെളി യിൽ നമുക്കും കളികൾ ധാരാളമുണ്ട്. നിർഭാഗ്യവശാൽ, മിക്ക പള്ളിക്കൂടങ്ങളിലും കളികളെ അനാവശ്യമായി ആംഗ ലീ'കരിച്ചു'കളയുന്നു. നാടൻകളികൾക്കു നാം കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണ്. അക്കാര്യം നിൽക്കട്ടെ. അധികൃതന്മാരുടെ ശ്രദ്ധ സവിശേഷം പതിയേണ്ടതു്, ക്ലാസുമുറിയിലെ കളിയുടെ കാര്യത്തിലാണ്. മുൻഷിസാറി ൻേറയും 'ഡ്രായിംഗു'മാസ്റ്റരുടേയും ക്ലാസുകളിൽ ധാരാളം കളി (കളിയാക്കലും കളിപ്പിക്കലും) ഇപ്പോഴുമുണ്ടെങ്കിലും,

മററു വിഷയങ്ങളുടെ പഠനത്തിൽ കുറേക്കൂടി നേരമ്പോക്കു കലൎത്താവുന്നതും കലൎത്തേണ്ടതുമാണു്. ഇക്കാൎയ്യത്തിൽ അമേരിക്കൻസ്കൂളുകളെ നമുക്കു മാൎഗ്ഗദൎശികളായി സ്വീകരിക്കാം. കച്ചവടംചെയ്തു കളിക്കുക, കോഴിവളൎത്തി കളിക്കുക, ഭവനം നിൎമ്മിച്ചു കളിക്കുക, പട്ടണം സ്ഥാപിച്ചു മുൻസിപ്പൽഭരണം നടത്തിക്കളിക്കുക മുതലായ 'കളിവഴി'കളിൽകൂടിയാണു് അവിടത്തെ പാഠരീതി നയിക്കപ്പെടുന്നതു്. തന്മൂലം കുട്ടികൾക്കു പഠനത്തിൽ കൂടുതൽ ഉത്സാഹവും, അവർ സമ്പാദിക്കുന്ന അറിവിനു കൂടുതൽ പ്രായോഗികതയും ഉണ്ടാകുന്നു. കളിവഴി പ്രകൃതിയുടെ വഴിയാകയാൽ, പഠിപ്പിക്കുന്നതിനു എളുപ്പവും, പഠിക്കുന്നതിനു രസവും പഠിച്ചതിനു ഗുണവും കൂടുന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ ചില മാമൂൽപ്രിയന്മാരായ അദ്ധ്യാപകന്മാൎക്കും, യാഥാസ്ഥിതികന്മാരായ രക്ഷകൎത്താക്കൾക്കും, കുട്ടികളുടെ കളി കാണുമ്പോൾ കലികേറുന്നു. ഇരുപത്തിനാലുമണിക്കൂറും—ഒരുദിവസം അതിലധികസമയമില്ലാത്തതു കുട്ടികളുടെ ഭാഗ്യം!—അവർ പഠനത്തിൽതന്നെ ബദ്ധശ്രദ്ധരായിരിക്കണമെന്നാണു് ഇക്കൂട്ടരുടെ ശാഠ്യം. ക്ലാസിൽ കടന്നാലുടൻ പട്ടാളക്കാരുടെ "അററൻഷൻ" സ്വീകരിച്ചു പഞ്ചപുച്ഛമടക്കി ഇരുന്നുകൊള്ളണം. ഒന്നു് ഉറക്കെ ചുമച്ചുപോയാൽ—ചില വികൃതിക്കുട്ടികൾ കരുതിക്കൂട്ടി ചുമയ്ക്കാറുണ്ടു്—ഉടനേ "ഗെറൌട്ട്" കല്പനയായി. വീട്ടിൽ ചെന്നാലും തഥൈവ. പുസ്തകം വായിക്കുന്നില്ലെങ്കിൽ വീട്ടുകാൎയ്യം നോക്കിക്കൊള്ളണം. വ്യായാമം വേണമെങ്കിൽ വിറകു വെട്ടുകയോ വാഴ നനയ്ക്കുകയോ ചെയ്താൽ മതിയത്രേ! കഷ്ടം! ബാലികാബാ

ലന്മാരെ സൎക്കസ്സുകാരുടെ മൃഗങ്ങളെപ്പോലെ കൂട്ടിലടച്ചു വളൎത്തുന്നതുമൂലമുള്ള ദോഷങ്ങൾ ചില്ലറയല്ലെന്ന ഇക്കൂട്ടർ അറിയുന്നില്ല. പക്ഷിമൃഗാദികൾക്കുപോലുമുള്ള ലീലാസ്വാതന്ത്ര്യം ഈ പാവപ്പെട്ട കുട്ടികളിൽനിന്ന തട്ടിപ്പറിക്കുന്നതു് എത്ര അന്യായം? അതോ പോകട്ടെ; ആരോഗ്യവും ഉന്മേഷവും നശിച്ചവരായി, പ്രകൃതിയുടേയും മനുഷ്യജീവിതത്തിന്റേയും മനോഹരവശങ്ങളെ കണ്ടാനന്ദിക്കുന്നതിന്ന പ്രാപ്തിയില്ലാത്തവരായി, അവർ വളൎന്നുവന്നു്, അവരുടെ ജീവിതം പാഴാക്കുന്നതിന്നു് ഇടവരുത്തുന്നതു് എത്ര ശോചനീയം? ശാന്തം! പാപം!!

ധാരാളം ചിരിച്ചും കളിച്ചും ജീവിക്കുന്നവൎക്കു് ആയുസ്സു കൂടുമെന്ന പറഞ്ഞുകേട്ടിട്ടുണ്ടു്. വിദ്യാൎത്ഥിദശയിൽ കളിയിലുള്ള വാസന വികസിപ്പിച്ചാൽ, ഗൃഹസ്ഥാശ്രമകാലത്തെ കാൎയ്യവിചാരക്ലാന്തത തീൎക്കുന്നതിനുള്ള വിശറിയായി അതിനെ വിനിയോഗിക്കാം. കളിക്കുന്നതോടുകൂടി, കളിപറയുന്നതിനും ഫലിതരസം ആസ്വാദിക്കുന്നതിനും പരിശീലിക്കേണ്ടതാണു്. പക്ഷേ, അതത്ര എളുപ്പമല്ല. ഫലിതമാണെന്ന കരുതി അസഭ്യാശയവിതരണം ചെയ്യുന്നവരും, പരിഹാസമെന്ന വ്യാജേന മററുള്ളവരെ മനഃപൂൎവ്വം അധിക്ഷേപിക്കുന്നവരും ധാരാളമുണ്ടു്. ചിലരുടെ നേരമ്പോക്കിന്ന രസികത്വം വളരെയുണ്ടെങ്കിലും, അതു ചിലപ്പോൾ അസമയത്തും അസ്ഥാനത്തും ആയിപ്പോകാറുണ്ടു്. സന്ദൎഭോചിതമായി, ദയാപൂൎവ്വം പരിഹസിക്കുന്നതിന്ന പ്രാപ്തിയുള്ളവർ ഭാഗ്യശാലികൾതന്നെ. ഭംഗിയായി "കലശലുകൂട്ടുന്ന"തിനും, രസികൻ ഫലിതങ്ങൾ പറയുന്നതിനും ഒരു

'സ്ക്രൂ'വെങ്കിലും അയഞ്ഞവക്കേ നിഷ്പ്രയാസം സാധി ക്കയുള്ളൂ എന്നു പറയുന്നതിൽ എന്തുമാത്രം വാസ്തവമുണ്ടെന്ന റിഞ്ഞുകൂടാ. അതു പരമാർത്ഥമായിരുന്നാൽ, ഒന്നല്ല നാലു 'സ്ക്രൂ' അയഞ്ഞാലും വിരോധമില്ല, ആ മഹാഭാ ഗ്യം കിട്ടുവാൻ കൊതിക്കുകതന്നെവേണം. ഫലിതരസാ സ്വാദനവാസന ഒരാളുടെ ജീവിതത്തെ കൊച്ചുകുട്ടികളുടേ തിനു തുല്യം ഉല്ലാസസമ്പൂർണ്ണമാക്കുന്നു. കൊച്ചുകുട്ടികളെ പ്പോലെയാകുന്നവക്കു മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശ നമുള്ളൂ വെന്നു ക്രിസ്തു പറഞ്ഞിട്ടുള്ളതിന്റെ സാരം, എല്ലാവ രും കൊച്ചുകുട്ടികളെപ്പോലെ ചിരിക്കുന്നതിനും കളിക്കുന്നതി നും പരിശീലിക്കണമെന്നായിരിക്കാനും മതി. മനോനൈ ർമ്മല്യം, പ്രസന്നത, വിശാലഹൃദയത്വം മുതലായ ശിശുസ ഹജമായ ഗുണഗണങ്ങളുള്ളവക്കു മാത്രമേ അവരെപ്പോലെ ഉന്മേഷത്തോടുകൂടി കളിയുടെ മാധുര്യം അനുഭവിപ്പാൻ കഴി യൂ. കളിമനഃസ്ഥിതിയുള്ളവർ ജീവിതത്തിലെ മഴവില്ലിനേ യും പുഷ്പങ്ങളേയും മാത്രം കാണുകയും, സംഗീതം മാത്രം ശ്ര വിക്കുകയും, സ്വാദുള്ള ഫലമൂലാദികളെ മാത്രം ഭുജിക്കുകയും ചെയ്യുന്നു. മുള്ളുകൾ ചവിട്ടുന്നതിനും, കൊടുങ്കാററിനെ ഭയ പ്പെടുന്നതിനും, കാർമേഘത്തെ വെറുക്കുന്നതിനും, ഉപ്പുതി ന്നുന്നതിനും അവക്കു ഇടവരുന്നില്ല- അവക്കു ലോകം ഒരു "ഇമിറേഷൻ" സ്വർഗ്ഗംതന്നെ ആയിരിക്കും.

മററുള്ളവരെ, കളിയാക്കാൻ എല്ലാവക്കും ബഹുരസമാ ണ്; പക്ഷേ അവരവരെപ്പററി ആരെങ്കിലും നേരമ്പോക്കു പറയുമ്പോഴാണു കള്ളി വെളിക്കാകുന്നതു്; മുഖം കറുക്കുന്ന തു്; മട്ടുമാറുന്നതു. ഇമ്മാതിരി ക്ഷോഭം പാടില്ല. പരി

ഹസിക്കുന്നതു മൊട്ടുസൂചികൊണ്ടു കുത്തുന്നതുപോലെയാണ്. സ്വല്പമൊരു വേദനയുണ്ടായേക്കാം. അതു സഹിക്കണം. തങ്ങളേപ്പററി അന്യർ പറയുന്ന നേരമ്പോക്കിൽ രസിക്കുവാൻ സാധിക്കുന്നതു്; വിശാലഹൃദയത്തിൻെറ പ്രത്യക്ഷലക്ഷണമാണ്. തങ്ങളെക്കൂടി ഉൾപ്പെടുത്തി ഫലിതം പറയുന്നതിനു യഥാർത്ഥസംസ്കാരം സിദ്ധിച്ചവൎക്കല്ലാതെ കഴിയുകയില്ല. ഒരു വ്യക്തിയേയെന്നപോലെ, ഒരു സമുദായത്തെയും ഈ മാനദണ്ഡംകൊണ്ടു് എളുപ്പത്തിൽ അളക്കാം. ചില സമുദായങ്ങൾക്കു്, അവരുടെ വേഷഭാഷാദികളെ മററുള്ളവർ പരിഹസിക്കുമ്പോൾ ശുണ്ഠിവരുന്നതു്, വിദ്യാഭ്യാസത്തിലും മററും അവർ പൊതുവേ പിന്നോക്കമായതുകൊണ്ടായിരിക്കണം. തൻെറ കുററങ്ങളെ മററുള്ളവരുടെ കണ്ണുകളിൽക്കൂടി കാണുന്നതിനും, 'കളിമനഃസ്ഥിതി'യോടുകൂടി അവയെ പരിഹസിച്ചു പരിഹരിക്കുന്നതിനും ഓരോരുത്തരും ശ്രമിച്ചാൽ, മനുഷ്യസമുദായം ദൈനന്ദിനം ഉയൎന്നുവരും.

കുട്ടിക്കാലത്തു നാം കളികളിൽ പ്രദർശിപ്പിക്കുന്ന ഉത്സാഹത്തോടും പ്രസന്നതയോടും കൂടി നമ്മുടെ എല്ലാ കൃത്യങ്ങളേയും കണിശമായി നിൎവ്വഹിക്കുന്നതിനു നാം സന്നദ്ധരായാൽ, നമ്മുടെ ജീവിതം എത്ര സുഖഭൂയിഷ്ഠമായിരിക്കും. അതിനാൽ കുട്ടികൾ ധാരാളം കളിക്കട്ടെ! യുവതീയുവാക്കന്മാരിൽ പാശ്ചാത്യരുടെ കളിഭ്രമം സംക്രമിക്കട്ടേ! യൌവനത്തോടു് അവസാനയാത്ര പറയാറായവർ കളി പരിശീലിക്കട്ടേ! പ്രപഞ്ചത്തിരയ്ക്കുള്ളിൽ ലീലാനിരതനായിരിക്കുന്ന 'ലോകഗുരു'വിൻെറ തിരുമുഖത്തുനിന്നുതന്നെ

അവർ കളി അഭ്യസിക്കട്ടേ! സൃഷ്ടിസ്ഥിതിസംഹാരലീല യാൽ ലോകാവനം ചെയ്യുന്ന സച്ചിദാനന്ദന്റെ ആനന്ദ ലഹരിയുടെ ഓഹരിക്കു ലഭിക്കണമെന്നുള്ളവർ അദ്ദേഹത്തെ അനുകരിക്കട്ടേ!

പ്രൊഫസ്സർ കെ. ജെ. അഗസ്റ്റിൻ
എം. ഏ. എൽ. റി.

---

G. Gopalakrishnapilli.

# ഗാഥി.

---

പരിചയംകൊണ്ടും അനുഭവംകൊണ്ടും മാത്രമെ ലോകസ്വഭാവം ശരിയായി മനസ്സിലാകയുള്ളു എന്നു് പറയുന്നതു് യഥാൎത്ഥമാണു്. ഇങ്ങിനെ മനസ്സിലാകുന്ന സംഗതികൾ സാധാരണയായി സന്തോഷത്തെയോ കൃതാൎത്ഥതയെയോ ഉണ്ടാക്കുന്നവയാണെന്നു് പറവാൻ ഞാൻ തയ്യാറില്ല. നേരെമറിച്ചു് ഇവ പലപ്പോഴും മനസ്സിനെ ദുഃഖിപ്പിക്കുന്നവയായിട്ടാണു് എൻെറ അനുഭവം. ചെറുപ്പകാലംമുതൽക്കു് ബഹുമാനത്തിന്നൎഹന്മാരെന്നു് നമ്മെ പഠിപ്പിച്ചു ധരിപ്പിച്ച പാത്രങ്ങളെ അവരുടെ പ്രവൃത്തികൊണ്ടു നേരേ വിപരീതസമ്പ്രദായക്കാരായി കാണുമ്പോൾ നമുക്കുണ്ടാകുന്ന ഉൽക്കണ്ഠ മനസ്സിന്നു ഒരിക്കലും കൃതാൎത്ഥതയെ ജനിപ്പിക്കുന്നതല്ലല്ലൊ. നമ്മെക്കാൾ പ്രായംചെന്നവരെയും, മീശനരച്ചവരെയും സമുദായത്തിൽ നല്ല നിലയുണ്ടെന്നു വിചാരിക്കപ്പെടുന്നവരേയും, ബഹുമാനിക്കണം എന്നു് മാതാപിതാക്കന്മാർ പഠിപ്പിച്ചതിൻെറശേഷം, മേൽപറഞ്ഞകൂട്ടരുടെ പ്രവൃത്തി നമ്മുടെ കുട്ടിപ്രായത്തുകൂടി ചെയ്യുവാൻ നമുക്കു് ദൈന്യതയുള്ളതരമായി വന്നാൽ ഈ ബഹുമാനം അൎഹതയില്ലാത്തതല്ലേ, എന്നാണു് ഞാൻ ചോദിക്കുന്നതു്.

പണം, ഉദ്യോഗം ഇവയൊന്നും ഒരാളുടെ സ്വഭാവഗുണത്തിൻെറയോ, സംസ്കാരത്തിൻെറയോ ലക്ഷണമല്ലെന്നു മനസ്സിലാക്കുവാൻ വളരെ പരിചയം വേണമെന്നു തോന്നുന്നില്ല. പാരമ്പൎയ്യം പലപ്പോഴും പ്രവൃത്തികളിൽ പ്രതി

ബിംബിച്ചു കാണാമെങ്കിലും. ചിലപ്പോൾ നല്ല അച്ഛനമ്മമാൎക്കു ദുൎമ്മാൎഗ്ഗികളായ പുത്രന്മാർ ഉണ്ടായിട്ടും കാണാറുണ്ടു്. ഇതിന്റെ കാരണം പറവാൻ അത്ര എളുപ്പമല്ല. എന്നാൽ ഒരു കാൎയ്യം തീൎച്ചയാണു്. ജന്മനാ സിദ്ധിക്കുന്ന ചില സ്വഭാവങ്ങൾ മേലാലുള്ള പ്രവൃത്തികൾക്കും ആശയങ്ങൾക്കും ബീജങ്ങളായി വരുവാനെ തരമുള്ളൂ. മത്തകുത്തിയിട്ടാൽ കുമ്പളം മുളയ്ക്കുകപതിവില്ല. കുമ്പളത്തിനെ എത്ര ശുശ്രൂഷിച്ചാലും അതു് വെള്ളരിയാകയുമില്ല. ജനനസിദ്ധമായ ചില സ്വഭാവങ്ങളിൽനിന്നുണ്ടാകുന്ന ഫലങ്ങളല്ലാതെ പുതുതായി ഒരു ഫലം ആ സംസ്കാരത്തിൽനിന്നു ഉത്ഭവിക്കുവാൻ തരമില്ല. അഞ്ഞൂറും ആയിരവും ഉറുപ്പിക മാസത്തിൽ വരവുള്ളവരും നാലുപുറത്തും പഞ്ചപുച്ഛമടക്കി സ്തുതിപാഠകന്മാരാൽ വളയപ്പെട്ടവരും, ആയ ചില "മഹാന്മാരുടെ" പ്രകൃതി എന്താണു ഇത്ര വികൃതമായിരിക്കുന്നതു് എന്നു് നമുക്കു് ചിലപ്പോൾ തോന്നിയേക്കാം. കാരണം ഞാൻ മുമ്പേ പറഞ്ഞതുതന്നെയാണു്. ധനസമ്പാദ്യവും സദ്ഗുണവും തമ്മിൽ യതൊരു ചാൎച്ചയുമില്ല. മനുഷ്യരുടെ പ്രകൃതിയിൽ ഈ സ്വഭാവം പലപ്പോഴും വ്യക്തമായിക്കാണാം. പത്തുറുപ്പിക ശമ്പളം വാങ്ങുന്ന ശിപായി ചെയ്യുവാൻ മടിക്കുന്ന ചില പ്രവൃത്തികൾ, ആയാളുടെ യജമാനൻ യാതൊരു 'ഗന്ധ്യവും നാണവും' കൂടാതെ പലപ്പോഴും ചെയ്യുന്നതായിക്കാണാം. ഇതാണു് സംസ്കാരഗുണമെന്നു പറയുന്നതു്.

ചിലരുടെ പദവി ജനസമുദായത്തിൽ എത്രതന്നെ താണതായിരുന്നാലും, അവരുടെ സംസ്കാരം ഹീനപ്രവൃത്തികളെ ചെയ്യുവാൻ സമ്മതിക്കുന്നതല്ല. നേരേമറിച്ചു്, മററു

ചിലക്ക് സമുദായത്തിൽ നില എത്രതന്നെ ഉയൎന്നതായാലും വാസന മുഴുവൻ ദുഷ്പ്രവൃത്തികളിലാണു്. ഇതിന്നു കാരണം പലപ്പൊഴും പാരമ്പൎയ്യത്തിൽനിന്നുതന്നെ സ്പഷ്ടമാകും. ഈ കാലത്തു യോഗ്യതയുടെ ഒരു ചിഹ്നം പണം ലഭിക്കുവാനുള്ള കൌശലമാണല്ലോ. ജീവിതത്തിൻെറ പരമോദ്ദേശ്യം ധനലാഭമാണെന്നും അസംഖ്യം ജനങ്ങൾ ധരിച്ചുവശായിട്ടുണ്ടു്. ഈ ആവശ്യത്തിലേക്കു്, സന്മാൎഗ്ഗത്തെക്കാൾ അധികം എളുപ്പമായിട്ടുള്ളതു് ദുൎമ്മാൎഗ്ഗമാണെന്നു്, പലക്കും തുറന്നുപറവാൻ മടിയുണ്ടെങ്കിലും, പ്രവൎത്തിക്കുവാൻ തീരെ ശങ്കയില്ലാതെയാണു നാം കണ്ടുവരുന്നതു്. ചക്കാട്ടുന്ന കാളയുടെ വാൽ ഒടിച്ചു വളച്ചു പരിചയിച്ചു കഷ്ടിച്ചു പണം സമ്പാദിച്ച ഒരു അച്ഛന്നു് ഈ കാലത്തു പണം സമ്പാദിക്കുവാൻ വിരുതനായ ഒരു മകൻ ഉണ്ടായി എന്നു വരാം. അങ്ങിനെയുള്ള ഒരു പുത്രന്നു് തറവാട്ടുവൈഭവം ആലോചിക്കേണ്ട ആവശ്യമേ ഇല്ല. അയാൾക്കു് ഒരു നിധി കിട്ടി എന്നു വരാം. ചില കൌശലപ്രയോഗങ്ങൾകൊണ്ടോ, മററുള്ളവരുടെ നെഞ്ഞത്തു കയറിയിട്ടോ ശമ്പളമോ സമ്പാദ്യമോ ധാരാളം ഉണ്ടായി എന്നുംവരാം. ഇതുകൊണ്ടു പാരമ്പൎയ്യസ്വഭാവം എങ്ങിനെയാണു് മാറുന്നതു്. തറവാടി ചെററയായാലും, ചെററ തറവാടിയായാലും രണ്ടു പന്തിരാണ്ടു് എന്നാണല്ലോ മലയാളത്തിലെ ചൊല്ലു്.

ഇങ്ങിനെ ചില സംഗതികളാണു പരിചയംകൊണ്ടു് എനിക്കറിവാൻ ഇടവന്നിട്ടുള്ളതു്. എൻെറ അനുഭവം പ്രത്യേകമാണെന്നും ഞാൻ വിചാരിക്കുന്നില്ല. പക്ഷെ കുട്ടിക്കാലത്തു മാതാപിതാക്കന്മാർ മന്ത്രിച്ചുതന്ന ചില ഉപദേ

ശങ്ങളും, പരിചയംകൊണ്ടു സിദ്ധിച്ച അനുഭവങ്ങളും രണ്ടും കൂടി നോക്കുമ്പോൾ അവതമ്മിലുള്ള അന്തരം എനിക്കു ഇന്നും വിസ്മയത്തിന്നു കാരണമായിവരുന്നു എന്നേ എനിക്കു പറവാനുള്ളു.

ഇതിൽനിന്നു വേറെ ഒന്നോ രണ്ടോ സംഗതികൾ കൂടി സ്പഷ്ടമാകുന്നു. ഒന്നാമതു ചെറുപ്പക്കാർക്കു മാതൃകയാക്കി വെക്കുവാൻ തക്കതായ പാത്രങ്ങൾ ഇപ്പോൾ നാം നമ്മുടെ ഇടയിൽ കാണുന്ന വയസ്സന്മാരാണോ എന്നു വളരെ ശങ്കിക്കണം. ഇവരിൽ നല്ലവരും നന്നല്ലാത്തവരും ഇല്ലെന്നില്ല. വയസ്സന്മാർക്കു ഇഹത്തിലുള്ള ആഗ്രഹം, നര കൂടിവരുന്നതോടുകൂടി പെരുത്തുവരുന്നതാണ്. നേരേ നിന്നു മത്സരിക്കുവാനുള്ള ശക്തിയും കുറയും. അപ്പോൾ അവർ തങ്ങളുടെ കാൎയ്യം സാധിക്കുവാൻ ചെയ്യുന്ന പ്രവൃത്തികൾ സാത്വികഗുണപ്രദമായി വരുവാൻ പ്രയാസം. വക്രഗതി ധാരാളം വേണ്ടിവരും. ഇതുതന്നെയാണു ലോകത്തിൽ കഴിഞ്ഞുകൂടുവാൻ നല്ല മാൎഗ്ഗം എന്നു ചെറുപ്പക്കാരും പഠിച്ചുതുടങ്ങിയാൽ, ലോകത്തിൻെറ ഭാവിയെപ്പററി ശ്രദ്ധമായി ആലോചിക്കേണ്ട കാലം അതിക്രമിച്ചു എന്നു പറയണം.

രണ്ടാമതു് ഈ ലോകം ചെറുപ്പക്കാരുടെയാണു്, വൃദ്ധന്മാരുടെയല്ല എന്നു സൎവ്വത്ര സമ്മതമായിക്കഴിഞ്ഞു. ഇതിന്നു വിപരീതാഭിപ്രായക്കാർ വയസ്സന്മാർ മാത്രമാണു്. ഇവർ കടൽവക്കത്തു നാശം വന്ന കപ്പലിൻെറ പലകകൾ അടിഞ്ഞുകിടക്കുന്നപോലെയാണു ലോകത്തിൽ ജീവിക്കുന്നതു്. ഇനിയത്തെ തിര വന്നാൽ അവരെ പിന്നെ നാം കാണുകയില്ല. ഇവരിൽ മിക്കവരുടേയും ഒരു ഓൎമ്മതന്നെ

വളരെ സന്നിഗ്ദ്ധമായിരിക്കും. ജനസമുദായത്തിന്റെ അഭ്യുദയത്തിന്നു ചുമതലക്കാരായി വരുന്നതു ചെറുപ്പക്കാരാണ്. ലോകഗതി നന്നായി വരണമെങ്കിൽ ഇവരെ സന്മാർഗ്ഗത്തിൽ പ്രവർത്തിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. ഇപ്പോൾ നരച്ച്. "പ്രാഞ്ചിക്കിതച്ച്", ഒഴിച്ചാലും പോകാത്ത ബാധ എന്നപോലെ ഓരോ സ്ഥാനം പിടിച്ചു കുത്തിയിരിക്കുന്നവരെ അനുകരിച്ചു ചെറുപ്പക്കാരും തുടങ്ങുകയാണെങ്കിൽ ഈ ലോകത്തിന് ഉൗർദ്ധ്വഗതിയുണ്ടെന്നു പറവാൻ ഞാൻ തയ്യാറില്ല. മരണശേഷം അവർ പോകുന്ന സ്ഥലത്തേക്കു പോകുക എന്ന സംഗതിതന്നെ എനിക്ക് ആലോചിക്കുമ്പോൾ ആ ചിന്ത ഉറക്കത്തിന്നു വളരെ വിഘ്നമായിട്ടു വരുന്നുണ്ട്.

എന്നെ സംബന്ധിച്ചിടത്തോളം, എനിക്കു വയസ്സനാകുന്നതിനുള്ള ഒരു വിരോധം, ഇവരുടെ മാതിരിയുള്ള ആശയം എനിക്കും വന്നാലൊ എന്നുള്ള ഏകഭയമാണ്. മനസ്സിന്റെ കൌതുകവും രസികത്വവും മുഴുവൻ പോയി. വളരെക്കാലമായി ഇടുക്കിൽ സ്ഥിതിചെയ്യുന്ന എട്ടുകാലിയെപ്പോലെ, സദാ ഇര വരുന്ന തഞ്ചം നോക്കി കാലം കഴിക്കുക എന്ന കാര്യം വിചാരിക്കുവാൻകൂടി മനസ്സിന് അസഹ്യതയാകുന്നു. ഒരു മനുഷ്യന്റെ ഗതി എന്താണെന്ന് ഏകദേശം നാല്പത്തഞ്ചു വയസ്സിനിടയ്ക്കറിയാം. സൽബുദ്ധികൾ അതിന്റെ ശേഷവും അങ്ങനെതന്നെ സൽബുദ്ധികളായിരിക്കും. ദുർബുദ്ധികളുടെ വൈകൃതം ഓരോ വയസ്സു കൂടുന്തോറും ദ്വിഗുണീകരിച്ചും വരും. റെനാൻ എന്നൊരു മഹാൻ ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്.

ഡാക്ടർ എ. ആർ. പൊതുവാൾ എം. ഡി.

# ജീവിതസംഗീതം.

"മനുഷ്യശരീരം ഒരു സംഗീതയന്ത്രവും, മനസ്സ ഗായകനും, ആത്മാവു ഗാനവും ആകുന്നു" എന്നു സുപ്രസിദ്ധ ഡാക്ടരായ ഹിൻഡിലാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഗാനം പരിപൂൎണ്ണതയിൽ എത്തുന്നതിനു സാമഗ്രിയാതൊരു കേടും കൂടാതെയുള്ളതും വിശേഷപ്പണികളോടുകൂടിയതും ആയിരിക്കണം; അതുപോലെ ഗാതാവു സംഗീതശാസ്ത്രത്തിൽ അതിനിപുണനും അതിലെ തത്വങ്ങൾ ഗ്രഹിച്ചു പ്രയോഗിച്ചു നല്ല തഴക്കം സമ്പാദിച്ചിട്ടുള്ളവനും ആയിരിക്കണം. ഇങ്ങിനെ ആലോചിച്ചു നോക്കുന്ന പക്ഷം ജീവിതഗീതത്തിനു വേണ്ടതായ ആസ്വാദ്യത ഉണ്ടാകണമെങ്കിൽ ഗാനയന്ത്രമായ ഗാത്രവും ഗായകനായ മനസ്സും ശരിയായ നിലയിൽ പ്രവൎത്തിക്കുന്നതിനു പ്രവീണമായിരിക്കണമെന്നു കാണാവുന്നതാകുന്നു.

സംഗീതയന്ത്രം കേടുപിടിച്ചതോ അതിൻെറ ഭാഗങ്ങൾ തേഞ്ഞുമാഞ്ഞതോ നശിച്ചുപോയതോ ആയിരുന്നാൽ ഭാഗവതർ എത്ര സമൎത്ഥനായിരുന്നാലും ആ യന്ത്രത്തിൽനിന്നു മധുരമായ ഗീതി നിൎഗ്ഗളിപ്പിക്കുന്നതിനു സാധിക്കയില്ല. അതുപോലെ പാട്ടുകാരൻ ഗാനശാസ്ത്രതത്വങ്ങളെ ഗ്രഹിക്കാത്തവനായിരുന്നാൽ ഒരൊന്നാന്തരം സംഗീതയന്ത്രം കിട്ടിയാലും ശ്രവണാനന്ദകരവും ഹൃദയാവൎജ്ജകവുമായ പാട്ടു പുറപ്പെടുവിക്കാൻ കഴിയുകയില്ല.

ആരോഗ്യരൂപത്തിൽ ഇന്ദ്രിയഗോചരമാകുന്ന ആത്മസംഗീതം ആഗ്രഹിക്കുന്ന ഗാനരസികൻ ആദ്യമായി ചെയ്യേണ്ടതു ശരീരത്തെ രോഗവിഹീനമാക്കുകയാണ്. ഇതു സാധിക്കുന്നതിനു് ആരോഗ്യനിയമങ്ങൾക്കു് അനുസൃതമായ ജീവിതരീതി സ്വീകരിച്ചാൽ മതി.

ജീവിതംതന്നെ പരമാണുക്കളുടെ ചലനംകൊണ്ടാണു സിദ്ധിക്കുന്നതു്. പരമാണുക്കളുടെ ആന്ദോളനമാകട്ടെ സംഗീതത്തിനു് ഏററവും യോജിച്ച രീതിയിൽ നടക്കുകയും ചെയ്യുന്നു. ആ അണുചലനങ്ങളിൽനിന്നു് അതിമധുരവും എന്നാൽ കേവലശ്രവണങ്ങൾക്കു് അഗോചരവും ആയ സംഗീതം സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പൂർവചിന്തകന്മാരുടെ മതം അനുസരിച്ച ഓരോ ഗോളങ്ങളിലും ഉള്ളതായ ജീവികളുടെ ചലനങ്ങളിൽനിന്നു് ഉണ്ടാകുന്ന സംഗീതം ഇതരഗോളങ്ങളിൽ അതുപോലെ ഉണ്ടാകുന്നതായ സംഗീതവുമായി യോജിക്കുമ്പോൾ അത്യന്തവിശിഷ്ടമായ ഒരു സദിരായി പരിണമിക്കുന്നു. പ്രകൃതിനിയമങ്ങൾ അനുവത്തിച്ച ജീവിക്കുന്ന ജന്തുക്കൾ തങ്ങളുടെഭാഗം ഗാനം വേണ്ടവിധം നടത്തിപ്പോരുന്നു. എന്നാൽ മനുഷ്യൻ പ്രകൃതിയിൽനിന്നു വ്യതിചലിച്ച പ്രവത്തിക്കുക നിമിത്തം അവൻെറ ശരീരത്തിലെ പരമാണുക്കൾ ഗാനനിയമവിരുദ്ധമായി ചലിച്ച പലവിധരോഗങ്ങളാകുന്ന അപസ്വരങ്ങളെ ഉണ്ടാക്കുന്നു. ഇതുനിമിത്തം ഗോളമണ്ഡലസദിരിൽ മനുഷ്യഭാഗമായ ഗീതം കണ്ണുകഠോരവും ദുസ്സഹവുമായി തീരുകയും ബാക്കി ജീവികളുടെ ഗീതത്തിനുള്ള രസത്തെപ്പോലും നശിപ്പിക്കയും ചെയ്യുന്നു.

മേൽ പറയപ്പെട്ട സംഗതി ഒരു ഉദാഹരണംകൊണ്ടു സ്പഷ്ടമാക്കാം. സാധാരണ "പാണ്ടിവാദ്യ"ത്തിൽ തകിലും ശ്രുതിയും കൈമണിയും നാഗസ്വരവുംകൂടി ഒരേസമയം പ്രയോഗിക്കുമ്പോൾ ഉണ്ടാകുന്ന നാദങ്ങളുടെ ലയത്താൽ ജനിക്കുന്ന സംഗീതം കർണ്ണപീയൂഷവും ഹൃദയാനന്ദകവും ആയി അനുഭവപ്പെടുന്നു. എന്നാൽ ഈ യന്ത്രചതുഷ്ടയത്തിൽ ഓരോന്നും തമ്മിൽ യോജിപ്പില്ലാത്തവിധം അവതാളത്തിൽ പ്രയോഗിച്ചാൽ ഉണ്ടാകുന്ന അനുഭവം നേരേ വിപരീതമായിരിക്കും.

നാദം വായുവിൽ പലതരത്തിലുള്ള ആകൃതികളെ സൃഷ്ടിക്കുന്നുണ്ടു് എന്നും, സംഗീതാനുവർത്തിയായ ശബ്ദങ്ങളുടെ സങ്കലനം ചേതോഹരങ്ങളായ രൂപങ്ങളെയും, അവതാളത്തിലും അപസ്വരത്തിലും ഉള്ള ശബ്ദം ബീഭത്സങ്ങളായ വിരൂപങ്ങളെയും വായുമണ്ഡലത്തിൽ ഉണ്ടാക്കുന്നുണ്ടെന്നും ദിവ്യദൃഷ്ടിയുള്ള പുരാണമഹർഷികൾ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇതു് ഒരു പരമാർത്ഥമാണെന്നു് ആധുനികശാസ്ത്രജ്ഞന്മാർ പരീക്ഷണങ്ങൾ മാർഗ്ഗമായി പ്രത്യക്ഷത്തിൽ കാണിച്ചിട്ടും ഉണ്ടു്. മനോജ്ഞാകൃതികൾ നിർമ്മിക്കുന്ന ഗാനം സദ്വികാരങ്ങളെയും ആനന്ദത്തെയും, വിരൂപാകൃതികൾ നിർമ്മിക്കുന്ന അപസ്വരങ്ങൾ ദുർവികാരങ്ങളെയും സന്താപത്തെയും നൽകുന്നവയാകുന്നു.

ഒരു ഭാഗവതർക്കു സംഗീതയന്ത്രത്തെപ്പററി ഉണ്ടായിരിക്കേണ്ട പൂർണ്ണജ്ഞാനംപോലെ മനസ്സിനു തൻെറ പ്രവൃത്തിനിമിത്തം ശരീരത്തിൽ ഉണ്ടാകുന്ന ഫലങ്ങളെപ്പററിയും ശരിയായി അറിവു് ഉണ്ടായിരിക്കേണ്ടതാണു്. സംഗീതയന്ത്ര

ത്തെയും അതിൻെറ ഭാഗങ്ങളെയും അവയുടെ ഉപയോഗങ്ങളെയുംപററി അറിവില്ലാത്തവൻ അതിനെ ഉപയോഗിക്കാൻ തുടങ്ങിയാൽ സംഗീതം ഉണ്ടാകയില്ലെന്നു മാത്രമല്ല യന്ത്രത്തിന്നു കേടു തട്ടുകയും ചെയ്യും. അതുപോലെ ആരോഗ്യതത്വങ്ങൾ മനസ്സിലാക്കാത്ത ഒരുവൻ തൻെറ ശരീരത്തെ ഉപയോഗിക്കുന്നതായാൽ അതിന്നു കേടുതട്ടുക എന്നല്ലാതെ ആത്മസന്തുഷ്ടിയാകുന്ന ഫലം ഒരിക്കലും സിദ്ധിക്കുന്നതല്ല.

വേണ്ടവിധത്തിൽ സദാ ഉപയോഗിച്ചുകൊണ്ടിരുന്നുവെങ്കിലേ സംഗീതയന്ത്രം തുരുമ്പിക്കാതെ ഇരിക്കുകയുള്ളു. അതിൻെറ അംശങ്ങൾക്കു യോജിക്കാത്ത പദാൎത്ഥങ്ങളുടെ സ്പൎശമേററാൽ അവയ്ക്കു കേടുവരും. പ്രത്യുത അവയ്ക്കുയോജിച്ച വസ്തുക്കളുടെ സ്പൎശംകൊണ്ടു ഉറപ്പും സ്വരമാധുൎയ്യവും സിദ്ധിക്കുന്നതുമാണ്. ഇതുപോലെ മനുഷ്യശരീരത്തിന്നു യോജിക്കാത്ത സാധനങ്ങളുമായുള്ള സമ്പൎക്കംകൊണ്ടു കേടുതട്ടുകയും യോജിക്കുന്ന സാധനങ്ങളുടെ സംയോഗംകൊണ്ടു ഗുണം വൎദ്ധിക്കുകയും ചെയ്യും. ശരീരത്തിന്നു ദോഷം ചെയ്യുന്ന വസ്തുക്കളിൽവച്ചു അതിപ്രധാനമായതു ദുൎവ്വികാരങ്ങളും ഗുണം ചെയ്യുന്ന വസ്തുക്കളിൽ പ്രഥമഗണനീയമായിട്ടുള്ളതു സദ്വികാരങ്ങളും ആകുന്നു. ഒരു മാതാവിൻെറ അതികോപം അവളുടെ മുലപ്പാലിനെ വിഷംപോലെ മരണകരമാക്കിത്തീൎക്കുകയും അതു കുടിക്കാൻ ഇടയായ അവളുടെ ഓമനക്കുഞ്ഞു് ഉടനടി മരിച്ചുപോവുകയും ചെയ്തതായ ഒരു സംഭവം ബർനാർമക്ഫാഡൻ സ്വഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. മററു ദുൎവ്വികാരങ്ങളും ഇമ്മാതിരി ഭയാനകഫലങ്ങളെ ജനിപ്പിക്കുന്നവയാണ്.

പ്രപഞ്ചം പലവിധമുള്ള സംഗീതയന്ത്രങ്ങളും ഉപകരണങ്ങളുംകൊണ്ടു് നടത്തപ്പെടുന്ന ഒരു വലിയ സദിരായി ഗണിക്കപ്പെടാവുന്നതാണ്. ഇതിലെ ഓരോ ഗോളവും ഓരോ പ്രധാനഗായകനും ഗോളനിവാസികൾ മേളക്കാരുമാകുന്നു. മേളക്കാരിൽ ആരെങ്കിലും അവതാളമോ അപസ്വരമോ ഉണ്ടാക്കുന്നതായാൽ ഗോളസംഗീതവും അവതാളത്തിലും അപസ്വരത്തിലും കലാശിക്കും. അപ്പോൾ അഖിലഗോളങ്ങളും മേളിച്ചുള്ള ബ്രഹ്മാണ്ഡസദിരും അബദ്ധത്തിലാകുന്നതാണ്. ആയതുകൊണ്ടു ബ്രഹ്മാണ്ഡസദിർ ശരിയായി വിജയത്തിൽ കലാശിക്കുന്നതിന് അതിൽ ചേൎന്നിരിക്കുന്ന എല്ലാ അംശങ്ങളും തങ്ങളുടെ ഗാനയന്ത്രത്തെ അഭംഗുരമായി സൂക്ഷിക്കുകയും സംഗീതജ്ഞാനം നല്ലവണ്ണം സമ്പാദിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു.

ITHITHANAM PUBLIC LIBRARY
Reg No. 3551
CHANGANACHERRY.
MALAKUNNAM P.O.

ആരോഗ്യം സമ്പാദിക്കേണ്ട കൎത്തവ്യം ഓരോ മനുഷ്യനും ഉണ്ടു. ഈ കൎത്തവ്യത്തെ നിറവേററാത്ത ഓരോരുത്തനും ബ്രഹ്മാണ്ഡത്തോടുള്ള തന്റെ കടമയെ നിറവേററാത്ത കൃത്യബോധരഹിതനും, തനിക്കും തന്റെ അനവധി ചരാചരബന്ധുക്കൾക്കും വലിയ അപരാധത്തെ ചെയ്യുന്നവനും ആകുന്നു. സ്വശരീരത്തെ ഇഷ്ടംപോലെ വിനിയോഗിക്കാനുള്ള അവകാശം തനിക്കുണ്ടു് എന്നു വാദിക്കുന്നവൻ ഈ തത്വം വിസ്മരിച്ചുപോകുന്നു. എന്തുകൊണ്ടെന്നാൽ സ്വശരീരത്തെ രോഗാധീനമാക്കുന്നവൻ തനിക്കു മാത്രമല്ല കഷ്ടപ്പാടും അല്പായുസ്സും നിൎമ്മിക്കുന്നതു്; പിന്നെയോ, തന്റെ ബന്ധുക്കൾക്കും അയൽപക്കക്കാൎക്കും, നാട്ടുകാൎക്കും കിംബ

ഹ്മനാ ബ്രഹ്മാണ്ഡത്തിന്റ ഒട്ടുക്കും തന്റെ കഷ്ടതയെ വിതരണം ചെയ്യുന്നവനാണു്.

ഗോളവാസികളിൽ ഒരാൾ അവതാളത്തിലോ അപസ്വരത്തിലോ പാടിയാൽ അയാളുടെ അടുത്തിരിക്കുന്നവന്റെ താളവും സ്വരവും തെററുകയും ഇങ്ങിനെ ക്രമേണ മററുള്ളവരെയും ആ തെററു ബാധിക്കയും ചെയ്യും. തൽഫലമായി ഗൌളികസംഗീതം അവതാളത്തിലും അപസ്വരത്തിലും പതിക്കും. അപ്പോൾ ബ്രഹ്മാണ്ഡസദിർതന്നെ അപജയത്തിൽ കലാശിച്ചേക്കും. അതുകൊണ്ടു് ഓരോ മനുഷ്യനും തന്റെ ഭാഗം മേളം തെററിക്കാതെയിരിക്കാൻ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണു്. അങ്ങിനെയായാൽ ആ കച്ചേരിയുള്ള മേളം വിജയകരമായിത്തീരും. അതായതു ലോകം മുഴുവനും പ്രകൃതിനിയമം അനുസരിച്ചു ജീവിക്കുന്ന ജീവികളെക്കൊണ്ടു നിറയുകയും, കായികമാനസികരോഗങ്ങളെല്ലാം അസ്തമിക്കുകയും, മനോഗായകൻ ശരീരയന്ത്രത്തിൽ കൂടി ദിവ്യമായ ആത്മസംഗീതം പുറപ്പെടുവിച്ചു പരമാണുക്കളെ സുഖനൎത്തനം ചെയ്യിച്ചു് സകല ഗോളങ്ങളെയും അനുഗാനംചെയ്യിച്ചു പ്രപഞ്ചത്തെത്തന്നെ ശാന്തമധുരമായ പരമാനന്ദസദിരിൽ ലയിപ്പിക്കുകയും ചെയ്യുന്നതാണു്.

വെണ്മണി കെ. രാമവാര്യർ ബി. ഏ; ബി. എൽ.

# ആദർശസ്വീകരണം

ദശാസന്ധി പലവിധത്തിലും പല മാററങ്ങൾക്കും കാരണമാണെന്നാണ താന്ത്രികസിദ്ധാന്തം- മതം, ആചാരം, ഭരണം മുതലായ ഓരോ വിഷയത്തിലും വളരെ പുരാതനകാലം മുതല്ക്കുതന്നെ അനുവൎത്തിച്ചുവന്നിട്ടുള്ള വ്യവസ്ഥകൾ ചില കാലങ്ങളിൽ പെട്ടെന്നു വ്യതിചലിച്ചു നഷ്ടപ്രായങ്ങളായിത്തീരുകയും, പൂൎവ്വാവസ്ഥയിൽനിന്ന് എത്രയോ വ്യത്യസ്തങ്ങളായ പല മാററങ്ങളും അവയ്ക്കു ഉണ്ടായിത്തീരുകയും ചെയ്യുന്നതു് അതാതുവിഷയങ്ങൾക്കുണ്ടാകുന്ന ദശാസന്ധിയുടെ ഫലമാണ്. ബുദ്ധമുനി, ശ്രീശങ്കരാചാൎയ്യൻ മുതലായവരുടെ ജീവിതകാലത്തിൽ മതസംബന്ധമായി ഗണ്യമായ മാററങ്ങൾ സംഭവിച്ചിട്ടുണ്ടെന്നു കാണാം. അതുകൊണ്ടു ആ മഹാന്മാരുടെ അവതാരകാലം മതത്തിന്റെ ദശാസന്ധ്യവസരമായിരുന്നു എന്നു മനസ്സിലാക്കാം. ഇങ്ങിനെ നോക്കുന്നതായാൽ പൂൎവ്വോത്തരാവസ്ഥകൾ തമ്മിൽ ഉണ്ടാകുന്ന സംഘട്ടനാവസരങ്ങളിൽ ദേശകാലസ്ഥിതികളുടെ താരതമ്യത്തെ പരിച്ഛേദിച്ചു മനസ്സിലാക്കി, ലോകത്തിന്റെ നിരന്തരമായ ഉൽക്കൎഷത്തെ പുരസ്കരിച്ചു പ്രവൎത്തിക്കത്തക്ക ആത്മശക്തിയും, ആജ്ഞാബലവുമുള്ള മഹാപുരുഷന്മാർ ഉണ്ടായിട്ടുണ്ടെന്നു കാണാം. ഈ മാതിരി സന്ധ്യവസരത്തെ മഹത്തരങ്ങളായ രണ്ടു ശക്തികളുടെ ഗംഭീരസമരസന്ദൎഭമെന്നും പറയാം. പ്രചാരത്തിലിരിക്കുന്ന പഴയ നടപടിക്രമത്തിന്റെ വിദ്ധ്വംസനത്തിൽ അസഹി

ണ്ണുക്കളായ ഉറച്ച യാഥാസ്ഥിതികന്മാർ ഒരുഭാഗത്തും, നവീനമായ ഒരു പ്രസ്ഥാനത്തെ പ്രചാരത്തിൽ കൊണ്ടുവരുവാൻ ഉൽസുകരായ ഉൽപതിഷ്ണുക്കൾ മറ്റൊരുഭാഗത്തും നിന്നു പോരാടുന്ന ഇരുകക്ഷികൾക്കും ഒരുവിധം ആദർശപരിശുദ്ധിയും ഉൽക്കർഷത്തിൽ ഉൽക്കണ്ഠയും ഉണ്ടായിരിക്കുന്നതാണ്. ഈ വാസ്തവത്തെ രണ്ടുകൂട്ടരും അന്യോന്യം മനസ്സിലാക്കാതെ, ബാഹ്യങ്ങളായ പ്രവൃത്തികളിൽ കാണുന്ന പ്രാതികൂല്യം മാത്രം ആസ്പദപ്പെടുത്തി പരസ്പരവിരോധം വൎദ്ധിപ്പിക്കുകയും, അവരവരുടെ സ്ഥിതിക്കനുരൂപമായ വിധത്തിൽ മത്സരിക്കുകയും ചെയ്യുന്നു. കാലാന്തരത്തിൽ ഒരു പക്ഷം ഇതരപക്ഷത്തിനു കീഴടങ്ങേണ്ടതായും വരുന്നു. വാസ്തവത്തിൽ പ്രതിപക്ഷികളുടെ ബാഹ്യങ്ങളായ പ്രവൃത്തികളിൽമാത്രം ദൃഷ്ടിവെക്കാതെ, അവരുടെ ആന്തരമായ ഉദ്ദേശത്തിന്റെ പരിശുദ്ധി അകൈതവത്വം മുതലായവയ്ക്കുള്ള യാഥാൎത്ഥ്യത്തെ നിൎമ്മത്സരബുദ്ധ്യാ പരീക്ഷിച്ചറിയുവാൻ ശ്രദ്ധിക്കുന്നപക്ഷം ഈ മത്സരസമരംതന്നെ ആവശ്യമില്ലെന്നു് ഇരുകൂട്ടൎക്കും ബോദ്ധ്യപ്പെടുന്നതാണ്. ബാഹ്യങ്ങളായ പ്രവൃത്തികളിൽ ഇരുകൂട്ടരും വിപരീതമായ പദ്ധതികളെ സ്വീകരിച്ചിരിക്കുന്നതായി കാണാമെങ്കിലും, പ്രാപ്യസ്ഥാനം ഒന്നുതന്നെയാണെന്നറിയുമ്പോൾ യോജിച്ചു പ്രവൎത്തിക്കുന്നതിനുള്ള മനസ്സും വിശ്വാസവും തനിയെ ഉണ്ടായിത്തീരുന്നതാണ്.

ഭരണവിഷയത്തിൽ ഭാരതഭൂമിക്ക് ഇതു ഒരു ദശാസന്ധികാലമാണെന്നു പറയാം. ഭാരതീയരുടെ ഉദ്ദേശങ്ങളേയും പ്രവൃത്തികളേയും മനോഭാവത്തേയും നവീനമായ ഒരു പ്രകാ

രഭേദം ആവേശിച്ചിട്ടുണ്ടെന്നുള്ളതു സുവ്യക്തമാണു്. വളരെ വത്സരങ്ങളായി സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചിരിക്കുന്ന ബ്രിട്ടീഷുഭരണത്തെ ഏതാണ്ടു് അതേസ്ഥിതിയിൽത്തന്നെ നിലനിറുത്തുവാൻവേണ്ടി ഒരു് പക്ഷക്കാരും, അതിനു വിപരീതമായി മറെറാരു ഭാഗക്കാരും പരസ്പരം ഒരു ഘോരസമരമാണല്ലൊ ഇപ്പോൾ നടത്തുന്നതു്. മതപരിവൎത്തനത്തിന്റെ ദശാസന്ധിയിൽ ബുദ്ധമുനി മുതലായവരെന്നപോലെ പ്രകൃതഘട്ടത്തിലെ അവതാരപുരുഷൻ മഹാത്മാഗാന്ധിതന്നെ. സത്യാഗ്രഹം, സഹനസമരം, നിസ്സഹകരണം മുതലായ നവീനങ്ങളായ പ്രസ്ഥാനങ്ങളെ അവതരിപ്പിച്ചു് ആ വഴിക്കു കാൎയ്യസിദ്ധിക്കുവേണ്ടി അദ്ദേഹവും അനുയായികളും പ്രയത്നം ചെയ്യുന്നു. വാസ്തവത്തിൽ സത്യാഗ്രഹം ധൎമ്മസ്ഥാപനത്തിനും അധൎമ്മനാശനത്തിനും പൌരാണികകാലത്തുതന്നെ പൂൎവ്വന്മാരാൽ സ്വീകരിക്കപ്പെട്ടിട്ടുള്ളതാണു്. ഭാരതഭൂമിയിൽ പലപ്പോഴും അല്പാല്പമായ രൂപഭേദങ്ങളോടുകൂടി സത്യാഗ്രഹത്തിന്റെ ആവിർഭാവവും നിരോധനവും ഉണ്ടായിട്ടുണ്ടെന്നു പുരാണങ്ങളിൽ സ്പഷ്ടമായി കാണാം സത്യാഗ്രഹപദത്തിന്റെ അൎത്ഥം ശരിയായി ഗ്രഹിച്ചാൽ ഈ സംഗതി നിഷ്പ്രയാസം മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. സത്യത്തിൽ ആഗ്രഹം എന്നോ സത്യത്തിനു ആഗ്രഹം യാതൊരു ക്രിയയിൽ ആകുന്നുവോ ആ ക്രിയയെന്നോ സാമാന്യമായി ആ പദത്തിനു് അൎത്ഥം ഗ്രഹിക്കാമെങ്കിലും, ആ പദംകൊണ്ടു വിവക്ഷിതമായ അൎത്ഥം അത്രമാത്രമല്ല, ആഗ്രഹമെന്ന പദത്തിനു 'ആസമന്താൽഗ്രഹണ'മെന്നൎത്ഥം പറയാം. ഗ്രഹണാശ

ബ്ദത്തിനു 'ഗ്രഹിക്കുക' എന്നും 'ഗ്രഹിപ്പിക്കുക' എന്നും താല്പര്യമുണ്ട്. 'ഗ്രഹ്' എന്ന ധാതുവിനു 'അറിയുക' എന്നോ 'സ്വീകരിക്കുക' എന്നോ അർത്ഥം പറയാവുന്നതാണല്ലോ. അതിനാൽ താത്വികമായ സത്യത്തിൽ സ്വയം സ്ഥിതിചെയ്തുകൊണ്ടു അന്യനെ, അതായത് അസത്യത്തിൽ സ്ഥിതനായിരിക്കുന്ന ഒരുവനെ, അതേസത്യത്തിലേക്കു നയിക്കുന്നതാണു 'സത്യഗ്രഹം'. ഒരു സത്യഗ്രഹിയുടെ ധർമ്മം സ്വയം താത്വികമായ സത്യത്തെ വേണ്ടതുപോലെ അറിഞ്ഞു് തന്റെ മനോവാക്കർമ്മങ്ങളിൽ അതിനെ സ്വീകരിച്ച് അനുഷ്ഠിക്കുകയും, മറ്റുള്ളവർക്കു സത്യബോധമുണ്ടാക്കിക്കൊടുത്ത് അവരെക്കൊണ്ടു് സ്വീകരിപ്പിക്കുകയും ചെയ്യുന്നതാണ്. അങ്ങിനെ നോക്കുമ്പോൾ രാമായണത്തിലെ മിക്ക ഭാഗങ്ങളും ഭാരതയുദ്ധം മുതലായവയും, 'സത്യഗ്രഹം'തന്നെയാണെന്നു പറയുന്നതിൽ അസാംഗത്യമുണ്ടാകുന്നതല്ല. അന്നത്തെ രാഷ്ട്രീയസ്ഥിതി അനുസരിച്ച് ശരവും ശാപവും ആ സത്യഗ്രഹിയോദ്ധാക്കൾ ആയുധങ്ങളായി ഉപയോഗിച്ചിരുന്നു എന്നുമാത്രമെ വ്യത്യാസമുള്ളു. എന്നാൽ ഇന്നുകാണുന്ന സ്വരൂപത്തിൽ സത്യഗ്രഹത്തിന്റെ ജന്മദാതാവ് മഹാത്മാ ഗാന്ധിതന്നെ. ഭാരതീയരുടെ ഇന്നത്തെ സ്ഥിതിക്കനുരൂപമായ വിധത്തിൽ സത്യഗ്രഹത്തെ പ്രായോഗികപദ്ധതിയിൽ കൊണ്ടുവന്നതു് അദ്ദേഹമാണല്ലോ. താത്വികമായ സത്യത്തിൽ സ്വയം സ്ഥിതിചെയ്യുന്നതാണു് സത്യഗ്രഹത്തിന്റെ ആദ്യപദ്ധതി എന്നു മഹാത്മജിയുടെ ജീവചരിത്രത്തിന്റെ ഓരോഭാഗവും സ്പഷ്ടമാക്കുന്നുണ്ടു്.

മഹാത്മജിയുടെ ഈ നയത്തിൽ അദ്ദേഹത്തിൻെറ അനുയായികളായി ഭാരതീയർ ആയിരക്കണക്കിനു കഷ്ടബന്ധംചെയ്തു് ഇറങ്ങി പുറപ്പെട്ടുന്നുണ്ടല്ലോ. നവീനങ്ങളായ ആദർശങ്ങളും ആശയങ്ങളും ഭാരതീയരുടെ മനോഭാവത്തെതന്നെ ആകമാനം ഒന്നു് ഭേദപ്പെടുത്തിട്ടുണ്ടെങ്കിലും, ഈ മനോഭാവം എത്രമാത്രം ദാർഢ്യത്തെ പ്രാപിച്ചിട്ടുണ്ടെന്നുള്ള സംഗതി പരിക്ഷിച്ചറിയേണ്ടതാണു്.

ലോകത്തിൽ അഭ്യുദയത്തിനുവേണ്ടി പ്രയത്നിക്കുന്നവർ രണ്ടുതരത്തിലാണു്. ചിലർ പലവിധത്തിലുള്ള അനുഭവങ്ങളിൽനിന്നും സ്വാത്മനാ കർത്തവ്യബോധം സമ്പാദിച്ചു പരിഷ്കൃതമാനസരായി ലോകത്തിൻെറ അഭ്യുദയത്തിനും ധർമ്മത്തിൻെറ സ്ഥാപനത്തിനുംവേണ്ടി സുസ്ഥിരമായി പ്രയത്നംചെയ്യുന്നു. അങ്ങിനെയുള്ള മഹാന്മാരെ ആദർശമായി സ്വീകരിച്ചു അവരെ അനുകരിച്ചുകൊണ്ടു മററു ചിലരും പ്രയത്നിക്കുന്നു. ഇതിൽ ആദ്യത്തെ തരക്കാരുടെ പ്രയത്നം സ്വയം സഞ്ചിതമായ ശക്തിയേയും സ്വാഭിപ്രായത്തേയും മാത്രം ആശ്രയിച്ചു വളരുന്നതാകയാൽ അതു സുസ്ഥിരമായി നിലനില്ക്കുകയും നാൾതോറും പുഷ്ടമായിട്ടു പരിപൂർണ്ണഫലത്തെ പ്രാപിക്കുകയും ചെയ്യുന്നതായി കാണാം. രണ്ടാമത്തെ തരക്കാരുടേതാകട്ടെ, അന്യവസ്തുവിൻെറ ശക്തിയുടെ പ്രേരണയാൽ ഉണ്ടായതാകകൊണ്ടു പലപ്പോഴും വർദ്ധിക്കുകയും അതുപോലെതന്നെ ക്ഷയിക്കുകയും ചെയ്യുന്നു; അതിനാൽ ഒന്നാമത്തെതരം പ്രയത്നംതന്നെയാണു് ഉത്തമമെന്നും രണ്ടാംതരം എപ്പോഴും രണ്ടാംതരം തന്നെയാണെന്നും സ്പഷ്ടമാകുന്നു. പക്ഷേ ജനസമുദായത്തിൽ ഭൂരി

പക്ഷവും രണ്ടാംതരത്തിൽ ചേരുവാനേ ശക്തമാകയുള്ളു. സാമാന്യേന മാന്യന്മാരെന്നു വിശ്വസിക്കപ്പെട്ടിട്ടുള്ളവരെ ആദർശമായി സ്വീകരിച്ചു അനുകരിക്കാനല്ലാതെ, സ്വയം ഒരു പുതിയ പന്ഥാവു നിർമ്മിച്ചു അതിലൂടെ സഞ്ചരിക്കുവാനുള്ള ആത്മശക്തി അധികംപേൎക്കും ഉണ്ടാകുന്നതല്ല. "യദ്യദാചരതിശ്രേഷ്ഠസ്തത്തദേവേതരോജനഃ സ യൽപ്രമാണം കുരുതേ ലോകസ്തദനുവൎത്തതേ" എന്നാണല്ലോ ഗീതാവാക്യം. സ്വയംരക്ഷയുടെ പ്രധാനരഹസ്യം സ്വയംശിക്ഷയാകയാൽ ഉത്തമമായ ഒരു ആദർശത്തെ സ്വീകരിക്കുവാൻ പുറപ്പെടുന്നവർ അവരവരുടെ മനസ്സിനെ അതിനു സന്നദ്ധമാക്കുന്ന കാൎയ്യത്തിൽ പ്രത്യേകം ദൃഷ്ടിവെയ്ക്കേണ്ടതാണു്. വേണ്ടവിധത്തിൽ സംസ്കരിക്കപ്പെടാത്ത മനസ്സിനു, മഹനീയങ്ങളായ ആദർശങ്ങളെ എന്നെന്നേക്കും പതിയത്തക്കവണ്ണം സ്വീകരിക്കുവാൻ സാധിക്കുന്നതല്ല. ഒരു ഉത്തമമായ ആദർശത്തെ അതിന്റെ യഥാർത്ഥസ്വരൂപത്തിൽ വീക്ഷിക്കുവാൻ വളരെക്കാലത്തെ പ്രയത്നം ആവശ്യമാണു്. ഏതെങ്കിലും ഒരുദ്ദേശത്തെ ലക്ഷ്യമാക്കി നിരന്തരമായി പ്രവൎത്തിക്കുവാൻ നമ്മുടെ ശരീരത്തിനുണ്ടാകുന്ന സന്നദ്ധത, ന്യായാന്യായങ്ങളെ വിവേചിച്ചറിയുമ്പോൾ മാത്രം നമ്മുടെ മനസ്സിനുണ്ടാകുന്ന ശക്തിയേയും, വിശ്വാസത്തേയും, ദാൎഢ്യത്തേയും ആശ്രയിച്ചിരിക്കുന്നതാണു്. അതുകൂടാതെ വിശിഷ്ടങ്ങളായ ആദർശങ്ങൾക്കുള്ള ഗൗരവത്തേയും അവയുടെ പ്രവൎത്തകന്മാരുടെ ആശയങ്ങൾക്കുള്ള ആഴത്തേയും മനസ്സിലാക്കുവാൻ യാതൊരു പ്രയത്നവുംചെയ്യാതെ, പെട്ടെന്നുണ്ടാകുന്ന ഒരു പരിഭ്രമംനിമിത്തം വെറും ഗതാനുഗതി

കതാപം മാത്രം കാട്ടിയതുകൊണ്ടു് ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയുണ്ടാകുമോ എന്നു സംശയമാണു്.

എന്നാൽ ഈ കാലത്തു് ആദർശസ്വീകരണം എത്രയോ എളുപ്പമായ ഒരു കാൎയ്യമായിത്തീൎന്നിട്ടുള്ളപോലെ തോന്നിപ്പോകുന്നു. സത്യഗ്രഹം, സഹനസമരം, നിയമലംഘനം മുതലായ പുതിയ പ്രസ്ഥാനങ്ങൾ ഒരുവിധം പരീക്ഷകളായിട്ടാണു സാധാരണക്കാർ കണക്കാക്കുന്നതു്. ഈ പരീക്ഷകളിൽ എങ്ങിനെയെങ്കിലും വിജയം നേടുന്നതു് ഒരു വിധം ധീരതയുടേയും, ലോകസേവനോൽസുകതയുടേയും ത്യാഗബുദ്ധിയുടേയും പൂൎണ്ണലക്ഷണമാണെന്നും വിശ്വസിക്കപ്പെട്ടുപോരുന്നുണ്ടു്. എന്നാൽ വിജയികളാണെന്നു് അഭിമാനിക്കുന്ന ചിലർ അവരെത്തിയതായി വിശ്വസിക്കുന്ന ഉന്നതസ്ഥാനം അവരിൽനിന്നു എത്രയോ വിദൂരത്താണെന്നു പറയാതെ തരമില്ല. ഇതു് എല്ലാവരുടേയും കാൎയ്യത്തിൽ വാസ്തവമാണെന്നു പറയാവുന്നതല്ല. നാം പലപ്പോഴും പ്രവൃത്തികളെപ്പററി അഭിപ്രായം പറയുന്നതു തൽകൎത്താക്കന്മാരെ നോക്കിയിട്ടു മാത്രമാണു്. ഒരേ പ്രവൃത്തിതന്നെ ചെയ്യുന്ന രണ്ടുപേരിൽ ഒരാൾ അഭിനന്ദനത്തിനും മറേറയാൾ ഹാസ്യത്തിനും പാത്രമായിത്തീരുന്നതു് അസാധാരണമല്ല. മിശ്രഭോജനം ചെയ്യുന്ന കാൎയ്യത്തിൽ 'നാറാണത്തുഭ്രാന്ത'നെ നിഷ്പ്രയാസം അനുകരിച്ച ബ്രാഹ്മണൎക്കു ദാഹശമനത്തിനു ലോഹദ്രാവകം പാനംചെയ്വാൻ സാധിക്കാഞ്ഞ കഥ പ്രസിദ്ധമാണല്ലോ. ശരീരത്തിന്റെ സ്വതന്ത്രവൃത്തിക്കധീനമായ പ്രവൃത്തികൾ മാത്രം ചെയ്യുന്നതു്, ആദ്ധ്യാത്മികശക്തിയേയോ സംസ്കൃതമനോവൃത്തിയേയോ അല്ല, വെ

വും അനുകരണസ്വാതന്ത്ര്യത്തെയാണു പ്രത്യക്ഷപ്പെടുത്തുന്നതു്. ഇന്നു 'മഹാത്മാ' മുദ്രയ്ക്കു് അർഹന്മാരാണെന്നു സ്വയം അഭിമാനിക്കുന്ന പലരുടേയും കാര്യത്തിൽ ഇതു് എത്രയോ വാസ്തവമാണെന്നു മനസ്സിലാക്കുവാൻ വലിയ വിഷമമില്ല. ഈ തരത്തിൽ പെട്ടവരുടെ പ്രവൃത്തികൾ ക്രമപ്രവൃദ്ധമല്ലാത്ത ചില ഗുണവിശേഷങ്ങളുടെ ഛായയെ മാത്രം പ്രകാശിപ്പിക്കുന്ന ഒരു സാഹസികമനോവൃത്തിയെ പ്രത്യക്ഷപ്പെടുത്തുവാനല്ലാതെ, മറെറാന്നിനും പര്യാപ്തങ്ങളാകുന്നില്ല. അതുനിമിത്തം ഇവരേയും ഇവർ ചെയ്യുന്ന പ്രവൃത്തികളേയും പററി രണ്ടഭിപ്രായക്കാരും ഉണ്ടായിത്തീർന്നിട്ടുണ്ടു്. വിശിഷ്ടമായ ഏതോ ഒരു മനോഭാവത്തിൻെറ നിഴലാട്ടം മാത്രമേ ഈ സാഹസികചിത്തവൃത്തി പ്രത്യക്ഷപ്പെടുത്തുന്നുള്ളു എന്നും, ഇതു് ഒരുവിധം ഹൃദയദൌർബ്ബല്യത്തിൻെറയോ അനുകരണഭ്രമത്തിൻെറയോ ലക്ഷണമാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. മഹാത്മാക്കളാൽ നിർദ്ദിഷ്ടമായ മാർഗ്ഗത്തെ സ്വീകരിക്കുന്നതു് ഏതു മനോഭാവത്തിൻെറ പ്രേരണകൊണ്ടായാലും അതു് ഒരിക്കലും അപലപനീയമല്ലെന്നും, അതിനെ സർവ്വവിധേനയും ആദരിച്ചു പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും അങ്ങിനെ ഒരു മഹനീയമായ ആദർശത്തിൻെറ ഛായയെ മാത്രം അനുസരിക്കുന്നതിൽ തന്നെ കൃതാർത്ഥതയ്ക്കവകാശമുണ്ടെന്നും അഭിപ്രായപ്പെടുന്ന മറെറാരു കൂട്ടരും ഉണ്ടു്. ഈ രണ്ടഭിപ്രായങ്ങളിലും ചില വാസ്തവങ്ങൾ ഇല്ലെന്നില്ല. ഏതായാലും യഥാർത്ഥമായ ത്യാഗബുദ്ധിയുടേയും, സ്വരാജ്യസ്നേഹത്തിൻേറയും സ്വാതന്ത്ര്യബോധത്തിൻേറയും ദാർഢ്യത്തെ ആസ്പദമാക്കി മാത്രമേ

ഭാരതഭൂമിയുടെ ആത്മികശക്തിയെ തല്ക്കാലം പരിഗണിക്കുവാൻ പാടുള്ളു എന്നും, അതിൽനിന്നു വിട്ടുകാണുന്ന ചേഷ്ടകൾ പുനരാവൃത്തിയേയോ സ്ഥിരതയേയോ സഹിക്കാത്ത ഒരു സാഹസികമനോഭാവം മാത്രമാണെന്നും വിചാരിക്കാവുന്നതാണു്.

സ്വയം സംസ്കാരത്തിനുള്ള മനസ്സോ, വാസനയോ, പ്രയത്നശീലമോ തീരെ ഇല്ലെന്നു സ്വന്തം പ്രവൃത്തികൾകൊണ്ടു പ്രത്യക്ഷപ്പെടുത്തുന്ന പലരും, സത്യഗ്രഹം നിയമലംഘനപ്രസ്ഥാനത്തോടു ബന്ധിക്കപ്പെട്ടപ്പോൾ സത്യഗ്രഹപുണ്യഭൂമിയിൽ സ്ഥാനം പിടിച്ചതായി നമുക്കനുഭവമാണു്. നിയമലംഘനം ഒഴികെ സത്യഗ്രഹത്തിന്റെ ഏറ്റവും ചെറിയ പരീക്ഷകൾപോലും സഹിക്കുവാൻ ത്രാണിയില്ലാത്തവർ, ഈ സന്ദർഭത്തിൽ ശതക്കണക്കിനു പുറത്തു വന്നിരിക്കുന്നതു് ഏതോ ഒരു പ്രത്യേകമനോഭാവത്തിന്റെ പകർച്ചകൊണ്ടാണെന്നു ആരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടുവാനില്ല. സംഗീതത്തിൽ യാതൊരഭ്യാസവുംകൂടാതെ വെറും ശരീരചേഷ്ടകൾ കാണിച്ചതുകൊണ്ടുമാത്രം സംഗീതവിദ്വാനാകാൻ ശ്രമിച്ചു്, അതിൽ അഭിമാനിക്കുന്നതു ഒരുവിധം അല്പബുദ്ധിയുടേയോ, കാര്യവിവരമില്ലായ്മയുടേയോ, ഉദ്ദേശശൂന്യതയുടേയോ ലക്ഷണമല്ലേ? സത്യഗ്രഹനിയമങ്ങളെ യഥാവിധി അനുസരിക്കേണ്ടതാണെന്നുള്ള ഒരു കർത്തവ്യബോധം—സ്വധർമ്മാനുഷ്ഠാനത്തിലുള്ള നൈസർഗ്ഗികമായ ഉത്കണ്ഠ—മാത്രമാണു് നിയമലംഘനപ്രസ്ഥാനത്തിൽ ചേരുവാൻ ഒരുവനെ നിർബ്ബന്ധിക്കുന്നതെങ്കിൽ അതിനുവേണ്ടി ചെയ്യുന്ന നിയമലംഘനവും ത്യാ

ഗവും സർവ്വഥാ അഭിനന്ദനീയവും സ്വീകാര്യവുമത്രേ. ആത്മാവിനെ രക്ഷിക്കുന്നതിനു ശരീരത്തെ ബലികഴിക്കുന്നതു് ഭാരതീയരുടെ മഹത്തരങ്ങളായ ആദശ്ങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ഒന്നാണു്. ആത്മാവിൻെറ സ്വാതന്ത്ര്യത്തോടു താരതമ്യപ്പെടുത്തുമ്പോൾ ശരീരത്തിൻെറ സ്വാതന്ത്ര്യം എത്രയോ തുച്ഛവുമാണല്ലൊ. എന്നാൽ സത്യഗ്രഹനിയമങ്ങൾക്കധീനപ്പെടാതെ, സത്യഗ്രഹനിയമങ്ങളെ അനുഷ്ഠിക്കുന്നതിന്നു് അത്യന്താപേക്ഷിതമായ ഒരു കൃത്യമാണു് നിയമലംഘനം എന്നുള്ള ബോധവുമില്ലാതെ—നിയമാനുസരണത്തേക്കാൾ നിയമലംഘനം രസകരവും എളുപ്പവുമായിക്കാണുന്ന ഒരു സാഹസികമനോവൃത്തിയുടെ പ്രേരണ കൊണ്ടു ചെയ്യുന്ന ഏതു കൃത്യവും, ഏതു ത്യാഗവും ആരുടേയും അനുകമ്പയേയും അഭിനന്ദനത്തേയും അർഹിക്കുന്നില്ല; അതു് ഒരുവിധം സ്വച്ഛാലുത്വത്തിൻെറയോ അസഹിഷ്ണുതയുടേയോ ലക്ഷണംമാത്രമാകാനെ തരമുള്ളു. ഉദ്ദേശപരിശുദ്ധിയില്ലാത്ത ഒരു പ്രവൃത്തിക്കും പൂർണ്ണമായ ഫലത്തെ പ്രദാനം ചെയ്യുന്നതിന്നുള്ള ശക്തി ഉണ്ടാകുന്നതല്ലെന്നു് നിസ്സംശയം പറയാം. കാലാന്തരത്തിലുള്ള അനുഭവം ഇതിന്നു മതിയായ സാക്ഷ്യം വഹിക്കുന്നതുമാണു്.

ആദർശസ്വീകരണത്തിൻെറ അപൂർണ്ണത സ്വഭാവത്തിൻെറ ന്യൂനതയെയാണു പ്രകാശിപ്പിക്കുന്നതു്. "സർവ്വധർമ്മാൻ പരിത്യജ്യമാമേകം ശരണം വ്രജ" എന്നു പറഞ്ഞിട്ടുള്ളതിൽ 'സർവ്വധർമ്മാൻപരിത്യജ്യ' എന്നുള്ള ആദ്യഭാഗംമാത്രം ദൈവവാക്യമായി സ്വീകരിച്ചു ബാക്കിഭാഗം ഉപേക്ഷിക്കുന്നതു് ഒരുവിധം പിശാചു് പ്രമാണം പറയുന്നതു

പോലെ ആകുന്നതാണല്ലോ. സ്വഗൃഹങ്ങളിൽ സ്വന്തം മാതാപിതാക്കന്മാരോടും മററു ഗുരുജനങ്ങളോടും സ്നേഹാദരങ്ങളോടുകൂടി പെരുമാറുവാൻതക്ക സൽബുദ്ധിയില്ലാത്തവർ യാതൊരു പ്രയാസവുംകൂടാതെ സ്വരാജ്യസ്നേഹികളും ത്യാഗികളും ആകുന്ന ജാലവിദ്യ, യഥാർത്ഥമായ ധർമ്മബോധത്തിൻെറ ഫലമായിട്ടുണ്ടാകുന്നതാണെന്നു മററുള്ളവർ വിശ്വസിക്കാത്തതു് വലിയ കഠിനമല്ല. ഇങ്ങനെയുള്ളവർ കൂടുതൽ സ്വാതന്ത്ര്യത്തിനുള്ള ആഗ്രഹത്തേയോ, സൂത്രത്തിൽ സുപ്രസിദ്ധന്മാരാകാനുള്ള മോഹത്തേയോ മാത്രമാണു് സ്പഷ്ടമാക്കുന്നതു്. ജീവിതകാലംമുഴുവൻ ദുഷ്പ്രവൃത്തികളിൽത്തന്നെ ഏർപ്പെട്ടുകൊണ്ടിരുന്നാലും മരണസമയത്തെ 'ഒററനാരായണ'ക്കു് സ്വർഗ്ഗം ലഭിക്കുമെന്നു വിശ്വസിക്കുന്നതുപോലെയാണു് ഈ ഭ്രമം. ഹിമവാനിലുള്ള ഒരു ചെറിയ തുരപ്പിൽക്കൂടി ഹിമവാൻെറ അപ്പുറത്തുകടന്ന ഒരാളുടേയും, ആ ഘോരമായ പർവ്വതംമുഴുവൻ കാൽനടയായി സഞ്ചരിച്ചുകണ്ട മറെറാരാളുടേയും അനുഭവങ്ങൾക്കു തമ്മിൽ എത്രമാത്രം അന്തരമുണ്ടാകുമെന്നു് നിഷ്പ്രയാസം ഊഹിച്ചറിയാവുന്നതാണു്. പർവ്വതം ലംഘിച്ച കാര്യത്തിൽ രണ്ടുപേരും ഒരുപോലെയാണെന്നുള്ള സംഗതി അവരുടെ സത്യസ്ഥിതിയെ സ്പർശിക്കുന്നതിന്നുപോലും അർഹിക്കുന്ന ഒന്നല്ല. സ്വാതന്ത്ര്യബോധം, സഹനശക്തി, സത്യഗ്രഹം മുതലായവ ശബ്ദശ്രവണമാത്രത്തിൽ ഗ്രഹിക്കുവാൻ കഴിയുന്ന സംഗതികളല്ല. പൂക്കുററിപോലെ ക്ഷണനേരം ജ്വലിച്ചുപൊന്തി ഉത്തരക്ഷണത്തിൽ ഇരുണ്ടു് നാമാവശേഷമായിത്തീരുന്ന ഉത്സാഹം, ഹാസ്യത്തെയാണു് ക്ഷണി

ക്കുന്നതു്. ബാഹ്യമായ ചില ചടങ്ങുകളെമാത്രം വല്ല ചെറിയ സ്വാൎത്ഥങ്ങളും സാധിക്കേണ്ടതിന്നുവേണ്ടി അനുഷ്ഠിക്കുന്നതു് വെറും ഛായാഗ്രഹണംമാത്രമായി പരിണമിക്കുന്നതാണെന്നും അതുകൊണ്ടു തല്ക്കാലത്തേക്കുമാത്രം എന്തെങ്കിലും ഗുണമുണ്ടായേക്കുമെന്നല്ലാതെ സ്ഥായിയായ യാതൊരുൽക്കൎഷവും അവരവൎക്കോ മററുള്ളവൎക്കോ ഉണ്ടാകുന്നതല്ലെന്നും അറിഞ്ഞിരിക്കേണ്ടതാണു്.

ബ്രിട്ടീഷുഭരണത്തിൻെറ പിടിയിൽനിന്നു വിട്ടു് സ്വതന്ത്രമായിത്തീരുവാൻ ആഗ്രഹിക്കുകയും, അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്യുന്ന ഭാരതീയരുടെ പരമോദ്ദേശം സാമ്പത്തികോൽകൎഷത്തിലും, രാഷ്ട്രീയസ്വാതന്ത്ര്യത്തിലും മററു മഹച്ഛക്തികളോടു കിടനില്ക്കത്തക്ക ഒരു ഉന്നതപദവി സിദ്ധിക്കുന്നതിന്നുമാത്രമായിരിക്കേണമെന്നു് വിചാരിക്കാവുന്നതല്ലല്ലോ. മനശ്ശരീരങ്ങളുടെ പരസ്പരബന്ധം രണ്ടിൻെറയും ഉൽക്കൎഷാപകൎഷങ്ങളെ നിയന്ത്രിക്കുന്നതിനു പൎയ്യാപ്തമാണെന്നുള്ളതു് സൎവ്വസമ്മതമായ സിദ്ധാന്തമാണു്. അതുകൊണ്ടു് അസ്വാതന്ത്ര്യം ഏതുതരത്തിലുള്ളതായാലും അതു് മനസ്സിൻെറ വാസനാനുരൂപമായ വളൎച്ചയ്ക്കും, തന്നിമിത്തം ആത്മാവിൻെറ പരിപൂൎണ്ണമായ വികാസത്തിനും വലിയൊരു തടസ്സമായിത്തീരുന്നു. സ്വാതന്ത്ര്യത്തോടുകൂടി വളരുവാൻ സാധിക്കുന്ന വസ്തുക്കൾക്കു മാത്രമേ അവയുടെ പൂൎണ്ണശക്തിയെ പ്രസരിപ്പിക്കുന്നതിനും, പരിപൂൎണ്ണമായി വികസിച്ചു് ശോഭിക്കുന്നതിനും സാധിക്കയുള്ളൂ. നിരന്തരമായ അസ്വാതന്ത്ര്യം ഒരു മഹാവ്യാധിപോലെ വൎദ്ധിച്ചു് സൎവ്വശക്തികളേയും നിശ്ശേഷം നശിപ്പിക്കുകതന്നെചെയ്യും. വ

ളരെക്കാലമായി ഭാരതീയർ അനുഭവിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയമായ അസ്വാതന്ത്ര്യം കാരണമായി വന്നിട്ടുള്ള നാശങ്ങളിൽ ഏററവും പ്രാധാന്യമേറിയതു് അവരുടെ മനസ്സിനെ ബലമായി ബാധിച്ചുകാണുന്ന സ്വാതന്ത്ര്യബോധരാഹിത്യമാണു്. സ്വയംഭരണസ്വാതന്ത്ര്യത്തിൻെറ അഭാവം ഭാരതീയരിൽ ആകപ്പാടെ ഒരു അടിമത്തമനോഭാവത്തെ വളർത്തി, ഭാരതീയരുടെ ഒട്ടാകെയുള്ള ആദ്ധ്യാത്മികമായ ഉന്നമനത്തെ തടയുന്നു എന്നുള്ള സംഗതിയാണു് സ്വതന്ത്രരാകാനുള്ള അവകാശത്തെപ്പററി ഭാരതീയരെ ഉൽബോധിപ്പിക്കേണ്ടതു്. അസ്വാതന്ത്ര്യത്തിൻെറ നിഷ്ഠുരമായ മുഷ്ടിപ്രയോഗംകൊണ്ടു് ഉണ്ടായിത്തീർന്നിട്ടുള്ള ക്ലൈബ്യവും, ഹൃദയദൌർബ്ബല്യവും, കർത്തവ്യബോധരാഹിത്യവും നമ്മെ വിനാശഗർത്തത്തിലേക്കു തള്ളിയിടുന്നതാണെന്നും, അതുകൊണ്ടു് അവയുടെ സ്ഥാനത്തു് ആത്മശക്തിയും ധർമ്മബോധവും, സുസ്ഥിരമാക്കേണ്ടതിനു ഏതുതരത്തിലുള്ള അടിമത്തത്തിൽനിന്നും രക്ഷപ്പെടേണ്ട ചുമതലയും അതിനുള്ള അവകാശവും നമുക്കുണ്ടെന്നും എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണു്. ആത്മാവിനെ ഉദ്ധരിക്കേണ്ടതിനു ആത്മശക്തി തന്നെ പ്രയോഗിക്കേണമെന്നാണല്ലോ "ഉദ്ധരേദാത്മനാത്മാനം" എന്ന ഗീതാവാക്യത്തിൽനിന്നു സ്പഷ്ടമാകുന്നതു്. അതുകൊണ്ടായിരിക്കണം "ഒരു വെടിക്കു രണ്ടുപക്ഷി" എന്നപോലെ സ്വാതന്ത്ര്യത്തിൻെറ പുനഃസ്ഥാപനവും ആത്മാവിൻെറ ഉദ്ധാരണവും—രണ്ടും സുസാദ്ധ്യമാകത്തക്ക ഒരു വിശിഷ്ടനയം മഹാത്മാക്കൾ കൈക്കൊണ്ടിരിക്കുന്നതു്. ഇതിൽനിന്നു സഹനസമരത്തിൻെറയും മററും ആന്തരമായ

ഉദ്ദേശം എന്തെന്നും, ആ ഉദ്ദേശത്തെത്തന്നെ സവ്വാത്മനാ പുരസ്കരിച്ചു പ്രയത്നിക്കേണ്ട ആവശ്യം എന്തെന്നും സുവ്യക്തമാകുന്നുണ്ടല്ലൊ.

ഈ സന്ദർഭത്തിൽ ഒരു സംഗതികൂടി ഓമ്മിക്കേണ്ടതായിട്ടുണ്ടു്. ഇന്നു നടക്കുന്ന സമരം വിജയത്തിൽ കലാശിച്ചാലും പരാജയത്തിൽ കലാശിച്ചാലും, ഇപ്പോൾ ആവശ്യമായിരിക്കുന്നതിനേക്കാൾ അധികമായ സഹനശക്തിയും ധമ്മബോധവും, ആത്മശക്തിയുമാണു ഭാരതമാതാവു് സ്വസന്താനങ്ങളിൽനിന്നു ഭാവിയിൽ ആവശ്യപ്പെടുക. ഒരു വസ്തുവിനെ സമ്പാദിക്കുവാൻ വേണ്ടിവരുന്നതിൽ എത്രയോ അധികം പ്രയത്നം അതിനെ സുരക്ഷിതമാക്കുന്നതിനോ, യഥാവിധി ഉപയോഗപ്പെടുത്തുന്നതിനോ, അഥവാ ഉപേക്ഷിക്കുന്നതിനോ ആവശ്യമായി വരുന്നതാണ്! രാജ്യമുപേക്ഷിച്ചു്, കാനനവാസം സ്വീകരിച്ചു്, ദുഷ്ടനിഗ്രഹം ചെയ്തു്, ധമ്മത്തെ സ്ഥാപിച്ചു് സവ്വസമ്മതനായി, ലോകവന്ദ്യനായി തിരിച്ചെത്തിയ ശ്രീരാമൻ്—രാമരാജാവിന്, ധർമ്മപരിക്ഷയിൽ അതേവരെ കിട്ടിയ എല്ലാ ചോദ്യങ്ങളെക്കാളും കാഠിന്യമേറിയതു സീതാപരിത്യാഗമായിരുന്നു. ആ ചോദ്യത്തിനു തൃപ്തികരമായ സമാധാനം പറയുന്നതിന് അതേവരെ അനുഷ്ഠിച്ച തപശ്ചര്യ അദ്ദേഹത്തെ സഹായിച്ചിരുന്നില്ലെങ്കിൽ, അദ്ദേഹം കെട്ടി ഉയത്തിയ ധമ്മസൌധം തകൎന്നുപോകുമായിരുന്നു. അതുപോലെ ഇപ്പോൾ നടക്കുന്ന സമരം ഭാവിയിൽ വരാവുന്ന ഗംഭീരങ്ങളായ പരിക്ഷകളിൽ പൂൎണ്ണവിജയം നേടുന്നതിനുള്ള ആദ്യപാഠങ്ങളായി പരിണമിക്കേണ്ടതാണ്. അതിനാൽ ആദശ്ങ്ങളുടെ ബാ

ഷ്യാകൃതിയെ—അഥവാ കൈകാലുകളെ ഗ്രഹിച്ചതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ, അവയുടെ ജീവനെത്തന്നെ ഗ്രഹിച്ച് അവയോടു താദാത്മ്യം വരുത്തുന്നതായാൽ മാത്രമേ, പൂൎണ്ണമായ ഫലം സിദ്ധിക്കയുള്ളൂ എന്ന് സദാ ഓർമ്മിക്കേണ്ടതാണു്.

അമ്പാടി ഇക്കാവമ്മ.

# എന്റെ വിദ്യാഭ്യാസം.

(ഒരു പ്രത്യവേക്ഷണം.)

ലേഖനകത്താവിന്റെ അക്ഷരാഭ്യാസം അഞ്ചു വയസ്സിൽ ആരംഭിച്ചു. ആ വിദ്യാരംഭദിനം ഇന്നും ലേഖകന്റെ സ്മൃതിപഥത്തിൽനിന്നും മാഞ്ഞുപോയിട്ടില്ല. അക്ഷരജ്ഞാനം വഴിക്കാണല്ലൊ ലോകരഹസ്യത്തിന്റെ ഒരു വലുതായ ഭാഗം നാം ഗ്രഹിക്കുന്നതു്. അതുകൊണ്ടു് ആ ദിവസം മനുഷ്യന്റെ ജീവിതത്തിൽ അന്യാദൃശമായ ഗൗരവം വഹിക്കുന്ന ഒന്നാണു്. എന്നാൽ അതിൽപിന്നെ എഴുപതുകൊല്ലം കഴിഞ്ഞുവെങ്കിലും അന്നത്തെ നിലയിൽനിന്നും ഇന്നു വലിയ വ്യത്യാസം വന്നിട്ടുള്ളതായി തോന്നുന്നില്ല. "ജ്ഞാനം സുവിസ്തൃതവും ജീവിതം ക്ഷണികവു"മെന്നല്ലെ ഇതു് ഓർമ്മപ്പെടുത്തുന്നതു്. ലേഖകന്റെ ബാല്യകാലത്തു "വിദ്യാഭ്യാസം" എന്നൊരു വകയില്ലായിരുന്നു. ഇതിനു പകരമായി "എഴുത്തുപഠിക്ക" "ഇംഗ്ലീഷുപഠിക്കുക" എന്നൊക്കെയാണു് അന്നു പറഞ്ഞുവന്നതു്. എഴുത്തുപഠിക്കുന്നതിനുതന്നെ അഞ്ചിലധികം കൊല്ലം വേണ്ടിവന്നു. അക്കാലം ഏറക്കുറെ യഥാർത്ഥബോധരഹിതമായ ഒരു കർമ്മകാലമായിരുന്നു. പിന്നിടു ഇംഗ്ലീഷുപഠിക്കുന്നതിനും ഒരു പന്ത്രണ്ടുകൊല്ലം വേണ്ടിവന്നു. അതു് അവ്യക്തമായിരുന്നുവെങ്കിലും ഒരുദ്ദേശ്യബോധത്തോടുകൂടിത്തന്നെ പ്രവർത്തിച്ചിരുന്ന ഒരു കാലമായിരുന്നു. സർവ്വകലാശാലയിലെ മുദ്ര

യും വാങ്ങി പിരിഞ്ഞിട്ടു ഇപ്പോൾ ൪൧-കൊല്ലം കഴിഞ്ഞു. ഇതു വ്യക്തമായ ഉത്തരവാദിത്വബോധത്തോടുകൂടി ജീവിതം നയിച്ച ഒരു കാലമാണു്. ഇതിൽ ൨൧-കൊല്ലം അദ്ധ്യാപകവൃത്തിയിലും മററുമായി കഴിച്ചുകൂട്ടി. ബാക്കി ഇരുപതുകൊല്ലം വിശ്രമത്തിലുമായി. എന്നാൽ ഇക്കാലവും ലേഖകൻ ജ്ഞാനസമ്പാദനത്തിൽതന്നെ വ്യയംചെയ്കയാണു ചെയ്തതു്. എന്നിട്ടും ഇന്നത്തെ സ്ഥിതിയെന്തു്? ലേഖകനെവിടെ? വിദ്യയെവിടെ? എഴുത്തുപള്ളിയിൽനിന്നും വിദ്യാലയങ്ങളിൽനിന്നും ഗുരുകൃപയാ സ്വല്പം വല്ലതും ഗ്രഹിക്കാനിടയായിട്ടുണ്ടായിരിക്കാം. അതു മിക്കവാറും ജ്ഞാനമല്ല. ജ്ഞാനസമ്പാദനോപകരണമാണെന്നുവേണം പറവാൻ. അദ്ധ്യാപകവൃത്തിയിലിരുന്ന കാലത്തു തന്നിൽനിന്നും അദ്ധ്യേതാക്കൾ വല്ലതും ഗ്രഹിച്ചിട്ടുണ്ടോ എന്നു അവരോടുകൂടി ആലോചിക്കാതെ പറവാൻ ധൈര്യമില്ല. എന്നാൽ ലേഖകൻ അവരിൽനിന്നും—തന്റെ അദ്ധ്യാപനകൃത്യനിർവ്വഹണത്തിൽനിന്നും—പുസ്തകങ്ങളിൽനിന്നും പരോക്ഷമായും പ്രത്യക്ഷമായും പലതും ഗ്രഹിച്ചിട്ടുണ്ടെന്നു സമ്മതിക്കാതെയും കഴികയില്ല. എന്നാൽ അഭ്യസ്തവിദ്യൻ എന്നഭിമാനിക്കുന്നതിനു ഇന്നും ലേഖകനെ തന്റെ മനസ്സനുവദിക്കുന്നില്ല. പ്രപഞ്ചരഹസ്യത്തിന്റെ അതിതുച്ഛമായ ഒരംശംപോലും നോക്കി ഗ്രഹിക്കാൻ സാധിക്കാത്ത ഒരാൾക്കു വിദ്യാഭ്യാസം കഴിഞ്ഞുവെന്നു പറയുവാൻ എങ്ങിനെ ധൈര്യമുണ്ടാവും? തുറന്നു കിടക്കുന്ന ലോകപുസ്തകത്തിന്റെ അവതാരികപോലും ശ്രദ്ധാപൂർവ്വം വായിക്കുവാൻ സാധിച്ചില്ലല്ലോ എന്നാണു ലേഖകന്റെ ഇന്നത്തെ മനസ്താപം.

ഇതിനിടയ്ക്കു എത്രയോകാലം ഉപയോഗിക്കപ്പെടാതെ വ്യ ഥാ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. "ജീവിതമല്ല പ്രധാനം ജീ വിച്ചുവെന്നുള്ളതാണ്" എന്നു ഒരു മഹാൻ പറഞ്ഞിട്ടുണ്ട്. ഈ തോതുവച്ചു നോക്കിയാൽ ഈ ജീവിതകാലത്തിൽ എ ത്രകാലം താൻ ജീവിച്ചുവെന്നു നിശ്ചയിക്കാൻ പ്രയാസമാ ണ്. പക്ഷേ സ്വല്പം വല്ലതും ഉണ്ടായേക്കാം. മനുഷ്യനു ജ്ഞാനസമ്പാദനത്തിനുള്ള സൌകര്യങ്ങൾ അനവധിയാ ണ്. എന്നാൽ നമ്മിൽ പലരും പ്രായേണ കണ്ണുമൂടിക്കെ ട്ടിയുംകൊണ്ടു നടക്കുന്നതിനാൽ എങ്ങിനെയാണു വല്ലതും ഗ്രഹിക്കുന്നതു്? പ്രകൃതിയിൽനിന്നും സദാ അനർഗ്ഗളമായ ഒരു ജ്ഞാനപ്രവാഹം നമ്മുടെനേക്കു ഒഴുകുന്നുണ്ടു്. നാം അപാവൃതങ്ങളായ ഇന്ദ്രിയങ്ങളോടുകൂടിയിരുന്നാൽ അതിൽ ഏറെക്കുറെ നാം അറിയാതെതന്നെയും നമ്മുടെ ഉള്ളിൽ പ്ര വേശിക്കുന്നതാണ്. ഇന്നു നമുക്കുള്ള അറിവിൻെറ ഒരു വലിയഭാഗം ഇപ്രകാരം ലഭിച്ചതാണെന്നുള്ളതിനു തക്കമി ല്ല. ഇങ്ങിനെയിരിക്കേ നാം സശ്രദ്ധം പ്രകൃതിയുടെ ഇഷ്ട ദാനത്തെ സ്വീകരിക്കുന്നതായാൽ നമുക്കെത്രമാത്രം അറിവു ലഭിക്കുമായിരുന്നു. ഇതിനുംപുറമേ പുസ്തകങ്ങളിൽനിന്നും ആചാര്യനിൽനിന്നും സബ്രഹ്മചാരികളിൽനിന്നും സഹവാ സികളിൽനിന്നും എന്തെല്ലാം ലഭിക്കാൻ സാധിക്കും? ചിന്ത കൊണ്ടും അനുഭവംകൊണ്ടും എന്തെല്ലാം നമുക്കു ഗ്രഹി ക്കാൻ കഴിയും? എന്നുവേണ്ട, നമ്മുടെ പരിതഃസ്ഥിതങ്ങളാ യ എല്ലാവസ്തുക്കളും നമുക്കു ജ്ഞാനം നൽകുന്നതിന് ഒരു ങ്ങിയിരിക്കയാണ്. ഇപ്രകാരമുള്ള ആനുകൂല്യങ്ങളുടെ നടു വിൽ സ്ഥിതിചെയ്യുന്ന മനുഷ്യൻ ജ്ഞാനം സമ്പാദിക്കാതി

രിക്കുന്നുവെങ്കിൽ ഇതിലധികം കഷ്ടമായി മററു വല്ലതുമു ണ്ടോ? നമുക്കു ഉപജീവനമാൎഗ്ഗം നേടേണ്ടതായിരിക്കുമ്പോൾ ഇതിന്നു പോകുന്നോ ജ്ഞാനം സമ്പാദിക്കാൻപോകുന്നുവോ എന്നു ചോദിച്ചേക്കാം. എല്ലാവൎക്കും ഒരുപോലെ വേണ മെന്നല്ല പറയുന്നതു്. ഏതുരീതിയിൽ ജീവിക്കുന്നവൎക്കും അതിനനുരൂപമായ വിധത്തിൽ ലോകപരിജ്ഞാനം സ മ്പാദിക്കാൻ കഴിയാത്തതല്ല. അതെങ്ങിനെയുമാകട്ടെ. വി ദ്യാഭ്യാസത്തിനായി പുറപ്പെടുന്നവരുടെ കാൎയ്യമാണു് ഇവിടെ പ്രസ്താവിക്കുന്നതു്.

ലേഖകന്റെ വിദ്യാഭ്യാസം അഞ്ചുവയസ്സിൽ ആരംഭി ച്ചുവെന്നു മുൻപു പറഞ്ഞുവല്ലോ. എന്നാൽ അന്നു് "വി ദ്യ"വല്ലതും അഭ്യസിച്ചോ എന്നുള്ളകാൎയ്യം സംശയമാണു്. കുട്ടക്കയുംമണ്ണും ഒരു ഓലക്കഷണവുമായിട്ടു് "എഴുത്തുപഠി ക്കാൻ" പോകുകയാണെന്നു് ഒരു അവ്യക്തമായ ബോധംമാ ത്രം സിദ്ധിച്ചു. ഇതു് ഏതാണ്ടൊരു ഒഴിച്ചുകൂടാത്ത കൃത്യ മാണെന്നും മനസ്സിലാക്കി. ഗുരുവിനെ വന്ദിക്കണമെന്നും മററും അല്പംചില സന്മാൎഗ്ഗബോധവും എങ്ങിനെയോ മന സ്സിൽ ഉദിച്ചു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ഒരു ഓലച്ചുരു ണയും നാരായവുമായിട്ടാണു് എഴുത്തുപള്ളിയിലേക്കുള്ള പോക്കു്. അതിൽ ഇന്നു പേരുപറവാൻ സാധിക്കാത്ത പല ജ്ഞാനശകലങ്ങളും അടങ്ങിയിരുന്നു. നിലത്തെഴു ത്തുകാരേക്കാൾ അല്പം ഉയൎച്ച തനിക്കുണ്ടെന്നുള്ള ഒരഭിമാന വും ഇപ്പോൾ തോന്നിത്തുടങ്ങി. അന്നത്തെ പാഠപദ്ധ തി അല്പം വിവിധവും വിശേഷപ്പെട്ടതുമായിരുന്നു. വാക്യം, കാലദീപം അടിയളവുവാക്യം, രാശിവടിവു, നക്ഷത്രപ്പാന,

നക്ഷത്രവൃക്ഷം മുതലായി ജ്യോതിഷസംബന്ധമായ കാൎയ്യങ്ങളും, ഗണാഷ്ടകം, സരസ്വത്യഷ്ടകം, ബ്രഹ്മാഷ്ടകംമുതലായി പ്രഭാതത്തിൽ ചൊല്ലുവാനുള്ള കുറെ സ്തോത്രങ്ങളുമൊക്കെ പഠിക്കാനുണ്ടായിരുന്നു ഇവയിൽനിന്നും ഒന്നും ഗ്രഹിച്ചില്ലെന്നു പറവാൻ തരമില്ല. ലോകത്തിലെന്തോ ദൃശ്യപ്രകൃതിക്കതീതമായി ഒരദൃശ്യശക്തിയുണ്ടെന്നും അതിനെ ആദരിക്കേണ്ടതാണെന്നും അല്പം ഒരു വിചാരം ഉണ്ടായി. അടിയളവുവാക്യത്തിന്റെയും നക്ഷത്രപ്പാനയുടേയും മറ്റും ഉപയോഗം ഇന്നത്തെപ്പോലെ അന്നറിഞ്ഞുകൂടായിരുന്നു. കൃത്യബോധത്തിന്റെ ബീജപ്രരോഹവും സുവ്യക്തമായല്ലെങ്കിലും അക്കാലത്തു ശിക്ഷയിലും ശാസനയിലുംകൂടി ഉണ്ടായിഎന്നു പറയാം. ഇതു വിദ്യാഭ്യാസത്തിന്റെ ഒരു പ്രാകൃതമായ ആരംഭമാണെന്നു പക്ഷേ വിചാരിക്കാം. പിന്നെ കൈയിൽ ചില താളിയോലഗ്രന്ഥങ്ങളുമായിട്ടാണു് എഴുത്തുപള്ളിയിലേക്കുള്ള പോക്കു്. അമരവും സിദ്ധരൂപവും ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം, രഘുവംശം മുതലായവയുമാണു പിന്നത്തെ പാഠപദ്ധതി. ഇത്രയുമായാൽ എഴുത്തുപള്ളിയിലെ ഉയൎന്നക്ലാസ്സിലായി. തനിക്കേതൊണ്ടൊക്കെ അറിയാമെന്നുള്ള ഭാവവും അഭിമാനവും ഇതോടുകൂടി ഉണ്ടാകുന്നു. ഗുരുവിനോടു അല്പം അടുപ്പവും ഉണ്ടാകുന്നു. മററു ശിഷ്യന്മാരെ ചിലപ്പോൾ പഠിപ്പിക്കേണ്ടതായും വരും. അല്പം സംസ്കൃതജ്ഞാനവും അതുവഴിക്കു ചില കവികളെപ്പററിയും പുരാണപുരുഷന്മാരെപ്പററിയുംമററും അല്പം അറിവും ലഭിക്കുന്നു. ഈ വഴിക്കു മനസ്സിനു സ്വല്പം വികാസവും ഉണ്ടാകുന്നു. തന്റെ കൂട്ടരുടെ ഇടയിൽ സ്വല്പമായ ഒരു മാ

ന്യസ്ഥാനവും കിട്ടി എന്നുവരാം. അല്പംകൂടി അറിഞ്ഞാൽ കൊള്ളാമെന്നുള്ള ഒരു മോഹവും ഉണ്ടാകുന്നു- വിദ്യാഭ്യാസം ഇപ്പോഠം ആരംഭിച്ചുവെന്നു പക്ഷേ പറയാം! ലേഖകൻെറ ഗുരുവാകട്ടെ അതിശാന്തനും, വിദ്വാനും, ഗംഭീരാശയനുമായിരുന്നു. "വടി" അദ്ദേഹം ഉപയോഗിക്കാറില്ല. ശിഷ്യന്മാൎക്ക് ഭയവും ഭക്തിയും ഉണ്ടായിരുന്നു. പരിതഃസ്ഥിതികളും എല്ലാംതന്നെ ഒരുവിധം അനുകൂലങ്ങളായിരുന്നു. ഗൃഹമാണല്ലൊ ആദ്യവിദ്യാലയം. അവിടെ തൻെറ സഹോദരന്മാരും സഹോദരിമാരും സ്വഭാവനൈൎമ്മല്യമുള്ളവരായിരുന്നു. അതുകൊണ്ടു പല ഗുണങ്ങളും ഉണ്ടായിട്ടുണ്ട്. ഗൃഹനായകൻ തൻെറ മാതുലനായിരുന്നു അദ്ദേഹത്തിൻെറ നിൎദ്ദാക്ഷിണ്യത്തോടുകൂടിയ ശാസനോപദേശങ്ങഠം ഗൃഹാംഗങ്ങളുടെ സ്വഭാവരൂപവൽക്കരണത്തിൽ ഒരു പ്രധാനഭാഗം വഹിച്ചിരുന്നു. എല്ലാവരും പ്രഭാതത്തിൽ എഴുന്നേററു കാലും മുഖവും കഴുകി കീൎത്തനങ്ങളും കീൎത്തനശ്ലോകങ്ങളും ചൊല്ലണമെന്നു നിൎബന്ധമുണ്ടായിരുന്നു. കുളിക്കാതെ ഭക്ഷണം കഴിച്ചുകൂടാ. സന്ധ്യാസമയത്തു നാമം ജപിക്കണം. അടുത്തു ക്ഷേത്രമുണ്ടായിരുന്നാൽ ദിവസവും ദൎശനം ചെയ്യണം. അതാതു ദിവസത്തെ പാഠങ്ങഠം കേഠംപ്പിക്കണം. ഇങ്ങനെ പല നിൎബന്ധങ്ങളും വച്ചിട്ടുണ്ടായിരുന്നു. അവ ഇന്നും നടക്കുന്നുണ്ട്. മാതാവ് പുത്രവാത്സല്യവും കൃത്യനിഷ്ഠയും ഔദാൎയ്യവും കരുണയും ഗൃഹഭരണത്തിൽ സാമൎത്ഥ്യവും ഉള്ള ഒരു മഹതിയായിരുന്നു. പിതാവ് ശാന്തനും പ്രയത്നശീലനും സ്വാൎത്ഥത്യാഗിയും ആയ ഒരു കൃഷിക്കാരനായിരുന്നു. ഉപ

ങ്ങടെ എല്ലാം പ്രേരണാശക്തി വേണ്ട വഴിക്കു പ്രവൎത്തിച്ചിരുന്നതിനാൽ ലേഖകന്റെ സ്വഭാവസംസ്കരണത്തിനും വിദ്യാഭ്യാസത്തിനും ഏററവും ഉപയുക്തങ്ങളായി ഭവിച്ചു. ഇത്രയുമായതോടുകൂടി വയസ്സും പത്തുകഴിഞ്ഞു. നേരിട്ടുള്ള ഉപദേശങ്ങളേക്കാൾ സ്വഭാവരൂപവൽക്കരണത്തിനു പരിതഃസ്ഥിതികൾക്കു കൂടുതൽ ശക്തിയുണ്ടെന്നുള്ളതു വാസ്തവമാണെങ്കിൽ ലേഖകനു ഈ ഗുണം ധാരാളം സിദ്ധിച്ചിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടം മാത്രമേ ഇവിടെ ആയിട്ടുള്ളു. ഓരോ പ്രവൃത്തിയും നിശ്ചിതസമയത്തു വിഘ്നംകൂടാതെ ചെയ്യണമെന്നും, ഗുരുക്കന്മാരെ ആദരിക്കണമെന്നും, ഈശ്വരചിന്ത വേണ്ടതാണെന്നും, സ്വാതന്ത്ര്യം കുറയ്ക്കണമെന്നും മററും പല പാഠങ്ങളും ഇക്കാലത്തു പഠിക്കാനിടയായി. ഇതു വിദ്യാഭ്യാസത്തിന്റെ ഒട്ടും അപ്രധാനമല്ലാത്ത ഒരംശമാണെന്നുവേണം വിചാരിപ്പാൻ. ലേഖകനു കൂട്ടുകാർ അധികം ഉണ്ടായിരുന്നില്ല. മിക്കവാറും വിവിക്തസേവിയായിത്തന്നെ ഇരുന്നു. അപൂൎവ്വം ചില കൂട്ടുകാരിൽ വല്ലതും വഷളായി കണ്ടാൽ അതു താൻ വെറുക്കുകയാണു പതിവ്. ഈ പ്രായത്തിൽ തന്നെ ഇത്രയും നിൎമ്മലമായ പരിതഃസ്ഥിതിയും മനഃസ്ഥിതിയും ലഭിച്ചതു് ഒരു ഭാഗ്യംതന്നെയെന്നു വിചാരിക്കുന്നു. കളിയിൽ വലിയ ഭ്രമം ഒന്നും ലേഖകനില്ലായിരുന്നു. ജന്തുഹിംസയിൽ അസാമാന്യമായ വെറുപ്പുമുണ്ടായിരുന്നു. കൂട്ടുകാരിൽ ചിലരുമായിട്ടു മുഷിയുന്നതിനു ഇതു പലപ്പോഴും കാരണമായിട്ടുണ്ട്. അന്യന്മാരെ ആക്ഷേപിക്കയോ പരിഹസിക്കയൊ ചെയ്യുന്നതും തനിക്കു വിരോധമായിരുന്നു.

ച്ചതായിരുന്നു ഇക്കാലത്തെ വിദ്യാഭ്യാസം. പത്തു വയസ്സിനു ശേഷമാണു ഇംഗ്ലീഷുപഠിക്കാനുള്ള ശ്രമം തുടങ്ങിയതു്. ഇതോടുകൂടി ജീവിതരീതിയിൽ അല്പം ചില മാററങ്ങൾ ചെയ്യേണ്ടതായി വന്നു. അന്യദിക്കുകളിൽ താമസിക്കേണ്ടിവന്നതിനാൽ പരിതഃസ്ഥിതികൾക്കും അല്പം മാററം ഉണ്ടായി. കായംകുളത്തും ആലപ്പുഴയുമായി ആറേഴുകൊല്ലങ്ങൾ കഴിച്ചുകൂട്ടി. ഗ്രന്ഥം താഴത്തുവച്ചു് പുസ്തകസഞ്ചിയും സ്‌ലേററും വഹിക്കാൻ തുടങ്ങി. പുതിയ പരിതഃസ്ഥിതിക്കനുസരണമായി ജീവിതരീതിയിലും ചിലതൊക്കെ ഭേദപ്പെടുത്തേണ്ടതായിവന്നു. രാവിലത്തെ കുളി വൈകുന്നേരത്തേക്കു മാററി. ഭക്ഷണസമയവും അല്പം ഭേദപ്പെടുത്തി. വിദ്യാലയത്തിൽ പോയാൽ, കുളിക്കാതെ വീട്ടിൽ കയറുകയില്ല. രണ്ടേടിക്കിലും താമസസ്ഥലത്തു് ഓരോ കാരണവന്മാരുണ്ടായിരുന്നു. ഇവർ യഥാസ്ഥിതികന്മാരായിരുന്നതുകൊണ്ടു ശുദ്ധത്തിലും മററും വലിയ നിർബന്ധമുണ്ടായിരുന്നു. ഇവരുടെ അധീനത്തിൽ പെടുന്നവരെയൊക്കെ അവരുടെ അനന്തരവന്മാരാക്കാൻ ഇവക്കു നല്ല സാമർത്ഥ്യം ഉണ്ടായിരുന്നു. അതുകൊണ്ടു സ്വഗൃഹത്തിൽ ശീലിച്ചവയെല്ലാം എള്ളിട വിടാതെ അനുഷ്ഠിക്കേണ്ടിവന്നു. ഇതു സ്വഭാവസ്ഥിരീകരണത്തിനു അനുകൂലമായ ഒരു സംഗതിയായിരുന്നു. പ്രഭാതത്തിലും സന്ധ്യയ്ക്കും നാമജപം മുതലായവ പഴയപടിതന്നെ അനുഷ്ഠിച്ചുവന്നു. കാലത്തും വൈകിട്ടും കാരണവരുടെ പരിശോധനയുമുണ്ടു്. അനുവാദം കൂടാതെ വെളിയിൽ പൊയ്ക്കൂടാ എന്നും ഏർപ്പാടുണ്ടായിരുന്നു. മതവും സന്മാർഗ്ഗവും ഇവക്കൊന്നുതന്നെയായിരുന്നതിനാൽ അതിലാ

ണ മുറുകിപ്പിടിച്ചിരുന്നതു് - അനാശാസ്യമായ കൂട്ടുകെട്ടും അനുവദിക്കപ്പെട്ടിരുന്നില്ല. ഒഴിവുദിവസങ്ങളിൽ പുസ്തകം തന്നെ ഗതി. എല്ലാംകൊണ്ടും ഇവിടെയും സ്വഭാവരൂപവൽക്കരണത്തിനു സൌകര്യം ഉണ്ടായിരുന്നു. സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെട്ടുവെന്നേയുള്ളു. എങ്കിലും ചുററും ദൃഷ്ടിക്കാത്ത ഒരു നഭോമണ്ഡലം ഉണ്ടായിരുന്നു.

ഇനി പള്ളിക്കൂടങ്ങളിലെ കാൎയ്യം നോക്കുക. അതു് അല്പം കുഴപ്പത്തിലായിരുന്നു. അവിടെ കണക്കും കാപ്പിയെഴുത്തും ഒഴിച്ചാൽ എല്ലാം കാണാപ്പാഠം പഠിക്കതന്നെയാണു് ജോലി. ധാരണാശക്തിയെ അസാമാന്യമായി ക്ലേശിപ്പിച്ചുവന്നു. പഠിപ്പിക്കുന്നതിൻെറ അൎത്ഥം പറഞ്ഞുകൊടുക്കുന്നതു് അന്നു് അത്ര സാധാരണയല്ലായിരുന്നു. കഴിയുന്നതു മനസ്സിലാക്കിക്കൊള്ളണം. ഇതു സ്വാശ്രയശീലത്തിനു പററിയ ഏൎപ്പാടാണല്ലോ. അന്നു പള്ളിക്കൂടത്തിൽ ഒരുവിധം "യുദ്ധനിയമ"മാണു് നടപ്പായിരുന്നതു്. തെററു് വല്ലതും കണ്ടാൽ വിചാരണയും മററുമൊന്നുമില്ല. ഉടനെ അടിതന്നെ. വലിയ കുററങ്ങൾക്കു മേശപ്പുറത്തു കമത്തിക്കിടത്തി പൃഷ്ഠത്തിലാണു് അടി പതിവു്. വിദ്യാൎത്ഥികളിൽ അത്യധികം ഭയം ജനിപ്പിക്കുന്നതിനു് ഇതുപോരെയോ? രക്ഷാകൎത്താക്കന്മാൎക്കു് ഇക്കാൎയ്യത്തിൽ ശബ്ദിച്ചുകൂടാ. എല്ലാം സ്വേച്ഛാധികാരംതന്നെ. സ്വഭാവത്തെ വികസിപ്പിക്കുന്നതിനൊ, ബുദ്ധിയെ ഉത്തേജിപ്പിക്കുതിന്നൊ അവിടെസൌകൎയ്യങ്ങൾ കുറവുതന്നെ ആയിരുന്നു. ഈ വൈതരണിയെ കടക്കുന്നതു് കുറച്ചു പ്രയാസമായിരുന്നു. ചുരുക്കം ചിലൎക്കുമാത്രമെ ഇതു സാദ്ധ്യമായിരുന്നുള്ളു. ലേഖകനുമുമ്പു്

കായംകുളത്തുനിന്ന് ഒരാൾക്കും ആലപ്പുഴെനിന്നും രണ്ടുപേ ൎക്കമേ സ്കൂൾവൈതരണിയെ തരണംചെയ്തു തിരുവനന്ത പുരത്തുപോയി പഠിക്കാൻ കഴിഞ്ഞുള്ളു. പിന്നിട്ടു ലേഖ കനും ജ്യേഷ്ഠസഹോദരനും വേറെ രണ്ടുരണ്ടുപേൎക്കും സാധി ച്ചു. ആലപ്പുഴെ ഒട്ടുവിലത്തെക്കൊല്ലം തിരുവനന്തപുരം സ്കൂളിൽനിന്നും ശേഷയ്യർ എന്നൊരു അദ്ധ്യാപകൻ വന്ന തോടുകൂടിയാണ് അദ്ധ്യാപനരീതിയും മററും ഭേദപ്പെട്ടതു്. അതുവരെയ്ക്കു യുദ്ധനിയമംതന്നെ നടപ്പിലായിരുന്നു. പ ണ്ടു് ഒരു പ്രസിദ്ധനും ബുദ്ധിമാനുമായ രാജാവിനു് "അൎത്ഥ സാധനങ്ങൾ" 'രണ്ടുമാത്രമേ' ഉണ്ടായിരുന്നുള്ളു എന്നു് പറ യപ്പെട്ടിട്ടുണ്ടു്.

ശാസ്ത്രേഷ്വകുണ്ഠിതാ ബുദ്ധിർ
മൌൎവ്വീ ധനുഷി ചാതതാ".

എന്നാൽ നമ്മുടെ അന്നത്തെ അദ്ധ്യാപകന്മാൎക്കു് ഇതിനു് 'ഒന്നുമാത്രം' മതിയായിരുന്നു. അതു "വടി"തന്നെ ആയിരുന്നു. അക്കാലത്തു വിദ്യാലയങ്ങളിലെ ഒരു പ്രധാന ഉപകരണം ഒരു ചൂരലായിരുന്നു. ഇതു വാദ്ധ്യാന്മാൎക്കു് ആ ശാനിൽനിന്നും അവകാശവഴിക്കു സിദ്ധിച്ചതാണെന്നു തോ ന്നുന്നു. അന്നു് ഇംഗ്ലണ്ടു മുതലായ യൂറോപ്യൻരാജ്യങ്ങളിൽ ചൂരലിനുപകരം ഭുൎജ്ജവൃക്ഷത്തിൻെറ കമ്പായിരുന്നു ഉപ യോഗിച്ചുവന്നതു്. ഇതിനും ചൂരലിൻെറ ഗുണം ഉണ്ടായി രിക്കാം. എന്നാൽ ലേഖകനു അഹംകാരവും ചിരിയും ക ളിയും ഒന്നുമില്ലാതിരുന്നതുകൊണ്ടു് അധികം ഭയപ്പെടാനി ല്ലായിരുന്നു. എങ്കിലും കൂട്ടയടി വരുമ്പോൾ,

"അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ"

എന്ന പറഞ്ഞതുപോലെ ചിലപ്പോൾ പററാവുണ്ട്. എന്നാൽ ഇതിനൊക്കെ അദ്ധ്യാപകന്മാരെ കുററം പറയുന്നതു യുക്തമാണെന്ന തോന്നുന്നില്ല.

അക്കാലത്ത് ഇംഗ്ലീഷു അല്പം അറിയാവുന്നവരെ തിരഞ്ഞുപിടിച്ചാണ അദ്ധ്യാപകന്മാരായി നിയമിച്ചത്. അപൂൎവം വ്യത്യസ്തം ഇല്ലാതെയുമില്ല. അവൎക്ക് അദ്ധ്യാപനവിഷയത്തിൽ വല്ല ഗന്ധവും ഉണ്ടായിരുന്നുവോ എന്ന സംശയമാണ്. അതുകൊണ്ട് അവരാൽ കഴിയുന്നതുപോലെ ഒക്കെ അവർ പ്രവൎത്തിച്ചുവെന്നേയുള്ളു. അന്ന് അദ്ധ്യാപകന്മാർ, താമസിച്ചുവന്നാൽ, ബാലിൻെറ മേൽകയററിനിൎത്തുന്ന കാലമായിരുന്നുവല്ലോ. പിന്നെ ഇവരെ എന്തിനാണ കുററപ്പെടുത്തുന്നത്? അവരുടെ ആദൎശംപോലെ അവർ പ്രവൎത്തിച്ചു. ലേഖകനും അവരോടു പലവിധത്തിലും കടപ്പെട്ടിട്ടുണ്ട്. ഇക്കാലത്തിനിടയ്ക്കു ലേഖകന വല്ലതും ലഭിച്ചോ എന്നുനോക്കാം. ലേഖകൻ താൻ വായിക്കുന്ന പുസ്തകത്തിൽനിന്നും വല്ലതെങ്കിലും ഗ്രഹിക്കാതെ വിട്ടുകളയാറില്ല. തൻെറ അന്നത്തെ ബുദ്ധിയെത്തിയിടത്തോളം ഒരുവിധമെല്ലാം ഗ്രഹിക്കയും സംഗ്രഹിക്കയും ചെയ്തു. സ്വഭാവത്തിലും വലിയ വക്രതയൊന്നും വരാതെ കഴിച്ചു. താൻ പണ്ടേ ശീലിച്ചിട്ടുള്ള മാൎഗ്ഗത്തിൽനിന്നും വ്യതിചലിക്കുവാൻ ഒരിക്കലും ഇടയാക്കാതെയാണ കഴിച്ചുവന്നത്. അദ്ധ്യാപകന്മാൎക്ക തന്നെക്കുറിച്ചുനല്ല അഭിപ്രായമാണുള്ളതെന്നുള്ള ബോധവും സൽസ്വഭാവസംരക്ഷണത്തിന് ഒരു അനുകൂലശക്തിയായി ഭവിച്ചു. തൻെറ ജ്യേഷ്ഠസഹോദരൻെറ നയവും കൂട്ടുകെട്ടിൻെറ

കുറവും ഇതിലേക്കു വലിയ സഹായമായിരുന്നു. പ്രതികൂലമായ പരിതഃസ്ഥിതിയിലും വേറൊരുവിധം ഉറച്ച സ്വഭാവത്തിനു വളർച്ചയ്ക്കു വലിയ പ്രതിബന്ധം ഉണ്ടാക്കുകയില്ലല്ലോ. ബുദ്ധിയും സ്വഭാവവും, മന്ദഗതിയിലാണെങ്കിലും വികസിക്കാതിരുന്നില്ല. ഇംഗ്ലീഷുവിദ്യാഭ്യാസം അക്കാലത്തു് ഒരു നവീനപ്രസ്ഥാനമായിരുന്നതുകൊണ്ടു അതിൽ ആകർഷണീയങ്ങളായി പലതും ഉണ്ടായിരുന്നു. ഇന്നും അൽപ്പംപോലും തൃപ്തിപ്പെടുത്താൻ സാധിച്ചിട്ടില്ലാത്ത "ജിജ്ഞാസ" ലേഖകനിൽ അന്നു അങ്കുരിച്ചിട്ടുണ്ടായിരുന്നു. ഒരു പുതിയ ഭാഷയിൽ നിർല്ലീനങ്ങളായി കിടക്കുന്ന ആശയങ്ങളും മററും ഗ്രഹിക്കുന്നതിനു ഔൽസുക്യവും സാമാന്യം ഉണ്ടായിരുന്നു. വയസ്സും പതിനേഴു കഴിഞ്ഞു. ജ്ഞാനേന്ദ്രിയങ്ങൾ, എന്താണു ഗ്രഹിക്കാനുള്ളതെന്നു അന്വേഷിക്കുന്ന ഭാവത്തിൽ, സദാ ബഹിർമുഖങ്ങളായി ഭവിച്ചു. ലോകവും പൂർവാധികം വിസ്തൃതമായി തോന്നി. യുവജനസഹജമായ ഉന്മേഷവും ഉത്സാഹവും ഇല്ലാതിരുന്നില്ല. മിസ്റ്റർ ശേഷയ്യരുടെ കീഴിൽ ഒരു കൊല്ലത്തെ ശരിയായ അഭ്യസനം കഴിഞ്ഞശേഷം തിരുവനന്തപുരത്തേക്കു പഠിപ്പിനായി പോയി. അവിടത്തെ പ്രവേശനപ്പരീക്ഷയിൽ ചേൎന്നു ജയിച്ചു. ലേഖകനും മറെറാരാളും മാത്രമേ വിജയികളായുള്ളു. ജ്യേഷ്ഠസഹോദരൻ ജയിച്ചില്ല. അക്കാലത്തു കേവുവള്ളക്കാൎക്കു ശുക്രദശയായിരുന്നു. ചാവക്കാട്ടുമുതൽ തിരുവനന്തപുരം വരെയുള്ള ഗതാഗതവ്യാപാരം മുഴുവനും ഇവരുടെ കൈയിലായിരുന്നു. യാത്രക്കാരുടെ സർവ്വസ്വവും ഇവരുടെ കരുണാകടാക്ഷത്തെ ആശ്രയിച്ചാണിരുന്നതു്.

യാത്രക്കാർ അവരുടെ ആജ്ഞയ്ക്കധീനന്മാരുമായിരുന്നു. തിരുവനന്തപുരത്തു പോകുക എന്നുള്ളതു നാലഞ്ചു ദിവസത്തെ ജോലിയായിരുന്നു. എന്നല്ല കുറച്ചൊക്കെ അപകടവും ഇല്ലാതിരുന്നില്ല. ഈ വർഗ്ഗക്കാർ ഇപ്പോൾ നാമാവശേഷമായിപ്പോയി. എന്നും വ്യസനിക്കാതെ നിവൃത്തിയില്ല. അവരുടെ താവളസ്ഥലങ്ങളുമെററും ശ്ലോകരൂപേണ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ഇവരിലും പദ്യകൃത്തുകൾ കുറവല്ലായിരുന്നുവെന്നു തോന്നുന്നു.

“കൊല്ലം പൊന്നായിരംതെങ്ങു
തൃക്കുന്നപ്പുഴയമ്പലം
ആയ്യാടത്താഴക്കാട്ട് വൈക്കം
ക്രശ്മം മുളകു ശക്കര
ഊഴം, കാക്ക, തൃപ്പറചാ”

ലോകോപകാരികളായ അവരുടെ ആത്മാക്കൾക്കു നിത്യശാന്തിയെ പ്രാർത്ഥിക്കതന്നെ. ആ സുവർണ്ണകാലം ഇനി ഉണ്ടാകാൻ പോകുന്നുവോ?

കേവുവള്ളത്തിലെ യാത്രതന്നെ ഒരുതരം വിദ്യാഭ്യാസം നൽകിയിരുന്നു. വള്ളക്കാരുടെ “ഭാഷ”തന്നെ അസാധാരണമാണ്. നിഘണ്ടുവിൽ കാണാത്ത പദങ്ങളും വ്യാകരണസൂത്രം ലംഘിക്കുന്ന പ്രയോഗങ്ങളും ഒക്കെ അവരിൽനിന്നു നമുക്കു ഗ്രഹിക്കാൻ സാധിക്കും. മനുഷ്യസ്വഭാവം വിവിധമാണെന്നാണു പറയുന്നതെങ്കിലും കേവുവള്ളക്കാരുടെ സ്വഭാവം ഒട്ടുമുക്കാലും ഒരുപോലെതന്നെയാണെന്നാണ് അനുഭവംകൊണ്ടു തോന്നുന്നതു്. ഇതുപോലെത

ന്നെ "കല്ലിലും, വൃക്ഷത്തിലും, നദിയിലും നിന്നും ജ്ഞാനം ഗ്രഹിക്കാ"മെന്നാണല്ലൊ ഷേക്‌സ്പീയർ പറയുന്നതു്. കേവുവള്ളക്കാരെ അദ്ദേഹത്തിനു പരിചയം ഇല്ലായിരുന്നുവെന്നു തോന്നുന്നു.

ലേഖകൻ തിരുവനന്തപുരം കാളേജിൽചെന്നു മട്രിക്കുലേഷൻക്ലാസ്സിലും ജ്യേഷ്ഠസഹോദരൻ അതിനു കീഴുള്ള ക്ലാസ്സിലും ചേൎന്നു പഠിച്ചുതുടങ്ങി. ഒരു പുതിയതും ശോഭനവുമായ ലോകം ലേഖകന്റെ മുമ്പിൽ അപാവൃതമായി കാണപ്പെട്ടു. ഒരു ശാന്തവും പ്രസന്നവുമായ നഭോമണ്ഡലവും ചുററും കാണാറായി. അഞ്ചുകൊല്ലം ഇവിടെ "വിദ്യ" അഭ്യസിച്ചു. തന്റെ കുട്ടംബം വകയായി ഒരു പറമ്പും ഒരു ഗൃഹവും അവിടെ ഉണ്ടായിരുന്നു. ഒരു ജ്യേഷ്ഠസഹോദരൻ ഉദ്യോഗമായി അവിടെ താമസിച്ചും ഇരുന്നു. അതുകൊണ്ടു് ഗൃഹത്തിൽ ബുദ്ധിവികാസത്തിനും സ്വഭാവസംസ്കരണത്തിനും പ്രതികൂലമായി യാതൊന്നുംതന്നെയില്ലായിരുന്നു. ഇദ്ദേഹത്തിന്റെ ശാസനയും ഉപദേശവും വേണ്ടവഴിക്കുതന്നെയായിരുന്നു. സാധാരണയായി ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതായ ഗൃഹശല്യങ്ങളും കുറഞ്ഞിരുന്നു. ശ്രീമാൻ കുഞ്ഞുണ്ണിമേനവൻ അടുത്തുതന്നെ താമസിച്ചിരുന്നതിനാൽ സംശയനിവൃത്തിക്കും സഹായത്തിനും ഉണ്ടായിരുന്നു. ഇതൊക്കെയുംകൊണ്ടു ലേഖകന്റെ വിദ്യാഭ്യാസത്തിന്റെ ഗൃഹ്യവശം സുരക്ഷിതമായിത്തന്നെ ഇരുന്നു. ക്രമേണ ഒരുവിധം രൂപവൽക്കരിക്കപ്പെട്ടുവന്ന സ്വഭാവാംശങ്ങൾക്കു സ്വയം വളൎച്ചയും ദൃഢതയും ലഭിക്കുന്നതിനും പ്രതിബന്ധം ഉണ്ടായില്ല. ഉറച്ചുവരുന്ന ശീലങ്ങൾ

ക്കും വിപരീതപരിതഃസ്ഥിതിയുടെ അഭാവത്തിൽ ഇളക്കംതട്ടുന്നതിനും ഇടയുണ്ടായില്ല.

ഇനി വിദ്യാലയത്തിലെ സ്ഥിതി നോക്കാം. കാളേജു തന്നെ ആരംഭിച്ചിട്ട് അന്നു നാലുകൊല്ലം മാത്രമേ ആയിരുന്നുള്ളു. അതിൻെറ യശസ്സും സൃഷ്ടിഘട്ടത്തിൽ മാത്രമായിരുന്നു. അതുകൊണ്ടു ഗവർമ്മെണ്ടും പുതിയ മേധാവികളും അതിൻെറ പോഷണത്തിലും വിജയത്തിലും സദാ ജാഗരൂകന്മാരായിരുന്നു. അദ്ധ്യാപകന്മാരേയും വിവേകപൂർവ്വം തിരഞ്ഞെടുത്തിരുന്നു. എല്ലാംകൊണ്ടും അതു് അക്കാലത്തു ഒരു മാതൃകാസ്ഥാപനം ആയിരുന്നു. യൌവനവും ഉത്സാഹവും ഉൽക്കർഷേച്ഛയും വൈദഗ്ഷ്യവും, അവിടെ പ്രതിനിധീകരിക്കപ്പെട്ടിരുന്നു. പ്രസിദ്ധന്മാരായ മിസ്ററർ റാസ്സ്, ഡാക്ടർ ഹാർവി ഇവരായിരുന്നു പ്രധാന ഉപദേഷ്ടാക്കൾ. ഈ മഹാന്മാരുടെ സുപൂജിതമായ അധീനത്തിൽ അല്പകാലംപോലും ഇരിക്കുവാൻ അവസരം ലഭിച്ചവൎക്കു ജന്മസാഫല്യം സിദ്ധിച്ചുവെന്നുതന്നെ പറയാം. അവർ പഠിപ്പിക്കുന്ന വിഷയങ്ങളിൽനിന്നും ലഭിക്കുന്ന ജ്ഞാനമല്ല പ്രധാനമായിട്ടുള്ളതു്; അവരുടെ സുചരിത്രത്തിൽനിന്നും, നിശ്ശബ്ദമായി, സദാ നിർഗ്ഗമിക്കുന്ന അനന്യസാധാരണമായ പ്രേരണാശക്തിയാണ്, അവരുടെ ശിഷ്യവർഗ്ഗത്തിനു, സ്വഭാവസംസ്കരണവിഷയത്തിൽ ഫലഭൂയിഷ്ഠമായി ഭവിച്ചതു്. നാം വിദ്യാഭ്യാസമെന്നു പേർ പറയുന്നതല്ല, അപ്രകാരം ഗണിക്കാത്തതും പറയപ്പെടാത്തതും ആയ വസ്തുവാണ് നമുക്കു യഥാൎത്ഥവിദ്യാഭ്യാസമായി ഭവിക്കുന്നതെ”ന്നു മഹാന്മാർ പറഞ്ഞിട്ടുള്ളതു് എത്രയോ വാസ്തവമാണ്. മിസ്റ്റർ

റാസാകട്ടെ മനുഷ്യസ്വഭാവം ഗ്രഹിക്കുന്നതിൽ അതിവിദ ഗ്ദ്ധനായിരുന്നു. ഡാക്ടർ ഹാർവി തത്വജ്ഞാനിയുമായിരു ന്നു. അതിനാൽ ഇവരിരുവരുടെയും സംയുക്തവും ബലവ ത്തുമായ പ്രേരണാശക്തിക്ക് എന്താണ് അസാദ്ധ്യമായി രുന്നത്. ഇവരുടെ ശിഷ്യവാത്സല്യം അപാരമായിരുന്നു. അഞ്ചുകൊല്ലം ഈ സുപ്രസന്നസാന്നിദ്ധ്യം അനുഭവിക്കാൻ ഭാഗ്യമുണ്ടായ ലേഖകനിൽ ഇന്നു വല്ല ഗുണവുമുണ്ടെങ്കിൽ അതു തൽഫലം തന്നെയാണെന്നു കൃതജ്ഞതാപൂർവം പറ ഞ്ഞുകൊള്ളുന്നു. ഇന്ന് ഇവർ യശശ്ശരീരന്മാരാണെങ്കിലും ശിഷ്യരുടെ സ്മരണയിൽ ഇന്നും ജീവിക്കുന്നു. ഇവരെ ഇ രുവരെയും കൂടാതെ പൂജ്യന്മാരും പ്രത്യേകയോഗ്യതകൾ ക്കു തിരഞ്ഞെടുക്കപ്പെട്ടവരുമായ എ. ഗോവിന്ദപ്പിള്ള, വാ സുദേവറാവു, രംഗറാവു, ആർ. എസ്സ്. ഷെപ്പർഡ്, വള്ളിയാനന്ദമുതലിയാർ, സുന്ദരംപിള്ള, കോവുണ്ണിനെ ടുങ്ങാടി, രാമക്കുറുപ്പ് മുതലായി പലവിധത്തിൽ പ്രസി ദ്ധി നേടിയിരുന്നവരും ഇക്കാലത്തിൽ കാളേജ് അദ്ധ്യാ പകന്മാരായിരുന്നു. അവരുടെ സുനിയതമായ അദ്ധ്യാപ നത്തിൽനിന്നും അനുകരണീയമായ ദൃഷ്ടാന്തത്തിൽനിന്നും ലേഖകൻ പലതും ഗ്രഹിച്ചിട്ടുണ്ടെന്നും നന്ദിപൂർവം പ്രസ്താ വിക്കേണ്ടിയിരിക്കുന്നു. സുചരിതന്മാരായ അവരുടെ സ്വ ഭാവനൈർമ്മല്യത്തിൻെറ അല്പമായ ഛായയും ലേഖകൻെറ ചേതോദർപ്പണത്തിൽ പ്രതിബിംബിച്ചിരിക്കാൻ ഇടയുണ്ട്. ഇനി ലേഖകൻെറ സതീർത്ഥ്യന്മാരെ നോക്കാം. ഓരോക്ലാ സ്സിലും ഇപ്രകാരം ഒട്ടനേകംപേർ ഉണ്ടായിരുന്നുവെങ്കിലും ഇ വരിൽ കുറച്ചുപേർക്കു മാത്രമെ ലേഖകനെ അവരുടെ നിരന്ത

രസാഹചര്യാദികൾകൊണ്ട് അല്പമായെങ്കിലും പ്രേരിപ്പിക്കാൻ സാദ്ധ്യമായിരുന്നുള്ളു. ഇവർ മെസ്സേഴ്സ് ലെബ്ഷഡ്വിയർ, രാമകൃഷ്ണയ്യർ, രാമചന്ദ്രറാവു, കെ. സി. ശങ്കരമേനോൻ, സി. വി രാമൻപിള്ള, മുത്തുകുമാരസ്വാമിപ്പിള്ള, ടി ആർ. അനന്തൻപിള്ള മുതലായി പിന്നീടു ഏറെക്കുറെ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളവരായിരുന്നു. ഇവർകൂടാതെ അടുത്ത മേലും കിഴും ക്ലാസ്സുകളിൽ വായിച്ചിരുന്ന മെസ്സേഴ്സ് താണുപിള്ള, ഗോപാലമേനോൻ, എം. കൃഷ്ണപിള്ള, കുഞ്ഞുകൃഷ്ണപ്പണിക്കർ, ശങ്കരപ്പിള്ള, സി. എം. മാതേവൻപിള്ള മുതലായി കടാചില്ലസാഹചര്യംകൊണ്ടു പ്രേരിപ്പിച്ചവരും ചിലർകൂടി ഉണ്ടായിരുന്നു. ലേഖകൻ ഇവരിൽ പലരിൽനിന്നും പല സ്വഭാവാംശങ്ങളും ആദാനം ചെയ്തിരുന്നിരിക്കാം. എന്നാൽ ലേഖകനിൽ അനുകരണഭ്രമം അന്നും ഇന്നത്തേപ്പോലെ, കുറഞ്ഞുതന്നെയിരുന്നതിനാൽ, സാരാംശങ്ങൾമാത്രം ഗ്രഹിക്കാനെ താൻ സന്നദ്ധനായിരുന്നുള്ളു. ഏതെങ്കിലും ഇവരും തന്റെ വിദ്യാഭ്യാസവിഷത്തിൽ ഒരു ഭാഗം വഹിച്ചിരുന്നുവെന്നു സംവദിക്കാതിരിക്കാൻ തരമില്ല. ഇവരിൽ മിക്കവരുടെ സ്വഭാവത്തിൽ അന്നും ഒരുവിധം ഗൌരവം അസ്പഷ്ടമായി കണ്ടുതുടങ്ങിയിരുന്നു. ഇനി പാഠ്യപുസ്തകങ്ങളുടെ കാര്യമാണ് ചിന്തിക്കാനുള്ളതു്. പാഠ്യപുസ്തകങ്ങൾ, ഒരു വിദ്വൽസഭയാൽ നിർദ്ദേശിക്കപ്പെട്ടിരുന്നവയാകകൊണ്ട് അധികമൊന്നും ചിന്തിക്കേണ്ട ആവശ്യമില്ല. അവ പ്രായേണ ഉൽകൃഷ്ടാശയജലാശയങ്ങളും ഉത്തമാദർശപത്മാകരങ്ങളുമായിരുന്നതുകൊണ്ടു് അവയുടെപാരായണം ബുദ്ധിസംസ്ക

രണത്തിനും സ്വഭാവവികാസത്തിന്നും ഏററവും ഉപയുക്തങ്ങളായിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ. ഷേക്സ്പിയർ, മിൽട്ടൻ, സ്കാട്ട്, കാർലൈൻ, ഇർവിങ്ങ് ഗോൾഡ്സ്മിത്ത്, കൌപ്പർ, പോപ്പ്, മെക്കാളി, ടെനിസൺ, ഗ്രെ മുതലായ സുപ്രസിദ്ധ ആംഗലസാഹിത്യകാരന്മാരുടെ കൃതികളായിരുന്നു ഭാഷാവിഷയമായി പഠിക്കുവാനുണ്ടായിരുന്നത്. ഭാഷാനൈപുണ്യത്തിനും പുറമെ ഇവയിൽനിന്നും ഗ്രഹിച്ചിട്ടുള്ള ആദർശങ്ങളും ആശയങ്ങളും ഇന്നും ലേഖകൻെറ ചിന്തയേയും ജീവിതത്തേയും നിയമനം ചെയ്തുവരുന്നുണ്ടെന്നു പറയാതെ കഴികയില്ല. മററുവിഷയങ്ങളിലുള്ള പുസ്തകങ്ങളെപ്പററി വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. എങ്കിലും തത്വജ്ഞാനം, സന്മാർഗ്ഗവിജ്ഞാനീയം, മനഃശാസ്ത്രം, തർക്കം മുതലായവ പഠിക്കുന്നതിൽനിന്നുണ്ടാകുന്ന സൽഫലത്തിൻെറ രുചി ഇന്നും ലേഖകനെ വിട്ടുപോയിട്ടില്ലെന്നു സംക്ഷിപ്തമായി പറയാം. അക്കാലത്ത്- അതിൻെറ പ്രാരംഭകാലമായിരുന്നതിനാൽ, കാളേജിൽ യാതൊരുവിധമായ വിനോദമോ, കളികളൊ, കായികാഭ്യാസമൊ ഒന്നാതന്നെ ഇല്ലായിരുന്നു. ഡാക്ടർ ഹാർവിയുടെ അദ്ധ്യക്ഷതയിൽ ഒരു വാദപ്രതിവാദസംഘം ആഴ്ചയിൽ ഒരുദിവസം നടന്നുവന്നിരുന്നു. അതു് അന്നത്തെ വാഗ്മികളുടെ അഭ്യസനകളരിയായിരുന്നു. ഒഴിവുദിവസങ്ങളിൽ ലേഖകനും ചിലക്കൂട്ടുകാരും അതിരാവിലെ താമസസ്ഥലത്തുനിന്നും രണ്ടുമൈലിലധികം ദൂരമുണ്ടായിരുന്ന ആരാമത്തിൽപോകുക പതിവായിരുന്നു. ഇതുകൊണ്ട് വ്യായാമവും പ്രകൃതിപഠനവും ഒരുവിധം സാധിച്ചു. ഈപതിവു് നിരന്തരമായ പുസ്തകസഖ്യംകൊണ്ടു

ക്ഷീണിച്ചിരുന്ന പ്രധാന ജ്ഞാനേന്ദ്രിയമായ നയനത്തിനും മനസ്സിനും പുതിയതായ ഉന്മേഷവും പ്രവൃത്തിശക്തിയും നൽകുന്നതിനുപയുക്തമായിരുന്നു. സദാ ആകർഷണീയമായ പ്രകൃതിയുടെ സ്മേരവദനസന്ദർശനംതന്നെ ഒരുതരം വിദ്യാഭ്യാസമായിരുന്നു. ഒരു കവി പറയുന്നതുപോലെ "ഉപത്യകയിലുള്ള ചെറുപുഷ്പങ്ങളും, നഭസ്സിൽ പ്രസരിക്കുന്ന ലഘുഗാനങ്ങളും, നിത്യപരിചിതങ്ങളായ വായുവും, ഭൂമിയും ആകാശവുംതന്നെ അപാവൃതദ്വാരത്തോടുകൂടി സ്വർഗ്ഗംതന്നെയായിരുന്നു." ഉത്തമന്മാരായ അദ്ധ്യാപകന്മാരും സരസന്മാരായ സതീർത്ഥ്യന്മാരും വിശിഷ്ടങ്ങളായ പുസ്തകങ്ങളും ഇടയ്ക്കിടെ പ്രകൃതിയുമായുള്ള സല്ലാപവും ശല്യഹീനമായ ഒരു ഗൃഹവും വിദ്യയിലേക്കു പ്രവണമായ ഒരു മനസ്സും ഉണ്ടായാൽപിന്നെ വിദ്യാഭ്യാസത്തിനു മററുപകരണങ്ങളൊന്നും ആവശ്യമില്ലല്ലൊ. പ്രതിവർഷം കാളേജിൽ മഹാരാജാക്കന്മാരെഴുന്നള്ളി സമ്മാനദാനം നടത്തിവന്നതും പ്രോത്സാഹജനകമായ ഒരു സംഗതിയായിരുന്നു. ഇപ്രകാരമുള്ള ഒരു പരിതഃസ്ഥിതിയിൽനിന്നും ഒന്നും ഗ്രഹിക്കാതെ പുറത്തുപോകുവാൻ ആൎക്കും സാധിക്കുമെന്നു തോന്നുന്നില്ല. ലേഖകനും ഏതെല്ലാമൊ ചിലതെല്ലാം ഗ്രഹിച്ചുകൊണ്ടാണു പുറത്തിറങ്ങിയതു്. എങ്കിലും ലേഖകൻെറ വിദ്യാഭ്യാസത്തിൻെറ പ്രധാന ഘട്ടം ആരംഭിച്ചുവെന്നുപറവാനേ തരമുള്ളു.

കാളേജു വിട്ടതിനുശേഷം ലേഖകൻ ഒരു അദ്ധ്യാപകനായിട്ടാണു ലോകരംഗത്തിൽ പ്രവേശിച്ചതു്. മാവേലിക്കര സ്പെഷ്യൽസ്കൂളിലും പിന്നീടു ആലപ്പുഴ, കോട്ടാർ, പറവൂർ മുതലായ ഹൈസ്കൂളുകളിലുംകൂടി ലേഖകൻ മുപ്പത്തി

ഒന്നുകൊല്ലം ഈ ജോലി വഹിച്ചിരുന്നു. ഇവിടെയും "അദ്ധ്യാപകനെ"ന്ന പേരിലാണെങ്കിലും "അദ്ധ്യേതാവെ"ന്ന നിലയിലാണ് ലേഖകൻ വർത്തിച്ചിരുന്നത്. അന്യന്മാരെ വിദ്യ അഭ്യസിപ്പിക്കുന്ന ചുമതലയാണ് തന്നിൽ നിക്ഷിപ്തമായിരുന്നതെങ്കിലും തന്റെ വിദ്യാഭ്യാസത്തിൽ പ്രത്യേകം ജാഗരൂകനായിരുന്നു. ലേഖകൻ താൻ പഠിച്ചതു പഠിപ്പിക്കയല്ല, പഠിച്ചുപഠിപ്പിക്കുകയാണു ചെയ്തതു്. ഉള്ളതും വച്ചുകൊണ്ടു പഠിപ്പിക്കാൻ പുറപ്പെടുന്ന അദ്ധ്യാപകന്മാരെ വിദ്യാർത്ഥികൾ "കുഴയാക്കുക" പതിവാണെന്നു തനിക്കറിയാമായിരുന്നതിനാൽ, ലേഖകൻ പാഠ്യപുസ്തകങ്ങൾ മാത്രമല്ല അവയെ സംബന്ധിച്ചുള്ള മററു പലതും സശ്രദ്ധം വായിച്ച് വിദ്യാർത്ഥികളുടെ അനന്യസാധാരണമായ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻ ശ്രമിച്ചുവന്നു. ഏതദ്ധ്യാപകന്റേയും വിജയം ഇതിനെയാണ് ആശ്രയിച്ചിരിക്കുന്നതു്. ഭാഷയും വ്യാകരണവുമാണ് ലേഖകൻ പ്രധാനമായി പഠിപ്പിച്ചുവന്നതു്. അതിൽ അല്പം വാസനയും ഉണ്ടായിരുന്നു. അതുകൊണ്ടു് ആ വിഷയത്തിൽ അസാമാന്യമായ പരിശ്രമം ചെയ്തുവന്നു. ഭാഷാജ്ഞാനം കൂടാതെ ആശയങ്ങളും ആദർശങ്ങളും ഒട്ടധികം സംഗ്രഹിക്കയും അവസരംപോലെ ഉപദേശിക്കയും ഉപയോഗിക്കയും ചെയ്തുവന്നു. ഇന്നത്തെ ലേഖനങ്ങളിൽ വല്ല കഷണങ്ങളുമുണ്ടെങ്കിൽ ഇവതന്നെയാണ്. ഇതുകൂടാതെ സംസ്കൃതത്തിലും മലയാളത്തിലും പ്രത്യേകം പരിശ്രമിച്ചുവന്നു. അദ്ധ്യാപകവൃത്തിയിലിരുന്ന കാലത്തെല്ലാം താനാണ് അദ്ധ്യേതാക്കളേക്കാൾ അധികം പഠിച്ചിട്ടുള്ളതു്. മനുഷ്യസ്വഭാവം ഗ്ര

ഹിക്കുന്നതിന്നും ലേഖകന്നു സൌകൎയ്യം ലഭിച്ചു. എന്നാൽ താൻ പ്രധാനാദ്ധ്യാപകനായിരുന്നതുകൊണ്ട് അദ്ധ്യാപനം മാത്രമല്ലായിരുന്നു തൻെറ ജോലി- സഹായാദ്ധ്യാപകന്മാരെക്കൊണ്ടു ശരിയായി ജോലിചെയ്യിപ്പിക്കുന്നതിന്നും അസംഖ്യം വിദ്യാൎത്ഥികളുടെ സുശിക്ഷണത്തിന്നും താൻ ചുമതലപ്പെട്ടിരുന്നു. സഹായാദ്ധ്യാപകന്മാരെ ഒരുമാതിരി നയോപായംകൊണ്ടും അദ്ധ്യേതാക്കളെ സ്നേഹവാത്സല്യംകൊണ്ടും വശംവദരാക്കുകയും ഭരിക്കയും ചെയ്തുവന്നു. സ്കൂളിലുള്ള എല്ലാ ബാലന്മാരുടെയും ചരിത്രം ചോദിച്ചു മനസ്സിലാക്കുകയും അവരുടെ നടത്തയേയും പഠിപ്പിനേയും നിയന്ത്രിക്കയും ചെയ്തുവന്നു. എല്ലാംകൊണ്ടും വിദ്യാലയം മനുഷ്യസ്നേഹത്തിൻെറ ബീജപ്രരോഹജനനിയായിരുന്നു. അന്യസ്കൂളുകളിൽ വഴക്കുണ്ടാക്കീട്ടുള്ള പല അദ്ധ്യാപകന്മാരേയും തൻെറ കീഴിൽ നിയമിക്കുന്നതു സാധാരണയായിരുന്നു. എന്നാൽ തൻെറ അധീനത്തിൽ വന്നതിന്നുശേഷം അവർ യാതൊരു കുസൃതിയും കാണിച്ചിട്ടില്ലെന്നുതന്നെയല്ല മാതൃകാദ്ധ്യാപകന്മാരായും തീൎന്നിരുന്നു. ഇതുകൂടാതെ മേലധികാരികളോടും ഉത്തരം പറയേണ്ടതായിരുന്നു. പ്രായേണ അവരാരും ലേഖകൻെറനേരേ പുരികം ചുളിക്കുക പതിവില്ലായിരുന്നു. തീരെ ഇല്ലെന്നുമില്ല. ഇതു തൻെറ വിദ്യാഭ്യാസത്തിൻെറ ഒരു ദുൎഘടഘട്ടമായിരുന്നു. എന്നാൽ ലേഖകൻ ഇവിടെ നിന്നും പല പാഠങ്ങളും പഠിക്കാതിരുന്നില്ല. രക്ഷാകൎത്താക്കന്മാരിൽനിന്നും തെററിദ്ധാരണമൂലം പലപ്പോഴും പരാതികൾ ഉണ്ടാകാറുണ്ട്. അവരേയും യഥാകേനപ്രകാരേണ തൃപ്തിപ്പെടുത്തേണ്ട ഭാരവും ഉണ്ടായിരുന്നു. ആകപ്പാടെ

വിദ്യാലയാധിപത്യം അന്നും കേവലം ഒരു കണ്ടകശയ്യ അ ല്ലായിരുന്നെങ്കിലും നിശ്ചയമായും ഒരു പുഷ്പതല്പമല്ലായിരു ന്നു. മേലധികാരികൾ, സഹായാധ്യാപകന്മാർ, വിദ്യാ ൎത്ഥികൾ, രക്ഷാകൎത്താക്കന്മാർ, സാമാന്യജനങ്ങൾ ഇവരോ ടെല്ലാം ഉത്തരം പറയേണ്ടതായി ഇതുപോലെ വേറേ ഒരു ജോലിയുമുണ്ടോ എന്നു സംശയമാണു്. ഇതിൽ സാമാ ന്യജനങ്ങളുടെ കാൎയ്യമാണു വിഷമം. ഇവർ പുറപ്പെടുവി ക്കുന്ന അഭിപ്രായങ്ങൾക്കും കല്പിക്കുന്ന വിധികൾക്കും അടി സ്ഥാനം വേണമെന്നു വച്ചിട്ടില്ല. ഇതു് അവരുടെ സ്വാത ന്ത്ര്യാവകാശങ്ങളിൽ ഒന്നാണത്രെ. ഇവൎക്കാരോടും ഉത്തര വാദിത്വവും ഇല്ലല്ലൊ. അതുകൊണ്ടു് ഇവരെ തൃപ്തിപ്പെടു ത്തുന്ന കാൎയ്യമാണു പ്രയാസം. ക്ഷമ, ശാന്തി, സാമം, മൌനം മുതലായവയുടെ സഹായംകൊണ്ടു് ഈ വൈതര ണിയേയും ഒരുവിധം കടന്നുവെന്നു പറയാം. ഇതു ആൎക്കും ഒരു ആത്മസംയമനത്രപേണയുള്ള വിദ്യാഭ്യാസം നൽകാതി രിക്കയില്ല. ലേഖകൻ വിവിക്തസേവിയും "യതവാക്കായ മാനസ"നുമായിരുന്നതിനാൽ അധികം സ്നേഹിതന്മാരുണ്ടാ യിരുന്നില്ല. എന്നാൽ ഉള്ളവർ അവരുടെ സൽസ്വഭാവ ത്തിനുവേണ്ടി വരിക്കപ്പെട്ടവരായിരുന്നു. മററു പലതരം ആളുകളുമായി ഇടപെടേണ്ടിവന്നിരുന്നുവെങ്കിലും ലേഖ കന്റെ സ്വഭാവം ഇക്കാലംകൊണ്ടു് ഒരുവിധം ഉറച്ചിരുന്ന തിനാലും അനുകരണസ്വഭാവം ഇല്ലാതിരുന്നതിനാലും അ തൊന്നും ബാധകമായി ഭവിച്ചില്ല. ഈ ഘട്ടത്തിലും ജ്ഞാ നസമ്പാദനത്തിനുള്ള അവസരം ലേഖകൻ വൃഥാ കള ഞ്ഞില്ല. "പ്രകൃതിലോകം" "മനുഷ്യലോകം" ഇവയുടെ

നിരീക്ഷണം, പുസ്തകപത്രപാരായണം, ചിന്തനം, അദ്ധ്യാപനം മുതലായ വഴികഠ ലേഖകൻ തന്റെ കൃശമായ ജ്ഞാനഭണ്ഡാഗാരത്തെ അല്പാല്പമായി വൎദ്ധിപ്പിച്ചുകൊണ്ടിരുന്നു. കുടുംബഭരണവും ഇതിനിടയ്ക്കു വഹിക്കേണ്ടതായിരുന്നു. എന്നാൽ അതിനു വിദ്യാഭ്യാസവശം കുറഞ്ഞിരുന്നതിനാൽ ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഇവിടെനിന്നും ഒന്നും പഠിക്കാതെയിരുന്നില്ല "നാടു ഭരിക്കാം, വീടു ഭരിക്കാൻ പ്രയാസമാണു്" എന്നുള്ള ലോകോക്തിയുടെ വാസ്തവം പ്രത്യക്ഷമായി ഗ്രഹിച്ചു. ഒരു വിദ്യാലയം ഭരിച്ച ആഠംക്കു ഇതത്ര ദുഷ്കരമല്ലെന്നു ഏതാക്കഠം മനസ്സിലായി. എന്നല്ല, ജീവിതത്തിന്റെ വിവിധസരണികളിലും തുറന്ന കണ്ണോടുകൂടിയ മനുഷ്യനു് വിദ്യാഭ്യാസത്തിനു ധാരാളം സൌകൎയ്യം ഉണ്ടു്. ജീവിതം മുഴുവനും വിദ്യാഭ്യാസകാലം തന്നെയാണു്. എന്നാൽ എത്രയോപേർ അതിനെ പലവിധത്തിൽ വ്യൎത്ഥമാക്കുകയും ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു. വിദ്യാഭ്യാസം എന്നുള്ളതു് ഇതരജന്തുക്കഠംക്കനുവദിച്ചിട്ടില്ലാത്ത ഒരു സൌജന്യമാണു്. എന്നാൽ ഈ പരമാൎത്ഥം നമ്മിൽ അധികംപേരും ഇതേവരെ ഗ്രഹിച്ചിട്ടുണ്ടോ എന്നു് നമ്മുടെ പ്രവൃത്തിയിൽനിന്നും സംശയിക്കേണ്ടിയിരിക്കുന്നു. ലേഖകൻ ഒന്നുരണ്ടു കൊല്ലം വിദ്യാലയപരിശോധകസ്ഥാനവും വഹിച്ചിരുന്നു. ഇക്കാലത്തും താൻ ഒരു വിദ്യാൎത്ഥിയായിത്തന്നെ വൎത്തിച്ചിരുന്നു. മനുഷ്യസ്വഭാവത്തിന്റെ വിവിധത്വം നോക്കി ഗ്രഹിക്കുന്നതിനുള്ള യാതൊരവസരവും ഉപേക്ഷിച്ചുകളഞ്ഞില്ല. അനേകം ആളുകളുമായിട്ടിടപെടേണ്ടിയിരുന്ന

തിനാൽ തന്റെ സ്വഭാവത്തിന്റെ പരുഷഭാഗത്തെ പരോപദ്രവംതട്ടാതിരിക്കത്തക്കവണ്ണം കഴിയുന്നതും ഉരച്ചുനിരപ്പാക്കുവാൻ ശ്രമിക്കാതെയിരുന്നില്ല. ഇനിയും നിരപ്പാക്കുവാൻ പലഭാഗങ്ങളും ഉണ്ടെന്നുള്ള ബോധവും ഉണ്ടു്. ഈ ജോലിനിമിത്തം രാജ്യം ഒട്ടുക്കു് സഞ്ചരിക്കുന്നതിനും അനേകം മഹാന്മാരുമായിട്ടു് പരിചയപ്പെടുന്നതിനും പലതും ഗ്രഹിക്കുന്നതിനും ലേഖകനു സൌകൎയ്യം ഉണ്ടായി. ഇതൊക്കെയും കഴിഞ്ഞു ലേഖകൻ 1084-മാണ്ടു് കുംഭത്തോടുകൂടി സൎക്കാർജോലിയിൽനിന്നും വിരമിച്ചു. ഇതിനിടയ്ക്കും പലവിപത്തുകളും അവയുടെ വിതം ആത്മീയവിദ്യാഭ്യാസവും പാഠങ്ങളും ലേഖകനു നൽകാതിരുന്നില്ല. എന്നാൽ ലേഖകൻ പിന്നെയും വിദ്യാഭ്യാസവിഷയത്തിൽ നിന്നും പിരിഞ്ഞില്ല. അന്നും ഇന്നും വിദ്യാൎത്ഥിതന്നെ. പക്ഷേ ഇന്നു് വൃദ്ധവിദ്യാൎത്ഥിയാണെന്നു മാത്രമെയുള്ളു. അദ്ധ്യാപനം കഴിഞ്ഞു് വീണ്ടും അദ്ധ്യയനം തുടങ്ങിയിരിക്കയാണു്. ഇതാണു് ഒടുവിലത്തെ വിദ്യാഭ്യാസഘട്ടം. ഉദ്യോഗത്തിൽനിന്നും പിരിഞ്ഞിട്ടു് ഇരുപതുകൊല്ലം കഴിഞ്ഞിരിക്കുന്നു. ഇക്കാലം വിശ്രമത്തിനായിട്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതാണെങ്കിലും അധികവും ശ്രമത്തിലാണു വിനിയോഗിക്കപ്പെട്ടിരിക്കുന്നതു. അല്പം ഫലവത്തായ വിദ്യാഭ്യാസവും ഇക്കാലത്താണു് ലേഖകനു സിദ്ധിച്ചിട്ടുള്ളതു്. ഇപ്പോഴത്തെസ്ഥിതി അഭിനയം കഴിഞ്ഞു രംഗംവിട്ടതുപോലെയായിരിക്കുന്നു. ലോകദൃഷ്ടിയിൽനിന്നും അല്പം മറഞ്ഞു; ഉദ്യോഗജീവിതത്തിനു സഹജങ്ങളായ വ്യാകുലതകളും ശല്യങ്ങളും അല്പം കുറഞ്ഞു, വാൎദ്ധക്യവും ആസന്നമായി. പരാധീനതയിൽനിന്നും മോ

ചിക്കപ്പെട്ടു. സ്വന്തകാര്യങ്ങളിൽക്കൂടി ശ്രദ്ധിക്കുവാൻ അവസരം കിട്ടി. കൃത്രിമജീവിതം അവസാനിച്ചു. വിവിക്തസേവനത്തിന്ന് പൂർവാധികം സൌകര്യം സിദ്ധിച്ചു. ചരരാശിയിൽ നിന്നും സ്ഥിരരാശിയിലെത്തി. ഇതേവരെ ഏറെക്കുറെ ബഹിർമുഖമായിരുന്ന മനസ്സ് അന്തർമുഖമായിഭവിച്ചു. യഥാർത്ഥവിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങളെല്ലാം ഉണ്ടായി. എന്നാൽ മുമ്പു കഴിഞ്ഞ ഘട്ടങ്ങളിലെന്നപോലെ ഇവിടെയും വിപത്ത് ഇല്ലാതിരുന്നില്ല. അതും ഒരു വിധം ഗുരുതരമായ വിദ്യാഭ്യാസം തന്നെ ആയിരുന്നു. ഇതു ജീവിതത്തെ അതിന്റെ അലങ്കാരാവരണങ്ങളെ നിശ്ശേഷം മാററി നഗ്നരൂപത്തിൽ പ്രത്യക്ഷപ്പെടുത്തി. ചുരുക്കത്തിൽ നാം "മനുഷ്യരാ"ണെന്നു നമ്മെ ബോധപ്പെടുത്തുന്നത് വിപത്തുതന്നെയാണ്. നമ്മുടെ ജീവിതത്തിലെ സകല അനുഭവങ്ങൾക്കും ഒരു വിദ്യാഭ്യാസമുഖം കൂടിയുണ്ട്. തുറന്ന കണ്ണിനെ അതു കാണ്മാൻ കഴിയൂ. ഉദ്യോഗത്തിൽനിന്നും വിരമിച്ചതിന്റെശേഷം തന്റെ കുട്ടികളുടെ വിദ്യാഭ്യാസത്തിലും, തന്റെ ജ്ഞാനവർദ്ധനയ്ക്കു ഉതകുന്ന എല്ലാവിഷയങ്ങളിലും സ്വമനോനിയമനത്തിലും ശ്രദ്ധാപൂർവം പ്രവർത്തിച്ചുവന്നു. പതിനെട്ടുവർഷത്തെ വിദ്യാഭ്യാസംകൊണ്ടും മുപ്പതുവർഷത്തെ അദ്ധ്യാപനംകൊണ്ടും ലഭിക്കാത്ത പല ഗുണങ്ങളും ഈ ഇരുപതുവർഷത്തെ അനുദ്യോഗജീവിതം ലേഖകനു നൽകിയെന്നു നിസ്സംശയം പറയാം. "തന്നെ താനറിയുക" എന്നുള്ള അപൂർവവും വിശിഷ്ടവുമായ പാഠം ഇക്കാലത്താണു പഠിക്കാൻ സൗകര്യം ലഭിച്ചതു്. ഭാഷാസാഹിത്യത്തിലേക്കു കണ്ണുതിരിച്ചതും ഇക്കാലത്താണ്. പുസ്ത

കങ്ങൾ സശ്രദ്ധം വായിക്കയും, അതിന്റെഫലം ലേഖനരൂപത്തിലും മററും പ്രകാശിപ്പിക്കയും, തന്നെ അഭിമുഖീകരിക്കുന്ന പല വിഷയങ്ങളെപ്പററി ചിന്തിക്കയും, ആ ചിന്തകളെ രേഖപ്പെടുത്തുകയും വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ ഉത്സാഹിക്കയും, വിദ്യാൎത്ഥികളെ അല്പമായി സഹായിക്കയും, അദ്ധ്യാപകന്മാരോട് അനുകമ്പാപൂൎവ്വം പെരുമാറുകയും, പലവിധത്തിൽ അവരെ പ്രോത്സാഹിപ്പിക്കയും അവരുടെ ഉൽക്കൎഷത്തിനു വേണ്ട ഉപദേശങ്ങൾ നൽകുകയും, ഒരു പത്രം ഒരു മാസിക ഇവയുടെ പത്രാധിപത്യം വഹിക്കയും ഒരു ചെറിയ കുടുംബത്തെ വഴിതെററാതെ പരിപാലിക്കയും പരോപദ്രവം ചെയ്യാതെ ഒതുങ്ങിയവിധം ജീവിക്കയും അപൂൎവ്വം ചില സുഹൃത്തുക്കളോടു പരോപകാരം ആദൎശമായി സ്വീകരിച്ചു പ്രവൎത്തിക്കയും ചെയ്തുകൊണ്ടു ഭോഗത്തിൽ അല്പം വിരക്തിയോടും ത്യാഗത്തിൽ പ്രവണബുദ്ധിയോടും ശാന്തിയെ കാമസുരഭിയായി അവലംബിച്ചും പ്രശാന്തമായ ആത്മീയചിന്തയോടും കൂടി ജീവിതം ഒരുവിധം നയിച്ചുവരുന്നു. ലേഖകന്റെ ജീവിതം വിദ്യാഭ്യാസപരമായിരുന്നുവെങ്കിലും അതിനുള്ള സൌകൎയ്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നു പറയാതെ കഴികയില്ല. കളരിയിലും, പള്ളിക്കൂടത്തിലും, കാളേജിലും പിന്നീടു അദ്ധ്യാപകൻ എന്ന നിലയിൽ വിദ്യാലയങ്ങളിലും മനുഷ്യൻ എന്ന നിലയിൽ ലോകമദ്ധ്യത്തിലും ഗൃഹത്തിലും വെളിയിലും നിറഞ്ഞ സദസ്സിലും ഒഴിഞ്ഞ മൂലയിലും ബാല്യത്തിലും യൌവനത്തിലും മദ്ധ്യപ്രായത്തിലും വാൎദ്ധക്യത്തിലും പലപല സ്ഥലങ്ങളിലും

വിപത്തിലും സമ്പത്തിലും വിവിധഅവസ്ഥകളിലും സഞ്ചാരത്തിലും സ്ഥിരവാസത്തിലും ജ്ഞാനസമ്പാദനത്തിനും സ്വഭാവസംസ്കരണത്തിനും ജീവിതനിയമനത്തിനും സംഖ്യാതിതങ്ങളായ അവസരങ്ങൾ നേരിട്ടിരുന്നുവെങ്കിലും പരാധീനതനിമിത്തം അവയിൽ എത്രയോ തുച്ഛമായ ഒരു ഭാഗം മാത്രമേ ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടുള്ളുവെന്നു വ്യസനിക്കുന്നു. അവയിൽ ഭൂരിഭാഗവും ജ്ഞാനേന്ദ്രിയങ്ങളെ സ്പർശിക്കാതെയും മനസ്സിൽ പ്രവേശിക്കാതെയും ചിന്താവിഷയമാകാതെയും സ്വാത്മാംശമായി ഭവിക്കാതെയും പ്രവൃത്തിയിൽ പരിണമിക്കാതെയും വിഫലമായിപ്പോയതേയുള്ളു. മനുഷ്യബുദ്ധിയെ പലവഴിക്കും ആകർഷിക്കുന്ന പലവിധ ശക്തികളെക്കൊണ്ടു ലോകം നിറഞ്ഞിരിക്കുന്നതിനാൽ ഏകാഗ്രബുദ്ധിയോടുകൂടി വർത്തിക്കുന്നതു് യോഗികൾക്കോ മറേറാ അല്ലാതെ സാധാരണക്കാർക്കു സാദ്ധ്യമല്ല. കിട്ടിയതു ലാഭം എന്നേ വിചാരിക്കുവാനുള്ളു. ഒരു രാജാവു തനിക്കിനി ജയിക്കാൻ ഭൂമിയില്ലെന്നു വ്യസനിച്ചുപോലും. അനന്തമായ വിജ്ഞാനഭൂമിയെ അദ്ദേഹം ജയിക്കാൻ നോക്കിയിരുന്നുവെങ്കിൽ ഇങ്ങിനെ ഒരിക്കലും വ്യസനിക്കയില്ലായിരുന്നു.

ആർ. ഈശ്വരപിള്ള ബി. എ.

---

# പ്രകൃതിചികിത്സ.

ഒരുകാലത്തു് ഇവിടെ പ്രകൃതിചികിത്സയ്ക്കു വലിയ പ്രചാരമായിരുന്നു. മഹാത്മാഗാന്ധിയുടെ നിസ്സഹകരണം ഹിമവാൻമുതൽ കന്യാകുമാരിവരെ ഓളം തള്ളിയതുപോലെ ക്രൂണിസിസ്റ്റവും കേരളക്കരയിൽ ഒരു വിജയയാത്ര നടത്തിയിരുന്നു. ക്രൂണിസിസ്റ്റത്തെ തലയിൽവെച്ചു ആരാധിച്ചവരിൽ പലരും ഉപ്പും മുളകും ഇറച്ചിയും തേടി നടക്കുന്നവരായിട്ടാണറിയുന്നതു്. വെള്ളത്തിലിരുന്നും, ഉപ്പും മുളകും പുളിയും ഉപേക്ഷിച്ചും അരപ്പട്ടിണികിടന്നും തളൎന്നപ്പോൾ മുളകുകറിയും രസാളയും മത്സക്കറിയും മററും കഴിക്കുവാൻ ചിലരുടെ നാവുകൾ ജലസ്രവണം ചെയ്തതിൽ അത്ഭുതപ്പെടുവാനില്ല. എല്ലാ ചികിത്സകൾക്കും വൈദ്യന്മാരുണ്ടല്ലോ. എന്നാൽ പലരും 'ക്രൂണി'നോക്കിയിട്ടുള്ളതു് എങ്ങോണ്ടുനിന്നു കിട്ടിയ അല്പജ്ഞാനത്തെ അടിസ്ഥാനമാക്കി തന്നത്താനാണ്. ജലമാഹാത്മ്യം മനസ്സിലാക്കിയ ഒരാൾ ചളി കലങ്ങിയതും ഓരുചുവയ്ക്കുന്നതുമായ ജലംപോലും പാനംചെയ്യുന്നതുകൊണ്ടു ദോഷമില്ലെന്നു പ്രസംഗിച്ചുവത്രെ. ആവികൊണ്ടു വിയൎപ്പിക്കുന്നതിനു ശ്രമിച്ച ഒരു വിദ്വാൻെറ സൎവ്വാംഗം പൊള്ളി ആസ്പത്രിയെ അഭയംപ്രാപിച്ചതായി എനിക്കറിയാം. മുറിപ്പട്ടിണിക്കാരായി പല ക്രൂണിക്കാരും കഴിഞ്ഞുപോകുന്നുണ്ടു്. ലഹരിപദാൎത്ഥഭുക്തി, മൈഥുനം മുതലായവയെപ്പററിയുള്ള ക്രൂണിയുടെ ഉപദേശങ്ങളെ നിശ്ശേഷം ത്യജിച്ചു്, പച്ചയരിമാത്രമുണ്ടുകൊണ്ടു് ദിനം ഭേദമാകാ

ത്തതിനു ക്രൂണിയേയും പ്രകൃതിക്കാരേയും അടക്കെ ശപിച്ചു കൊണ്ടു നടക്കുന്ന രസികന്മാരേയും ഞാൻ കാണാതെയിരുന്നിട്ടില്ല. ഈ അനുഭവങ്ങളുണ്ടായപ്പോൾ പ്രകൃതിചികിത്സയെന്നു പറഞ്ഞാലെന്താണെന്നു പരക്കെ ജനങ്ങളറിയത്തക്കവണ്ണം ഒരുപന്യാസം എഴുതണമെന്നുദ്ദേശിച്ചതിൻെറ ഫലമായിട്ടാണു ഞാൻ ഇതെഴുതുന്നതു്.

## പ്രകൃതിചികിത്സയെന്താണു്?

പ്രകൃതിചികിത്സയെന്നു പറഞ്ഞാൽ ക്രൂണിസിസ്റ്റം എന്നർത്ഥമില്ല. പ്രകൃതിയുടെ നിയമങ്ങളനുസരിച്ചു ജിവിച്ചു രോഗങ്ങളെ സുഖപ്പെടുത്തുന്ന സമ്പ്രദായമാണു പ്രകൃതിചികിത്സ. വലിയ പഠിത്തവും അന്വേഷണവും കൂടാതെ ജന്തുക്കൾക്കാവശ്യമുള്ള പ്രകൃതിനിയമങ്ങളറിയുവാൻ അവയ്ക്കു സ്വതസ്സിദ്ധമായ ശക്തിയോ വാസനയോ ജഗന്നിയന്താവു നൽകിയിട്ടുണ്ടു്. മനുഷ്യൻ പ്രകൃതിയുടെ നിയമങ്ങളെ ലംഘിച്ചു് ജീവിച്ചുതുടങ്ങിയതിനോടുകൂടി രോഗങ്ങൾ അസംഖ്യമുണ്ടാകുന്നു. മനുഷ്യനിയമങ്ങളെ ലംഘിച്ചാൽ പീനൽകോടനുസരിച്ചു പല ശിക്ഷകൾ ഉള്ളതുപോലെ പ്രകൃതിനിയമങ്ങളെ അനുസരിക്കാതിരുന്നാൽ രോഗങ്ങളാകുന്ന ശിക്ഷകളാണു പ്രകൃതി നിശ്ചയിക്കുന്നതു്. ഈ ശിക്ഷകൾ കിട്ടാതെയിരിക്കണമെങ്കിൽ പ്രകൃതിയേയും ആ ദേവിയുടെ നിയമങ്ങളേയും നാം ആദരിക്കണം. നാമോ നമ്മുടെ പൂർവന്മാരോ പ്രകൃതിനിയമങ്ങളെ ലംഘിച്ചാൽ നമുക്കു രോഗമുണ്ടാകും. മനുഷ്യനിയമത്തിൽ കുററക്കാരനല്ലാതെ കുററക്കാരൻെറ സന്താനത്തിനു ശിക്ഷയില്ല.

പ്രകൃതി ഇപ്രകാരം രോഗമാകുന്ന ശിക്ഷ നൽകിയാൽ ആ ശിക്ഷ തീൎന്നുപോകുവാൻ വീണ്ടും പ്രകൃതിനിയമങ്ങളനുസരിച്ചാൽ മതി. ചുരുക്കത്തിൽ രോഗകാരണം പ്രകൃതിനിയമലംഘനവും ചികിത്സ പ്രകൃതിനിയമാനുസരണവുമാകുന്നു. രോഗത്തിന്നു കാരണവും ചികിത്സയും ഒന്നേയുള്ളുവെന്നാണു പ്രകൃതിചികിത്സക്കാരുടെ വാദം.

ഈ തത്വത്തെ അല്പംകൂടി വിശദമാക്കാതെ സാമാന്യന്മാൎക്കു മനസ്സിലാകുകയില്ല. നമ്മുടെ ശരീരത്തിൽ ഓജസ്സ്, മനസ്സ്, പഞ്ചഭൂതസഞ്ചിതമായ അവയവങ്ങൾ ഇങ്ങനെ മൂന്നു ഭാഗങ്ങളാണു പ്രധാനമായിട്ടുള്ളത്. ഈ ശരീരത്തെ സംരക്ഷിക്കുന്നതിന്നു ജലം, വായു, ആകാശം, പ്രകാശം, പാൎത്ഥിവാംശം ഇവകൂടാതെ ഇവയെല്ലാം കലൎന്ന ആഹാരസാധനങ്ങളും ആവശ്യമാണ്. പഞ്ചഭൂതങ്ങളെ കൂടാതെ ജീവികൾക്കു ജീവസന്ധാരണം ചെയ്യുവാൻ സാധിക്കുകയില്ല. ഓരോ ജന്തുവിന്റെയും നാക്കിന്നും മൂക്കിന്നും കണ്ണിന്നും സ്വതേ ഇഷ്ടപ്പെടുന്ന ആഹാരമാണു പ്രകൃതിനിയമപ്രകാരമുള്ള ആഹാരം. മററാഹാരസാധനങ്ങൾ എല്ലാം തന്നെ പ്രകൃതി നിഷേധിച്ചിട്ടുള്ളതാണെന്നു നാം മനസ്സിലാക്കണം. ഒരു മാമ്പഴം മനുഷ്യന്റെ നാക്കിന്നും മൂക്കിന്നും കണ്ണിന്നും രസകരമാണ്. എന്നാൽ ഒരു സിംഹത്തിന്നു മാമ്പഴം ഇഷ്ടമല്ലായിരിക്കാം. ഭക്ഷണസാധനങ്ങൾ അവയുടെ പ്രകൃത്യവസ്ഥയിൽ നമ്മുടെ നാക്കിന്നും മൂക്കിന്നും കണ്ണിന്നും രസകരമാണെങ്കിൽ മാത്രമേ നാം അവയെ സ്വീകരിക്കാവൂ. മനുഷ്യനൊഴിച്ചു ഒരു ജന്തുവും ആഹാരം പചിക്കുകയോ വസ്ത്രം ധരിക്കുകയോ ചെയ്യുന്നില്ല. മേൽപ്പറഞ്ഞ

വിധത്തിൽ സ്വാഭാവികമായ ഭക്ഷണം കഴിച്ചു പ്രകൃതിശക്തിക്കധീനമായി ജീവിക്കുന്ന സമ്പ്രദായമാണു പ്രകൃതിജീവിതം. പ്രകൃതിജീവിതവും പ്രകൃതിചികിത്സയുമായി വളരെ വ്യത്യാസമുണ്ട്. പ്രകൃതിനിയമങ്ങളനുസരിച്ചു നമുക്കു ജീവിക്കുവാൻ പ്രയാസമായിരിക്കുമ്പോൾ പ്രകൃതിതത്വങ്ങൾകൊണ്ടു ചികിത്സ നടത്തി രോഗങ്ങളെ സുഖപ്പെടുത്തുന്ന സമ്പ്രദായമാകുന്നു പ്രകൃതിചികിത്സ. ഏതു ചികിത്സാസമ്പ്രദായക്കാരോടു ചോദിച്ചാലും രോഗം സുഖപ്പെടുത്തുന്നതു പ്രകൃതിയാണെന്ന് അവർ സമ്മതിക്കും. പ്രകൃതിചികിത്സക്കാർ പറയുന്നതു് ശരീരത്തെ വേണ്ടവിധം രക്ഷിക്കുവാൻ നമ്മുടെ ശരീരത്തിൽ ഈശ്വരാംശമായ ഓജസ്സുണ്ടെന്നാകുന്നു. ഭക്ഷണത്തിൽനിന്നും പഞ്ചഭൂതങ്ങളിൽനിന്നും എന്നും ശരീരത്തിന്ന് ഓജസ്സ ലഭിച്ചെങ്കിൽ മാത്രമേ ശരീരത്തിനു സുഖവും ബലവും ഉണ്ടായിരിക്കുകയുള്ളു. ശരീരത്തിൽ ഭക്ഷണം ദഹിപ്പിക്കുക, ചോരയോടിക്കുക, മലങ്ങളെ വിസർജ്ജിപ്പിക്കുക, ദോഷങ്ങളെ പുറത്താക്കുക, അണുക്കളെ ഓടിക്കുക മുതലായ ക്രിയ ചെയ്യുന്നതു് ഓജസ്സാകുന്നു. ഓജസ്സ ശരീരത്തിനു സദാ പോഷണം നൽകുകയും ഉള്ളിലുള്ള മലങ്ങളേയും ദുഷ്ടിനേയും ബഹിഷ്കരിക്കുകയും ചെയ്യുന്നു. നമ്മുടെ ദേഹത്തിന്ന് ഓജസ്സ നൽകാത്ത എല്ലാ സാധനങ്ങളും വിഷമാണു്. ശരീരത്തിനാവശ്യമില്ലാത്ത 'അന്യസാധനം' ആഹാരപാനീയങ്ങൾ വഴിയായോ മററു പ്രകാരത്തിലോ ഉള്ളിൽ ചെന്ന് അതു ശരീരത്തെ ദുഷിപ്പിക്കുന്നു. ഈ ദുഷ്ട് പല ഭാഗങ്ങളിലും വ്യാപിക്കുകയും ചില അവയവങ്ങളെ ഭേദിക്കുകയും ചെയ്തേക്കാം. ഏതെങ്കിലും ദുഷ്ട്

ഉള്ളിൽ കടന്നാൽ അതിനെ വെളിയിൽ കളയാൻ ഓജസ്സു ശ്രമിക്കും. സാധാരണ, മലം, മൂത്രം, വിയപ്പ്, വായു, കഫം മുതലായവ വഴിയാണ് ഓജസ്സ് ദുഷ്ടിനെ ബഹിഷ്കരിക്കുന്നതു്. ദുഷ്ട് വളരെ വദ്ധിച്ച് ഈ വഴികൾക്ക് അടവുവന്നാൽ പനി, ചൊറി, പരു, വസൂരി, അതിസാരം മുതലായ ദീനങ്ങൾമുഖാന്തരം ഓജസ്സ് ദുഷ്ടിനെ പുറത്തു കളയും. ചുരുക്കത്തിൽ രോഗമെന്നു പറയുന്നതു് നമ്മുടെ ശരീരാന്തർഭാഗത്തു കൂടിയിട്ടുള്ള ദുഷ്ടിനെ ബഹിഷ്കരിക്കുന്ന വൃത്തിയാണ്. അതുകൊണ്ടു് ഓജസ്സ് ദുഷ്ടിനെ ബഹിഷ്കരിക്കുവാനുദ്യമിക്കുമ്പോൾ അതിനെ ക്ഷയിപ്പിക്കുവാൻ ഔഷധം നൽകുന്നതു പിശകാണ്. രോഗത്തിൻെറ കാരണം ദുഷ്ടിൻെറ സാന്നിദ്ധ്യമാകുന്നു. ശീതോഷ്ണഭേദം, കോപാദി വികാരങ്ങൾ, അണുസംക്രമണം, അപഥ്യാഹാരം മുതലായവകൊണ്ടു കൂടിക്കിടക്കുന്ന ദുഷ്ടിനു ഇളക്കം തട്ടും. ആ സമയം ഓജസ്സിനെ സഹായിക്കുന്ന സമ്പ്രദായങ്ങൾ നാം പ്രയോഗിക്കണം എന്നാണു പ്രകൃതിചികിത്സാസിദ്ധാന്തം.

## പ്രകൃതിചികിത്സയുടെ സ്വഭാവമെന്തു്?

പ്രകൃതിചികിത്സയുടെ ഉദ്ദേശം നമ്മുടെ ശരീരത്തിലുള്ള ഓജസ്സിനെ വർദ്ധിപ്പിച്ചു ദുഷ്ടിനെ ബഹിഷ്കരിക്കുവാൻ സഹായിക്കുക മാത്രമാണ്. താഴെപ്പറയുന്ന മാർഗ്ഗങ്ങൾ മുഖാന്തരം ഓജസ്സിനെ വദ്ധിപ്പിക്കുവാൻ കഴിയുമെന്നു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.

൫. പത്ഥ്യാഹാരം:—സകല ജന്തുക്കൾക്കും ഓജസ്സ ലഭിക്കുന്നതു മിക്കവാറും ഭക്ഷണപാനീയങ്ങളിൽനിന്നാണ്. ഇംഗ്ലീഷുകാർ 'വൈററാമിൻ' എന്നു പറയുന്ന പ്രാണശക്തിയാണു യഥാൎത്ഥത്തിൽ ഓജസ്സ നൽകുന്നതു്. ഭക്ഷണസാധനങ്ങളെ വേവിക്കുകയോ പുളിപ്പിക്കുകയോ പഴക്കുകയോ ചെയ്താൽ പ്രാണശക്തിയില്ലാതായിപ്പോകും. പ്രകൃത്യവസ്ഥയിൽ നാക്കിനും മൂക്കിനും കണ്ണിനും രസിക്കുന്ന സാധനങ്ങൾ അല്പം വേവിച്ചു കഴിക്കുകയാണു പത്ഥ്യാഹാരം. ധാന്യങ്ങളുടെ തവിടിൽ വൈററാമിൻ എന്ന ശക്തിയുള്ളതിനാൽ തവിടു കളയാതെയും വേവിച്ചു കുഴക്കാതെയും അരി വെയ്ക്കേണ്ടതാകുന്നു. ഉപ്പു മുളകു മസാല മുതലായവ പാചനത്തിനാവശ്യമുള്ള രസങ്ങളെ അനാവശ്യമായി ഊറിക്കുകയും ആവശ്യത്തിലധികം ഭക്ഷണം കഴിക്കുന്നതിനു സഹായിക്കുകയും ചെയ്യുകയാൽ അവ വൎജ്ജ്യമാണ്. വലിയ രോഗമില്ലാത്തവർ ഇന്തുപ്പ്, ഇഞ്ചി, ഉള്ളി, നാരങ്ങാ ഇവ ചേൎത്ത കറികളും ഉണക്കലരിച്ചോറും കഴിക്കാം. ചിലൎക്കു വേവിച്ച യാതൊരു ഭക്ഷണവും നൽകുവാൻ പാടില്ല. മററു ചിലൎക്കു് ഉപ്പു് ഒട്ടുംതന്നെ നൽകരുതു്. പകൽ ഭക്ഷണം കഴിച്ചാൽ മാത്രമേ ഓജസ്സ ലഭിക്കുകയുള്ളൂ. ഭക്ഷണം നിശ്ചിതസമയത്തു നല്ലതുപോലെ ചവച്ചു കഴിക്കണം. ഉപ്പു്, മുളകു, പുളി, പഞ്ചസാര, ശൎക്കര, പുളിച്ച തൈരു്, മത്സ്യം, മാംസം ഇവ നിഷിദ്ധമാകുന്നു. തേൻ, വെണ്ണ, അധികം വേവിക്കാത്ത പച്ചക്കറിസാമാനങ്ങൾ ധാരോഷ്ണമായ പാൽ, ഗോതമ്പപ്പം മുതലായവ നല്ല ആഹാരമാകുന്നു. തിരെ ഓജസ്സ ക്ഷയിച്ചവൎക്കു ദഹിക്കുവാൻ എളുപ്പമുള്ളതും വേവി

ക്കാത്തതുമായ സാധനങ്ങളെ ആഹാരമായി നൾകാവൂ. രാവിലെ പത്തുമണിക്കു മുമ്പും വൈകുന്നേരം അഞ്ചു മണിക്കു ശേഷവും ആഹാരം പാടില്ല. ആഹാരത്തേക്കുറിച്ചുള്ള പൊതുനിയമങ്ങൾ മേൽപ്പറഞ്ഞവയാകുന്നു. ഈ നിയമങ്ങളെ നാം കഴിയുന്നത്ര അനുഷ്ഠിക്കുവാൻ ശ്രമിക്കണം.

൨. സൂര്യപ്രകാശം:—സൂര്യൻ ബ്രഹ്മാണ്ഡകടാഹത്തിലെ വലിയ വൈദ്യനാണ്. സൂര്യനിലും ചന്ദ്രനിലും ഈ ലോകത്തിലെ സകല ശക്തികളും ലയിക്കുന്നുണ്ട്. സൂര്യപ്രകാശത്തിൻെറ പ്രയോഗംകൊണ്ടു മാത്രം പല മഹാരോഗങ്ങളും സുഖപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടു്. ചക്രവത്തിതിരുമനസ്സിലേക്കു അടുത്ത കാലത്തുണ്ടായ വിഷമപ്പെട്ട രോഗത്തെ സൂര്യപ്രകാശംകൊണ്ടാണു സുഖപ്പെടുത്തിയതു്. സൂര്യപ്രകാശത്തിലുള്ള വൎണ്ണങ്ങളേക്കൊണ്ടും വൎണ്ണചികിത്സക്കാർ ചികിത്സിക്കുന്നു. വൈററാമിൻ, ആലക്തികശക്തി ഇവയുടെ കേന്ദ്രസ്ഥാനം സൂര്യനാണെന്നു് ആധുനികശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ടു്. പുരാതനാര്യന്മാർ രോഗശമനത്തിനായി സൂര്യനമസ്കാരം ചെയ്യുകയും സൂര്യനെ പൂജിക്കുകയും ചെയ്തുവന്നിരുന്നു. അതിരാവിലെയും വൈകുന്നേരവും ഉള്ള സൂര്യകിരണങ്ങളേൽക്കുക, ആതപസ്നാനം ചെയ്യുക, സൂര്യപ്രകാശത്തിൽ വ്യായാമം ചെയ്യുക, പ്രകാശം ശരീരത്തിൻെറ ചില ഭാഗങ്ങളിൽ കൊള്ളിക്കുക മുതലായവകൊണ്ടു പല രോഗങ്ങളും മാറും.

൩. ജലം:—ജലം അമൃതാണ്. മോഹാലസ്യപ്പെട്ടുകിടക്കുന്ന ആളിൻെറ മുഖത്തു ജലം തളിച്ചാൽ തളർച്ചതീരുന്നു. ജലത്തിലെ പ്രാണശക്തി നമ്മുടെ ശരീരത്തെ സഹാ

യ കുന്നു. ശരീരത്തിൻെറ ൩-ൽ ൨ ഭാഗം തന്നെ ജലമാണ്. ജലപാനവും സ്നാനവും കൊണ്ടു നമ്മുടെ ഓജസ്സ് വദ്ധിക്കുന്നു.

൪. വായു:—മനുഷ്യന് അത്യന്തം ആവശ്യകമായിട്ടുള്ളതു വായുവാകുന്നു. ശുദ്ധവായുവിൽ സഞ്ചരിച്ചാൽമാത്രമേ നമുക്കു ഓജസ്സുണ്ടാകയുള്ളു. വ്യായാമം, പ്രാണായാമം ഇവകൊണ്ടു പ്രാണവായുവിനെ ധാരാളം ശ്വസിച്ചാൽ ഉന്മേഷമുണ്ടാകാതെയിരിക്കുകയില്ല.

൫. പൃഥിവിയും ആകാശവും:—ഭൂമിയിലും അന്തരിക്ഷത്തിലും അനവധി അത്ഭുതശക്തികൾ ലയിക്കുന്നുണ്ടു്. ഉറക്കിളച്ചു ക്ഷീണിച്ചവർ ഒരു മണിക്കൂർ വെറും നിലത്തു കിടന്നാൽ ക്ഷീണം വേഗത്തിൽ മാറുന്നതു കാണാം. തുറസ്സായ ആകാശവും ഭൂമിയും നമുക്കു ഔർജ്ജിത്യമുണ്ടാക്കുന്നുവെന്നുള്ളതിനു സംശയമില്ല.

൬. ബ്രഹ്മചര്യം:—ഓജസ്സ് പ്രധാനമായി ലയിക്കുന്നതു ശുക്ലത്തിലാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. സന്താനോല്പത്തിക്കല്ലാതെയുള്ള മൈഥുനം ഓജസ്സിനെ നിശ്ശേഷം നശിപ്പിക്കുന്നതാണ്. രോഗികൾ ദീനം ഭേദമാകുന്നതുവരെ ബ്രഹ്മചര്യമനുഷ്ഠിക്കണം. വലിയ രോഗമില്ലാത്തവർ മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യത്തിൽ കൂടുതൽ സംഭോഗം ചെയ്യരുതു്.

൭. വിശ്രമം—ബാഹ്യവും ആന്തരവുമായ വിശ്രമം ഓജോവദ്ധനയ്ക്കത്യാവശ്യമാകുന്നു. സുഖമായ നിദ്രയുള്ളപ്പോഴാണു ശരീരത്തിനു പുഷ്ടിയുണ്ടാകുന്നതു്. നിദ്രക്കാലത്തു ഓജസ്സു പ്രവത്തിക്കുന്നു. ബാഹ്യാവയവങ്ങൾക്കുള്ള

വിശ്രമം നിദ്രയാണു. എന്നാൽ എപ്പോഴും ഉദരത്തെ വിഷ്ടിക്കാതെ അല്പോപവാസംകൊണ്ടു് ആന്തരാവയവമായ ഉദരത്തിനു വിശ്രമം നൽകിയാൽ കൊള്ളാം.

൮. ശാന്തമായ മനസ്സ്:— മനസ്സിനും ശരീരത്തിനും തമ്മിൽ വലുതായ ബന്ധമുണ്ടു്. വികാരങ്ങൾകൊണ്ടു ദുഷ്ട് ഇളകുകയും രക്തം ദൂഷിക്കുകയും ചെയ്യുന്ന ചികിത്സാകാലത്തു ഈശ്വരഭക്തികൊണ്ടോ അല്ലാതെയോ മനസ്സിനെ ശാന്തമാക്കിവെച്ചാൽ മാത്രമേ ഓജസ്സു വർദ്ധിക്കുകയുള്ളു.

ഇങ്ങിനെ പലപ്രകാരത്തിൽ ഓജസ്സിനെ വർദ്ധിപ്പിക്കുന്നതിനു ശ്രമിക്കുകയാകുന്നു പ്രകൃതിചികിത്സകന്മാർ ഒന്നാമതായി ചെയ്യുന്നതു്. അതിമൈഥുനം, അപഥ്യാഹാരം, പരിപാകത്ഥനുകതി, ഉറക്കമിളപ്പു, അതിപ്രയത്നം, പഞ്ചഭൂതസമ്പർക്കമില്ലായ്ക മുതലായവകൊണ്ടു ഓജസ്സു നഷ്ടമായിപ്പോകും. ഓജസ്സു ക്ഷയിച്ചാൽ ദഹനം കുറയുകയും ദുഷ്ട് വിസർജ്ജനദ്വാരങ്ങളുടെ സമീപം കൂടുകയുംചെയ്യും.

ഓജസ്സിനെ വർദ്ധിപ്പിച്ചാൽ അതു ദുഷ്ടിനെ ബഹിഷ്കരിച്ചുകൊള്ളും. എന്നാൽ ഓജസ്സിനെ സഹായിക്കുന്നതിനു ചില ചികിത്സാസമ്പ്രദായങ്ങളുണ്ടു്. പ്രകൃതിജീവിതത്തിൽ കൃത്രിമമാർഗ്ഗങ്ങളാവശ്യമില്ല. എന്നാൽ പ്രകൃതിചികിത്സയിൽ മരുന്നും ശസ്ത്രക്രിയയുമില്ലാത്ത ദോഷരഹിതങ്ങളായ ചില കൃത്രിമസമ്പ്രദായങ്ങളുണ്ടു്. ഈ സമ്പ്രദായങ്ങൾ ഓജസ്സിൻെറ പ്രവൃത്തിയെ അതിശയേന സഹായിക്കുന്നു.

൧. ഉപവാസം:— ഭക്ഷണാധിക്യംകൊണ്ടു ദുഷ്ട് ശരീരത്തിൽ വർദ്ധിക്കുമ്പോൾ ഉപവസിച്ചാൽ ഭക്ഷണത്തെ

ദഹിപ്പിക്കുന്നതിൽ വ്യാപൃതമായിരിക്കുന്ന ഓജസ്സ ദുഷ്ടിനെ പുറത്തു കളയുവാൻ ഉദ്യമിക്കും. ഓജസ്സിൻെറ ജോലിയെ കുറച്ചു ദുഷ്ടിനെ പുറത്തു തള്ളുവാൻ ഉപവാസം സഹായിക്കുന്നതാണ്. ദീർഘോപവാസം, അല്പോപവാസം, അർദ്ധോപവാസം, ചാന്ദ്രായണം മുതലായവകൊണ്ടു ദുഷ്ടിനെ ബഹിഷ്കരിക്കാം.

൨. സ്വേദനം:—വിയർപ്പുമൂലം ശരീരത്തിലെ ദുഷ്ട് ധാരാളമായി പുറത്തു പോകുന്നു. നല്ല ഓജസ്സുള്ളവർക്ക് പ്രയത്നവും വ്യായാമവും കൊണ്ടു വിയർപ്പുണ്ടാകും. അങ്ങിനെ വിയർപ്പുണ്ടാകാത്തവരെ, ആവികൊള്ളിച്ചോ, വെയിലത്തു കിടത്തിയൊ നനഞ്ഞ പുതപ്പു ചുററിക്കെട്ടിയൊ, പുതപ്പിനാൽ പൊതിഞ്ഞോ, ചൂടുവെള്ളത്തിൽ കിടത്തിയോ എങ്ങിനെയെങ്കിലും വിയർപ്പിക്കണം.

൩. വ്യായാമം, പ്രാണയാമം, തിരുമ്മ്:—ശരീരത്തിലെ ദുഷ്ട് പലഭാഗങ്ങളിൽ കെട്ടിക്കിടക്കുന്നതിനെ മാററുവാനും വിയർപ്പുമൂലവും ശ്വാസംമൂലവും കുറെ മലത്തെ വെളിയിൽ കളയുവാനും സാധിക്കും. വ്യായാമവും തിരുമ്മും കൊണ്ടു ബാഹ്യാവയവങ്ങൾക്കു ചലനമുണ്ടാകുന്നതുപോലെ പ്രാണായാമംകൊണ്ട് ആന്തരാവയവങ്ങൾക്കു ചലനമുണ്ടാകുന്നു.

൪. വസ്തി, വമനം:—മലം കോഷ്ടത്തിൽ കെട്ടിക്കിടന്ന് അസഹ്യതയുണ്ടാക്കുകയോ ആഹാരം ദഹിക്കാതെ കിടന്നു പുളിച്ചുതികട്ടുകയോ ചെയ്താൽ വസ്തിയും വമനവും മററും കൊണ്ട് ഓജസ്സിനെ സഹായിക്കുവാൻ കഴിയും. യന്ത്രസഹായംകൊണ്ട് ഇവ രണ്ടും സാധിക്കാവുന്നതാണ്.

൭. ശീതോഷ്ണജലം:—ജലത്തിലുള്ള ശീതോഷ്ണത്തെ സ്നാനസമയം പ്രയോഗിച്ച ദുഷ്ടിനെ ഉദരത്തിലേക്കു വലിക്കുന്നതിനും മലമായും മൂത്രമായും വിയപ്പായും പുറത്തു കളയുന്നതിനും സാധിക്കും. പ്രകൃതിചികിത്സക്കാർ ജലംകൊണ്ടും മണ്ണുകൊണ്ടും പല ചികിത്സകൾ വിധിച്ചിട്ടുണ്ട്.

ഇങ്ങിനെ സ്നാനം, വ്യായാമം, തിരുമ്മ്, പ്രകാശം, വർണ്ണം, സ്വേദനം, ഉപവാസം, ഭക്ഷണക്രമീകരണം, തേജോവായുസ്നാനം, മണ്ണ് ഇവകൊണ്ടു ഓജസ്സിനെ വർദ്ധിപ്പിക്കുകയും ദുഷ്ടിനെ ബഹിഷ്കരിക്കുകയും ചെയ്യുന്നതാണ് പ്രകൃതിചികിത്സ. പ്രകൃതിജീവിതം സന്യാസിമാക്കും വാനപ്രസ്ഥന്മാക്കും മാത്രമെ സാധിക്കുകയുള്ളു. എന്നാൽ പ്രകൃതിചികിത്സ ആക്കും സുസാദ്ധ്യമാണ്.

## പ്രകൃതിചികിത്സയിൽ സൂക്ഷിക്കേണ്ട കാൎയ്യം.

ഓജസ്സിനെ വർദ്ധിപ്പിച്ച് ദുഷ്ടിനെ ബഹിഷ്കരിക്കുന്ന വിദ്യയിൽ ചില കുഴപ്പങ്ങളുണ്ടാകുന്നു. ശരിരം ചടയ്ക്കുകയെന്നുള്ളതു് അപരിഹാൎയ്യമാണ്. എന്നാൽ ഓജസ്സ കൂട്ടുന്തോറും ദീനങ്ങൾ ഇളകിവരും. പ്രകൃതിചികിത്സ നോക്കുന്ന പലക്കും ചൊറി, പരു, അതിസാരം, നിത്യപ്പനി മുതലായവ കാണുന്നു. മുമ്പു വന്നതും അമൎത്തപ്പെട്ടതുമായ പല ദീനങ്ങളും വീണ്ടും തലപൊക്കി വെളിയ്യോട്ടു ചാടുവാൻനോക്കും. ചികിത്സ തുടങ്ങി ആറാഴ്ചയ്ക്കകമോ ആറു മാസത്തിനകമോ ഇങ്ങിനെ രോഗാധിക്യം വരുമ്പോൾ രോഗി അന്ധാളിച്ച് ഇതരചികിത്സ സ്വീകരിക്കും. ദുഷ്ട് അധികമുള്ളവൎക്കു പെട്ടെന്നു അതിളകിയാൽ അപകടംകൂടി ഉണ്ടാകുവാനി

ടയുണ്ട്. ഇങ്ങിനെ പ്രകൃതിചികിത്സ തുടങ്ങുന്നവർ കാഠിന്യത്തേയും രോഗാധിക്യത്തേയും നോക്കി ചികിത്സിക്കേണ്ടതാകുന്നു. തണുപ്പുകാലത്തു സ്വതേ ദീനങ്ങൾ ഇളകുന്നതാണ്. അക്കാലത്തു ചികിത്സ ലഘുവായിരിക്കണം. രോഗിയുടെ ശരീരപ്രകൃതി, ദുഷ്ടിന്റെ കിടപ്പ് മുതലായവ നോക്കി ആദ്യം ലഘുവായ ചികിത്സ മാത്രമെ വിധിക്കാവു. ഭക്ഷണസമ്പ്രദായവുംമററും പെട്ടെന്നു മാററരുത്. അനേകകാലമായി ശീലിച്ചുവന്നഭക്ഷണസമ്പ്രദായത്തെ ഒരുദിവസംകൊണ്ടു മാററുന്നതു ദോഷമാണ്. ഒരു രോഗിയുടെ ശരീരത്തിലുള്ള ദുഷ്ട് നിർണ്ണയിക്കുന്നതിനു ലൂയിക്കൂണിയുടെ ‘മുഖവികൃതി വിജ്ഞാനീയവും’ ഡാക്ടർ ലിൻഡ്ലാറിന്റെ ‘നയനപരിശോധനയും’ പഠിക്കേണ്ടതാണ്. പ്രകൃതിചികിത്സക്കാലത്തു രോഗാധിക്യമുണ്ടായാൽ അമേരിക്കയിലെ പ്രകൃതിചികിത്സകന്മാർ രോഗിയെ സുഖമായി വിശ്രമിപ്പിച്ചശേഷം നിർദ്ദോഷങ്ങളും ആഹാരതുല്യങ്ങളുമായ ചില ഔഷധങ്ങൾ കൊടുത്തു രോഗിയുടെ മനസ്സിനെ ശാന്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം ചെയ്യേണ്ടയാവശ്യമില്ലെന്നും അക്കാലത്തു പ്രകൃതിചികിത്സ ലഘുവാക്കി രോഗിക്ക് സ്വാസ്ഥ്യം നൽകിയാൽ മതിയെന്നും ഡാക്ടർ ട്രാൾ, ലൂയിക്കൂണി മുതലായവർ പറയുന്നു. ബയോകെമിക്ക് (ജീവരസായന)ലവണങ്ങൾ ശരീരത്തിൽ കുറവുള്ള ധാതുവിനെ കൊടുത്തു രോഗം പരിഹരിക്കുന്നതിനാൽ ആ ലവണങ്ങളെ ആഹാരതുല്യമായി കരുതാമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ആയുർവേദത്തിലെ ചില കഷായങ്ങളും ഘൃതങ്ങളും മററും ആഹാരതുല്യമാകയാൽ വേണമെന്നുള്ളപക്ഷം

ഓജസ്സിനെ വദ്ധിപ്പിക്കുന്നതിനും വിരേചനത്തിനും മററു മായി നിർദ്ദോഷങ്ങളായ ഔഷധങ്ങളെ രോഗാധിക്യകാല ത്തുപയോഗിച്ചു രോഗിയുടെ പരിഭ്രമത്തെ നീക്കാവുന്ന താണു്.

## മററു ചികിത്സാസമ്പ്രദായങ്ങളുമായുള്ള വ്യത്യാസം.

അലോപ്പതിയും പ്രകൃതിചികിത്സയുമായി അതിൻെറ മൌലികതത്വങ്ങളിൽ വിയോജിക്കുന്നു. രോഗങ്ങളെ ശത്രുക്ക ളായി കരുതി അവയെ ഹിംസിക്കുന്നതിനാണു അലോപ്പ തിയുടെ പുറപ്പാടു്; ഒരാൾക്കു് ഒരു പരുവു് വരുന്നുവെന്നി രിക്കട്ടെ. ശരീരത്തിലുള്ള ദുഷ്ടിനെ പുറത്തു കളയുന്നതി നുള്ള ഓജസ്സിൻെറ ശ്രമമാണു പരു. പ്രകൃതിചികിത്സക്കാ രൻ ചെയ്യുന്നതു് ഉള്ളിൽക്കിടക്കുന്ന ദുഷ്ടിനെ ആ പരുവു വഴി എത്ര പുറത്തു കളയാമോ അത്രയും കളയുന്നതിനാണു്. പ്രകൃതിചികിത്സക്കാരൻ അതിനെ വററിക്കുകയില്ല. ദുഷ്ടു് കിടക്കേ വ്രണം വരട്ടിയാൽ അതു പിന്നെയും പൊട്ടിവരും. പലപ്രാവശ്യം പരുവിൻെറ വേദന സഹിച്ചാലും മാറുകയു മില്ല. അലോപ്പതിക്കാരനാകട്ടെ ആ പരുവിനെ ഒരു ശത്രു വായിക്കരുതി വിഷമരുന്നുകൾകൊണ്ടു് ഓജസ്സിനെ ക്ഷയി പ്പിക്കുന്നു. അപ്പോൾ ഓജസ്സിനു ദുഷ്ടിനെ പുറത്തു തള്ളു വാൻ ശക്തിയില്ലാതെ വരികയും പരുവു വേഗത്തിൽ ഉണ ങ്ങുകയും ചെയ്യും. എന്നാൽ ആ ദുഷ്ടാകട്ടെ ശരീരത്തിൽ അന്യത്രകൂടി വേറെ രോഗങ്ങളുണ്ടാക്കും. ഇങ്ങിനെ രോ ഗത്തെ നശിപ്പിക്കാനുള്ള ശ്രമത്തിൽ എലിയെക്കൊല്ലു

വാൻ ഇല്ലം ചുടുന്നുവെന്നു പറയുന്നതുപോലെ ഓജസ്സി നേയും ക്രമേണ ഹിംസിക്കുന്ന വിദ്യകളാണു് അലോപ്പതി യിലുള്ളതു്. ആയുർവേദക്കാരും ചിന്താർമണിക്കാരും ഇ ത്തരം മരുന്നുകൾ ഉപയോഗിക്കാതിരിക്കുന്നില്ല. കുത്തി വെയ്പു്, തൊട്ടതിനൊക്കെയുള്ള ശസ്ത്രക്രിയ, അച്ചുകുത്തു്, വിഷൌഷധപ്രയോഗം, ഓജസ്സിൻെറ ക്ഷയികരണം ഇത്രയും സംഗതികൾ പ്രകൃതിചികിത്സാതത്വത്തിനെതി രാകുന്നു. അലോപ്പതിക്കാരും ആയുർവേദക്കാരും മററും ഇപ്പോഴും പ്രകൃതിയെ പേടിക്കുന്നുവെങ്കിലും അവരും വസ്തി, സ്വേദനം, അവഗാഹസ്നാനം, ഉപവാസം, തിരുമ്മു്, പ്രകാശം, വ്യായാമം ഇവ പ്രയോഗിച്ചുവരുന്നു. അവ കൊണ്ടു മാത്രം രോഗങ്ങളെ സുഖപ്പെടുത്താമെന്നു മററു രണ്ടു കൂട്ടരും സമ്മതിക്കുന്നില്ല എന്നു മാത്രമേയുള്ളു. പനിക്കും മററും ഔഷധങ്ങളുപയോഗിക്കാതിരിക്കുകയാണു നല്ലതെന്നു് അലോപ്പതിഡാക്ടരന്മാർ സമ്മതിക്കുന്നു. ആയുർവേദക്കാരുടെ ഉപദേശം വലിയ ജ്വരം വന്നാൽ എട്ടു പത്തു ദിവസത്തേക്കു ഷഡംഗപാനീയമല്ലാതെ മരുന്നു് ഒന്നും കൊടുക്കരുതെന്നാണു്.

എന്നാൽ ആയുർവേദത്തിൻെറ മൌലികതത്വവും പ്രകൃതിചികിത്സയുടേതുമായി വളരെ യോജിപ്പുണ്ടു്. വാതം പിത്തം, കഫം ഇങ്ങിനെ ത്രിദോഷങ്ങൾക്കു് (അതായതു നാഡിബന്ധം, ദഹനേന്ദ്രിയങ്ങൾ, ശ്വാസകോശം ഇവയ്ക്കു ദോഷംവരുമ്പോൾ) ക്ഷയവൃദ്ധിയുണ്ടാകുമ്പോൾ രോഗം വരുന്നുവെന്നും ഈ ദോഷങ്ങൾക്കു സാമ്യം വരുത്തിയാൽ അരോഗതയുണ്ടാകുമെന്നുമാണു് ആയുർവേദസിദ്ധാന്തം. ചതു

ക്കത്തിൽ രോഗത്തിനു ത്രിദോഷകോപമായ ഒരു കാരണമേയുള്ളുവെന്നും ചികിത്സ ത്രിദോഷസാമ്യം വരുത്തുകയൊന്നുമാത്രമേയുള്ളുവെന്നും പ്രത്യക്ഷമാകുന്നു. ത്രിദോഷങ്ങളെ സമമാക്കുന്ന ഒററമരുന്നോ അല്ലെങ്കിൽ അമ്പതോ നൂറോ മരുന്നുകളൊ ഉണ്ടെങ്കിൽ ആയുർവേദപ്രകാരം അരോഗത കിട്ടും ഇങ്ങിനെ ത്രിദോഷങ്ങളെ ശമിപ്പിക്കുന്ന ഔഷധങ്ങൾ, വസ്തി, വിരേചനം, വമനം, സ്വേദനം, അവഗാഹസ്നാനം, കാററുകൊള്ളിക്കുക, വെയിലുകൊള്ളിക്കുക ഇവകൊണ്ടു് ആയുർവ്വേദപ്രകാരം ചികിത്സനടത്താം. എന്നാൽ ചിന്താർമണി, യുണാനി മുതലായവയുടെ സമ്പർക്കംകൊണ്ടു വിഷൌഷധപ്രയോഗം, രക്തസ്രാവം, ശസ്ത്രപ്രയോഗം അതിചികിത്സ മുതലായവ ആയുർവേദത്തിൽ കടന്നുകൂടുവാൻ ഇടയായിട്ടുണ്ടു്. ഹോമിയോപ്പതി മരുന്നുകളിൽ വിഷങ്ങളുടെ അല്പാംശം ഇല്ലായിരുന്നുവെങ്കിൽ അതിന്റെ തത്വം തരക്കേടില്ല. ഒരാൾക്കു പനിവന്നാൽ ഏതൌഷധം കുടിച്ചാൽ പനിവരുമോ അതു കൊടുക്കുന്നു. പനിയെ വർദ്ധിപ്പിച്ചു ദുഷ്ടിനെ ബഹിഷ്കരിക്കുവാൻ ഈ മരുന്നുകൾ സഹായിക്കുന്നുവെന്നാണു് അവരുടെ സിദ്ധാന്തം. എല്ലാ ചികിത്സാസമ്പ്രദായക്കാരും മരുന്നുകളുടെ പ്രയോഗങ്ങളെ കുറച്ചു പ്രകൃതിനിയമങ്ങളെ ആദരിക്കുന്നതായാൽ വളരെ സുഖമുണ്ടു്. ഇപ്പോഴാകട്ടെ വിഷൌഷധങ്ങൾ കൊടുത്തു രോഗങ്ങളെ വേഗത്തിൽ ശരീരത്തിന്റെ ഉള്ളിലമർത്തി തങ്ങളുടെ ചികിത്സാസാമർത്ഥ്യത്തെ പ്രകടിപ്പിച്ചെങ്കിൽ മാത്രമേ വൈദ്യന്മാർക്കു മാന്യതയും സാമർത്ഥ്യവുമുള്ളു. തന്മൂലം ദുഷ്ടുള്ളിൽ കിടക്കുന്നതിനാൽ ഇപ്പോൾ രോഗങ്ങൾ വളരെ

വൎദ്ധിച്ചുവരുന്നുവെന്നല്ലാതിനു രണ്ടുപക്ഷമില്ല. തിരുവിതാംകൂറിലെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചതിൽ ആശുപത്രികളും വൈദ്യശാലകളും വൎദ്ധിക്കുന്ന തോതിലിരട്ടിയായി രോഗങ്ങൾ കൂടിയിട്ടുള്ളതായിക്കാണുന്നു.

എൻെറ ആഗ്രഹം പ്രകൃതിചികിത്സാതത്വങ്ങളെ കേരളീയർ കഴിയുന്നത്ര സ്വീകരിക്കണമെന്നാണ്. രോഗനിവാരണത്തിന് ഈ തത്വങ്ങളുടെ സ്വീകാരം അത്യന്തം സഹായകരമായിരിക്കും. മററുപല ചികിത്സകൾകൊണ്ടും സുഖപ്പെടാത്ത ഭയങ്കരവ്യാധികൾ പ്രകൃതിചികിത്സകൊണ്ടു നിശ്ശേഷം ഭേദമായിട്ടുണ്ട്. വൈദ്യം ഒരു തൊഴിലായി സ്വീകരിക്കണമെന്നാഗ്രഹമുള്ളവർ പ്രകൃതിചികിത്സയുടെ കൂടെ ബയോകെമിക്ക് ഔഷധങ്ങളൊ നിർദ്ദോഷങ്ങളായ ആയുർവേദഔഷധങ്ങളൊ ഉപയോഗിച്ചു ചികിത്സനടത്തിയാൽ അത്ഭുതകരമായ ഫലമുണ്ടാകും. ഹോമിയോപ്പതി, ബയോകെമിസ്ട്രി, ആയുർവേദം ഈ സമ്പ്രദായപ്രകാരം ചികിത്സിക്കുന്നവർ പ്രകൃതിചികിത്സ നടത്തിക്കൊണ്ട് ഔഷധംകൊടുത്താൽ കൂടുതൽ ഫലമുണ്ടാകുമെന്നു പരീക്ഷണം മൂലം എനിക്കു ബോദ്ധ്യംവന്നിട്ടുണ്ട്. പ്രകൃതിചികിത്സയുടെ സാമാന്യജ്ഞാനമുണ്ടാകുവാൻ ഇപ്പോൾ മലയാളത്തിൽ പ്രസിദ്ധീകൃതങ്ങളായ ഗ്രന്ഥങ്ങൾകൊണ്ടു ധാരാളം മതിയാകും. പ്രകൃതിചികിത്സാസമ്പ്രദായങ്ങൾ സവ്വരും സ്വീകരിച്ചിട്ടില്ലെങ്കിലും കാപ്പി തേയില മുതലായവ അധികം ഉപയോഗിക്കരുതെന്നും ചെറുനാരങ്ങാ മുതലായ ഫലങ്ങൾ ഉപയോഗിക്കുന്നതു നന്നാണെന്നും അധികം വസ്ത്രം

ധരിച്ചു നടക്കുന്നതു നന്നല്ലെന്നും പച്ചവെള്ളത്തിൽ കുളിച്ചു ശീലിക്കുകയാണുത്തമമെന്നും മററും പലക്കും ബോധമുണ്ടായിട്ടുള്ളതായി എനിക്കറിയാം. ചികിത്സയ്ക്കായിട്ടു 'പ്രകൃതി ചികിത്സയ്ക്കു' പ്രചാരം സിദ്ധിച്ചില്ലെങ്കിലും "രോഗനിവാരണത്തിനായി"ട്ടെങ്കിലും അതിന്റെ തത്വങ്ങൾ പ്രചരിച്ചാൽ കൊള്ളാം. അമേരിക്കയിലെ പൊതുജനാരോഗ്യ ഡിപ്പാർട്ടുമെന്റു ചെയ്യുന്ന ജോലി തിരുവിതാംകൂറിൽ പ്രകൃതിവൈദ്യന്മാർ നിർവ്വഹിക്കുന്നുണ്ടു്. പ്രകൃതിചികിത്സയിൽ പൊതുജനങ്ങളുടെ ശ്രദ്ധ പൂർവ്വാധികം പതിയുവാൻ ഈ ഉപന്യാസം സഹായിക്കുമെങ്കിൽ ഞാൻ ധന്യനായി.

എം. ആർ. മാധവവാര്യർ,

ബി. എ. എൽ എൽ ബി.

# ശാസ്ത്രാഭിവൃദ്ധിയും മനുഷ്യാഭിവൃദ്ധിയും.

ലോകത്തിൽ ശാസ്ത്രസംബന്ധമായി അഭൂതപൂർവ്വമായ അഭിവൃദ്ധി ഉണ്ടായിരിക്കുന്ന കാലമാണിതു്- പൂർവ്വകാലങ്ങളിൽ ഇന്ത്യയിലും, മിസ്രയിലും, ഗ്രീസിലും, റോമിലും മററും ഉണ്ടായിരുന്ന അഭിവൃദ്ധിയും ഇന്നു ലോകത്തിൽ കാണുന്ന അഭിവൃദ്ധിയും തമ്മിൽ വലിയ അന്തരമുണ്ടു്. അന്നു് ഇന്ത്യക്കാർ നാനാമുഖമായ അഭിവൃദ്ധിപ്രാപിച്ചിരുന്നിരിക്കാമെങ്കിലും അതിൽനിന്നനുഭവമായ നാഗരികത്വം "സ്ഥാവര"മായിരുന്നു. അതിവിശേഷമായ പുഷ്പങ്ങളും കായ്കനികളും ഉതടവിക്കുന്ന വൃക്ഷംപോലെ അതു വളൎന്നു്, അതിൻെറ ഗുണങ്ങൾ ജനങ്ങൾ അനുഭവിച്ചു് അതു നശിച്ചു. അതിൻെറ അല്പം ചില കുരുക്കൾ സ്വദേശത്തും വിദേശത്തും ബാക്കിയായതിൽനിന്നു ചെറിയ ചില ചെടികൾ അവിടവിടെ വളൎന്നുകാണാമെന്നല്ലാതെ അതുപോലെയുള്ള ഒരു മഹാവൃക്ഷം പിന്നെ ഉണ്ടായിട്ടില്ല. ഗ്രീസ്, റോം മുതലായ രാജ്യങ്ങളിലെ നാഗരികത്വത്തിൻെറ സ്ഥിതിയും അതുതന്നെ.

ഇന്നത്തെ ശാസ്ത്രീയമായ അഭിവൃദ്ധിയുടേയും ഇന്നത്തെ നാഗരികത്വത്തിൻെറയും സ്ഥിതി അങ്ങിനെയല്ല. ഇന്നു മനുഷ്യൻ പ്രകൃതിയെ കീഴടക്കി സ്ഥലകാലങ്ങളുടെ ദീർഘതയെ വളരെ കുറച്ചിരിക്കയാണു്. യുറോപ്പും ഏഷ്യയും, ഏഷ്യയും ആസ്ത്രേലിയയും, ആസ്ത്രേലിയയും യൂറോപ്പും, ഏഷ്യയും അമേരിക്കയും, അമേരിക്കയും ആഫ്രി

ക്കയും, തമ്മിലുള്ള ദൂരം അത്യന്തം കുറഞ്ഞു്, അവിടങ്ങളിലുള്ള ജനങ്ങൾതമ്മിലുള്ള ചേർച്ചയും ഇടപാടും വളരെ വൎദ്ധിച്ചു. ഇന്നു ഏതെങ്കിലും ഒരു രാജ്യത്തൊ, ഏതെങ്കിലും ഒരു പ്രധാനനഗരത്തിൽ പോലുമോ, അവിടെ പൊതുവിലുള്ള എല്ലാവരുടേയും ശ്രദ്ധയെ ആകൎഷിക്കുന്ന മുഖ്യസംഗതികൾ, പിന്നത്തെ നിമിഷത്തിൽ ലോകം ഒട്ടുക്കും ഉള്ളവൎക്കും പൊതുവിലുള്ള വിഷയമായിത്തീരുന്നു. ഇംഗ്ലണ്ടിലെ 'മഹാരാജാവു' തലനോവു പിടിച്ചു അല്പം ഒരുദിക്കിൽ കിടന്നാലൊ, അവിടുത്തെ ഒരു പുത്രൻ കുതിരമേൽനിന്നു വീണു വിശേഷവിധിയായ യാതൊരു പരുക്കും ഇല്ലാതെ എഴുന്നേററാലോ, അവ അടുത്ത നിമിഷത്തിൽ ലോകത്തിൽ മുഴുവനും ഉള്ള ജനങ്ങൾ കേട്ടും വായിച്ചും അറിയുന്ന സംഭവങ്ങളായിത്തീരുന്നു. അഫ്ഗാനിസ്ഥാനിലെ രാജാവു് ഓടിപ്പോയാലും ഇററലിയിലെ പ്രധാനമന്ത്രിയെ വല്ലവരും വെടിവെച്ചുകൊല്ലാൻ ശ്രമിച്ചാലും ന്യൂസിലണ്ടിൽവെച്ചു് ഡുലിപ്പ്സിംഹൻ ക്രിക്കററുകളിയിൽ അടിച്ച ഒരടി, മററൊരാൾ പിടിച്ചു് അയാളെ പരാജിതനാക്കിയാലും, ലണ്ടൻനഗരത്തിൽവച്ചു് ഒരു പാന്ഥൻെറ ശരീരത്തിൽ മോട്ടാർവണ്ടി കയറിപ്പോയാലും, ഇന്ത്യക്കാരനായ ഒരു കുബേരന്നു പരന്ത്രീസ്സുരാജ്യത്തെ ഒരു ഹോട്ടൽക്കാരിയിൽ പ്രണയംജനിച്ചാലും, എല്ലാം ലോകം മുഴുവൻ അറിയത്തക്ക വിശേഷവിധി സംഭവങ്ങളാവാൻ അധികനിമിഷങ്ങൾ വേണ്ടിവരികയില്ല. ഇംഗ്ലണ്ടിൽ നടക്കുന്ന കുതിരപ്പന്തയത്തിൽ ഏതേതുകുതിരകൾ ഏതേതുക്രമത്തിൽ ഓടി വിജയമോ പരാജയമോ പ്രാപിച്ചുവെന്നറിവാൻ കല്കത്തയി

ലുള്ള ഒരു പൌരനു മൂന്നുസെക്കണ്ടിൽ അധികം വേണ്ട എന്നുവന്നിരിക്കുന്നു. ന്യൂയോൎക്കനഗരത്തിൽവെച്ചു പാടുന്ന പാട്ടോ,‌ ചെയ്യുന്ന പ്രസംഗമോ, കൊളമ്പുനഗരത്തിലുള്ള അനേകം ജനങ്ങൾക്കു കേട്ടുകൊണ്ടിരിക്കാം. ലോകത്തിൽ ഏതെങ്കിലും ഒരു ദിക്കിൽവെച്ചു നടന്ന സംഭവം എല്ലാ ആംഗ്യങ്ങളോടും ചലനങ്ങളോടും, അശേഷം വ്യത്യാസമില്ലാതെ ചിത്രത്തിൽ കണ്ടറിയുവാൻ മറേറതെങ്കിലും ഒരു ദിക്കിലെ ആളുകൾക്കു സാധിക്കുന്നു. ആംഗ്യവും ചലനവും കാണുമെന്നു മാത്രമല്ല ശബ്ദം കേൾക്കാമെന്നും വന്നിരിക്കുന്നു.

ഭൂമിയുടെയും കടലിൻെറയും ഉപരിഭാഗത്തുകൂടി മാത്രം സഞ്ചരിച്ചു ശീലിച്ചിരുന്ന മനുഷ്യനു ഭൂമിയുടെയും കടലിൻെറയും ഉള്ളിൽകൂടിയും സഞ്ചരിപ്പാൻ ഇപ്പോൾ സാധിക്കുന്നു. എന്നല്ല വായുവിൽകൂടിയും സഞ്ചരിക്കാമെന്നു വന്നു. ഇങ്ങിനെ സ്ഥലകാലങ്ങളുടെ ദീൎഘത കുറച്ചു പ്രകൃതിയെ കീഴടക്കുവാൻ മനുഷ്യന്നു് ഇത്രമേൽ സാധിച്ചു.

ശാസ്ത്രത്തിന്നു് ഇപ്രകാരം അത്യന്തം ദ്രുതമായ ഗതി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ശാസ്ത്രജ്ഞന്മാർ അല്പകാലം വിശ്രമിക്കേണ്ടതു ആവശ്യമാണെന്നു് ഇംഗ്ലണ്ടിലെ ഒരു വൈദികൻ അഭിപ്രായപ്പെട്ടിരുന്നുവത്രെ. തങ്ങൾ ജീവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയും പരിസരങ്ങളും ഒക്കെ പെട്ടെന്നു ഭേദപ്പെട്ട നിലയിലുള്ള പുതിയ ഒരു സ്ഥലത്തു വല്ല ജീവികളേയും കൊണ്ടുപോയി പാൎപ്പിച്ചാൽ അവയ്ക്കു് ആ സ്ഥലം പഴകുന്നതുവരെ കുറെ അസ്വസ്ഥതയുണ്ടാകുമെന്നുള്ളതു തീൎച്ചയാണല്ലൊ. അങ്ങി

ന്നെയുള്ള അസ്വാസ്ഥ്യത ഉണ്ടാകാതിരിക്കണമെങ്കിൽ, ആ ജീവികൾ അവയ്ക്കുണ്ടാകുന്ന മാററങ്ങൾ അനുഭവിക്കത്തക്കവണ്ണം ഒരുക്കമുള്ള മനഃസ്ഥിതി സമ്പാദിച്ചവയായിരിക്കണം.

ലോകത്തിൽ ഉണ്ടായിരിക്കുന്ന ശാസ്ത്രീയപരിഷ്കാരത്തിന്ന് അനുകൂലമായ മനഃപരിഷ്കാരം ലോകർക്കുണ്ടായിട്ടുണ്ടോ എന്നാണു ചിന്തകന്മാർ സംശയിക്കുന്നത്. ഞാൻ ആദ്യം പറഞ്ഞതുപോലെ ലോകത്തിൽ പൂർവ്വകാലത്തുണ്ടായപോലുള്ള നാഗരികത്വമല്ല ഇപ്പോഴുള്ളത്. ഇപ്പോൾ യൂറോപ്പും അമേരിക്കയും പരിഷ്കരിക്കുന്നുണ്ടെങ്കിൽ ഏഷ്യയും ആഫ്റിക്കയും പരിഷ്കരിക്കുന്നുണ്ട്. പാശ്ചാത്യരുടേയും പൌരസ്ത്യരുടേയും ഇടയിലുള്ള പരിഷ്കാരാഭിവൃദ്ധികളുടെ ഗതിവേഗത്തിന്നു വ്യത്യാസമുണ്ടെന്നേയുള്ളു. നവീനപരിഷ്കാരത്തിന്റെ മുഖ്യഫലവും ലക്ഷണവും ആയ മോട്ടോർകാർ, വ്യോമയാനം, ചലനചിത്രം എന്നിവകൾ ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും ഉള്ളവർക്കും അനുഭവമായിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യരുടെ ബുദ്ധിശക്തിക്കു പ്രകൃതിയെ കീഴടക്കുവാൻ സാധിക്കുന്നതാണെന്നുള്ള വിശ്വാസം എല്ലാവർക്കും പൂർണ്ണമായി ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഈ നിലയിൽ ലോകത്തിന്നുണ്ടാകുന്ന അഭിവൃദ്ധിക്കു് അനുകൂലമായ അഭിവൃദ്ധി തങ്ങൾക്കും ഉണ്ടാകേണമെന്നു് ആഗ്രഹിക്കുന്നവരൊക്കെ, ഈ ഒഴുക്കിൽത്തന്നെ നീന്തുവാൻ ശ്രമിക്കണം. പൌരസ്ത്യരാജ്യങ്ങളിൽ കാണുന്ന അസ്വാസ്ഥ്യതയുടെരഹസ്യം ഇതാണെന്നാണു ലോകചരിത്രവിദഗ്ദ്ധന്മാരുടെയും തത്വശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം.

സ്ഥലകാലങ്ങളുടെ ദീർഘതയ്ക്കു കുറവുണ്ടായിക്കൊണ്ടുവരുന്നതനുസരിച്ചു ലോകത്തിൽ ഒട്ടാകെയുള്ള ജനങ്ങളും ഒന്നിച്ചു ചേൎന്നു ഒരേനിലയിൽ അഭിവൃദ്ധിപ്പെട്ടു കൊണ്ടുവരികയാണു ചെയ്യുന്നതു്. പക്ഷേ, ഈ അഭിവൃദ്ധി മനുഷ്യരുടെ ബഹിർഭാഗങ്ങളിലുള്ള കാൎയ്യങ്ങളില്ലാതെ അന്തർഭാഗങ്ങളെ സ്പർശിച്ചിട്ടുണ്ടോ എന്നാണു സംശയം. ശാസ്ത്രീയമായ ജ്ഞാനവും അതിന്നനുസരിച്ചുള്ള യന്ത്രോപകരണാദികളുടെ കണ്ടുപിടിത്തവും നിൎമ്മാണവും അനുസരിച്ചു മാനസികമായും ആദ്ധ്യാത്മികമായും ഉള്ള അഭിവൃദ്ധി മനുഷ്യൎക്കുണ്ടാകുന്നുണ്ടോ?

ഇതിനെ സംബന്ധിച്ചു് എഴുതിയ ഒരു തത്വശാസ്ത്രജ്ഞൻ താഴെ പറയുംപ്രകാരമുള്ള ഒരു സംഭവം വിവരിച്ചിരിക്കുന്നു:—ഒരിക്കൽ മാക്സിംഗോർക്കി എന്ന മഹാൻ ശാസ്ത്രസംബന്ധമായ കണ്ടുപിടിത്തങ്ങളെപ്പററി, കുറെ കൃഷിക്കാരോടു് ഒരു പ്രസംഗം ചെയ്തതിൻെറ ശേഷം അവരിൽ ഒരാൾ അദ്ദേഹത്തോടു് 'ശരി, പക്ഷികളെപ്പോലെ ആകാശത്തിൽ പറക്കുവാനും മത്സ്യങ്ങളെപ്പോലെ വെള്ളത്തിൽ നീന്തുവാനും ഞങ്ങളെ പഠിപ്പിച്ചു; എന്നാൽ ലോകത്തിൽ എങ്ങിനെയാണു ജീവിക്കേണ്ടതെന്നു ഞങ്ങൾക്കു അറിഞ്ഞുകൂടാ' എന്നു പറഞ്ഞുപോൽ.

നേരല്ലേ? ഒരേ രാജ്യത്തു് അയൽപക്കക്കാരായി അടുത്തടുത്തു ജീവിക്കുന്നവരുടെ ഇടയിൽപോലും സാഹോദൎയ്യവും സൌഹാർദ്ദവും ഇല്ലാതെ, ഒരുകൂട്ടർ മറെറാരുകൂട്ടരുടെ ശത്രുക്കൾ എന്നപോലെ കാലം കഴിക്കുന്നു. ശാസ്ത്രീയമായി ഉണ്ടായ അഭിവൃദ്ധിയുടെ ഫലങ്ങൾ എല്ലാവരും

ഒരേ നിലയിൽ അനുഭവിക്കുന്നുണ്ടെങ്കിലും അവരുടെ മനഃസ്ഥിതി ഭിന്നിച്ചുതന്നെ ഇരിക്കുന്നില്ലയോ? ലോകത്തിന്ന് ഏകമനസ്സ് ഉണ്ടാവാൻ ശാസ്ത്രീയമായ അഭിവൃദ്ധി സഹായിക്കുമോ?

ശാസ്ത്രീയമായ അഭിവൃദ്ധിയുടെ സ്ഥിതിഗതികൾ എന്തുതന്നെയായാലും ഓരോ രാജ്യത്തും ദേശത്തും ഉണ്ടായിരിക്കേണ്ടുന്ന നാഗരികത്വം അതാതു രാജ്യത്തിന്റെയും ദേശത്തിന്റെയും നിലയ്ക്കു പ്രത്യേകതരമായിരിക്കേണ്ടതല്ലയോ? ലോകത്തിൽ സർവ്വരാജ്യക്കാർക്കും മതക്കാർക്കും പൊതുവിലുള്ള സ്വത്തായി വല്ല മനുഷ്യനോ വല്ല മഹാനോ ജീവിച്ചിരുന്നുവോ? ശ്രീയേശു യൂറോപ്പിൽ എന്നപോലെ ഇന്ത്യയിൽ പൊതുസ്വത്തായിരിക്കുമോ? ശ്രീബുദ്ധഭഗവാൻ ഏഷ്യയിലെന്നപോലെ യൂറോപ്പിൽ പൊതുസ്വത്താണോ? കാളിദാസൻ യൂറോപ്പിലും ഷേക്‌സ്പിയർ ഇന്ത്യയിലും പൊതുസ്വത്തായി ഗണിക്കപ്പെടുന്നുണ്ടോ? പൊതുസ്വത്തായി പറകയും വ്യവഹരിക്കുകയും വാദിച്ചു സമർത്ഥിക്കുകയും ചെയ്താലും അവരൊക്കെ മനുഷ്യഹൃദയത്തിന്നു നിസ്സംശയമായ അനുഭവമാകത്തക്ക നിലയിൽ പൊതുസ്വത്താണെന്നു തീർച്ച പറയാമോ? അതുപോലെതന്നെ ലോകത്തിന്നു പൊതുവിലുള്ള നാഗരികത്വരീതിയും ഉണ്ടാവാൻ പാടില്ലെന്നാണു തത്വശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

ശാസ്ത്രജ്ഞാനം മനുഷ്യന്റെ മാനസികമായ അഭിവൃദ്ധിക്കു അനുകൂലമാകുന്നതു് അവരവർ അതിനെ വ്യാഖ്യാനിച്ചു് അവരവർക്കു അനുഭവമാക്കിത്തീർക്കുന്നതിന്നു അനുസരിച്ചായിരിക്കുകയേ ഉള്ളു. ഓരോ രാജ്യക്കാർ അവരുടേയും

ഓരോ വർഗ്ഗക്കാർ അവരുടേയും ഓരോ മതക്കാർ അവരുടേയും അഭിവൃദ്ധിക്കായും പുരുഷന്മാർ സ്ത്രീകളുടെ മേലുള്ള അധികാരത്തിന്നായും ശാസ്ത്രതത്വങ്ങളേയും അതുവഴിയായി ചെയ്യുന്ന കണ്ടുപിടിത്തങ്ങളേയും ഉപയോഗിക്കുന്നതായാൽ, അവയെക്കൊണ്ടു ലോകത്തിന്നൊട്ടുക്കു് ഏകരീതിയിൽ ഉള്ള അഭിവൃദ്ധി എങ്ങനെ സാധ്യമാകും? ഭൂമിയിലുള്ള ജനങ്ങളെ പൊതുവിൽ ബാധിക്കുന്ന നാഗരികത്വത്തെ സൃഷ്ടിക്കേണമെങ്കിൽ, ഓരോ ജാതിക്കാൎക്കും മതക്കാൎക്കും രാജ്യക്കാൎക്കും പൂൎവകാലം മുതൽ ഉണ്ടായിട്ടുള്ള നാഗരികത്വത്തിന്റെ കുററങ്ങളും കുറവുകളും അവർമനസ്സിലാക്കുകയും അതു മനുഷ്യജീവികൾക്കു് ഒട്ടുക്കു സഹോദരത്വേന അനുഭവമാകത്തക്കതല്ലെന്നു സമ്മതിക്കുകയും വേണ്ടിവരും.

ശാസ്ത്രജ്ഞാനംവഴിക്കു ലോകത്തിനു സമ്പാദ്യമായ യന്ത്രോപകരണങ്ങളെ ഭാവിയിൽ സൎവ്വ മനുഷ്യൎക്കും പൊതുവിലുള്ള നാഗരികത്വത്തിന്റെ അസ്ഥിവാരമായി കല്പിച്ചു പ്രവൎത്തിക്കുകയും അവരവർ പ്രാചീനാചാരമായി അനുഷ്ഠിച്ചുപോന്നവയുടെ ദോഷങ്ങൾ മനസ്സിലാക്കി ആ വക ദോഷങ്ങളെ പരിഹരിക്കുകയും ആണു വേണ്ടതു്. അങ്ങിനെ ചെയ്യല്ലാതെ മനുഷ്യൎക്കു മാനസികമായും ആദ്ധ്യാത്മികമായും പൊതുവിൽ അന്യോന്യഗുണത്തിനു അനുകൂലമായ ഒരു നാഗരികത്വം സുസാധ്യമാകുന്നതല്ല.

പ്രാചീനമാണെന്നുള്ള ന്യായത്തിന്മേൽ ഇപ്പോൾ ഓരോ വൎഗ്ഗക്കാരും ജാതിക്കാരും അനുസരിച്ചുപോരുന്ന ആചാരങ്ങളും അവയാൽ സൂചിപ്പിക്കപ്പെടുന്നതായി ധരിച്ചിരിക്കുന്ന നാഗരികത്വവും കൈവെടിയുവാനുള്ള പരിശ്രമം

ലോകത്തിൽ എങ്ങും കണ്ടുതുടങ്ങിയിരിക്കും. വിശേഷിച്ചും യുവജനങ്ങളുടെ ഇടയിൽ അതിനുള്ള പരിശ്രമം കലശലായിരിക്കുന്നു. മററുള്ളവരുടെ വയോവൃദ്ധതയും ജ്ഞാനവൃദ്ധതയും എന്നല്ല ഏതുതരം വൃദ്ധതയും അഗണ്യമാക്കി അവരുടെ കൈയിൽ വെറും മെഴുമ്പാവകളായി ജീവിക്കുവാൻ കേവലം ഇഷ്ടമില്ലെന്നു തെളിയിക്കുന്ന യുവജനങ്ങൾ ലോകത്തിൽ വദ്ധിക്കുന്നു. ഇതുവരെ ഉള്ളതൊക്കെ ശരിയല്ലെന്നും തങ്ങളുടെ ആവശ്യത്തിനു അവയൊന്നും മതിയാകുന്നതല്ലെന്നും ഉള്ള ഒരു ബോധവും പുതിയതായ വല്ലതിനെയും സ്വകീയമാക്കേണ്ടതിനുള്ള ക്ഷമകേടും അവരിൽ കാണുന്നു. ഇങ്ങനെ പഴയതൊക്കെ, പഴയതായി ഇടിഞ്ഞുപൊളിഞ്ഞു വീഴാനുള്ള സന്നദ്ധതയോടുകൂടി നിൽക്കുകയാണെന്നു തോന്നും. അവയെ പിടിച്ചുവലിച്ചു തള്ളിയിടാനുള്ള ഒരുക്കത്തോടുകൂടിയുള്ളവരും ലോകത്തിൽ പ്രതിദിനം വദ്ധിച്ചുവരുന്നു.

ഡാൻ്ടി എന്ന പണ്ഡിതൻെറ അഭിപ്രായം ഓരോരുത്തരുടെ നാഗരികഗതിയുടെ പ്രാപ്യസ്ഥാനം ഭിന്നമല്ലെന്നും എല്ലാവരും ഒരേ സ്ഥാനത്തിലേക്കുതന്നെയാണു സഞ്ചരിക്കുന്നതെന്നും ആകുന്നു. ആ പരമാത്ഥം എല്ലാ സമുദായവും എല്ലാ രാജ്യക്കാരും ഗ്രഹിക്കുന്നതായാൽ ലോകത്തിൽ സാഹോദയ്യം വദ്ധിക്കുവാൻ സംഗതിയാകുമെന്നു ആശിക്കാവുന്നതാണ്.

സനാതനക്കാരോടും മതഭ്രാന്തന്മാരോടും ഗുണദോഷിപ്പാൻ ശ്രമിക്കുന്നതു മറെറാരുതരം ഭ്രാന്താണെന്നേ വരികയുള്ളു. അവരോടു വാദിച്ചിട്ടു ഫലമില്ല. അവരെ വിശ്വ

സിപ്പിക്കുവാൻ ശ്രമിച്ചിട്ടു ഫലമില്ല. അവരുടെ മുയലിന്നു എപ്പോഴും നാലു കൊമ്പുണ്ടായിരിക്കും. എന്നാൽ ചരിത്രപ്രസിദ്ധമായ നാഗരികത്വം, പ്രാചീനമാണെങ്കിലും ഇന്നും വെച്ചുകൊണ്ടിരിക്കുന്നവരിൽ ആലോചനശക്തിയുള്ള നേതാക്കളൊക്കെ, മനുഷ്യരൊക്കെ മനുഷ്യർ എന്ന ഏകവർഗ്ഗത്തിലെ വ്യക്തികളാണെന്നുള്ള പരമാർത്ഥം ഗ്രഹിച്ചവരാകുന്നു.

ഇങ്ങനെ ഏകവർഗ്ഗമായിരിക്കുവാൻ എല്ലാവരും ഒരേ ഭാഷ സംസാരിക്കുകയോ, ഒരേ മതത്തിൽ വിശ്വസിക്കുകയോ ഒരേ ഗവമ്മെണ്ടിൻെറ കീഴിലായിരിക്കുകയോ ചെയ്യേണമെന്നോ, എല്ലാവരും ഒരേതരം വസ്ത്രം ധരിച്ച് ഒരേ വിധത്തിലുള്ള നടപടികൾ ഉള്ളവരായിരിക്കേണമെന്നോ ഇല്ല. സംഗീതയന്ത്രങ്ങളിൽ മൃദംഗമെന്നും വീണയെന്നും തുംബുരുവെന്നും മുരളിയെന്നും മററും പറയുന്നവയ്യൊക്കെ ആകൃതിയും സ്വരവും വളരെ വ്യത്യാസമുണ്ടെങ്കിലും ഒന്നിച്ചു ചേൎത്തു സംഗീതം പ്രകടിപ്പിക്കുന്നതിന്നു മേളം ഒത്തിരിക്കയാണല്ലൊ വേണ്ടതു്. അതുപോലെ നാഗരികത്വം തുല്യമായിരിക്കുന്നതിന്നു മേൽപ്പറഞ്ഞ വ്യത്യാസങ്ങൾ ബാധകമല്ല.

യഥാൎത്ഥം പറയുന്നതായാൽ, വിവിധതരത്തിലുള്ള യന്ത്രങ്ങളെ മേളത്തിൽ യോജിപ്പിക്കുന്നതുകൊണ്ടാണു അധികം മാധുൎയ്യമുള്ള സംഗീതം ജനിക്കുന്നതെന്നുള്ളതുപോലെതന്നെ വിവിധതരത്തിലുള്ളവൎക്കു നാഗരികത്വത്തിൽ ഐകരൂപ്യം വരുത്തുന്നതുകൊണ്ടാണു വിശേഷവിധിയായ അനുഭവം ഉണ്ടായിരിക്കുക.

ലോകത്തിലെ നാഗരികത്വത്തിന്റെ അഭിവൃദ്ധിക്കായി സഹകരിക്കുക. അഭിപ്രായവ്യത്യാസങ്ങളും മതവ്യത്യാസങ്ങളും ആദർശവ്യത്യാസങ്ങളും വർണ്ണവ്യത്യാസങ്ങളും ഗണ്യമാക്കാതെ, തങ്ങൾ ജീവിക്കുന്നതുപോലെ അന്യരെയും ജീവിക്കുവാൻ അനുവദിക്കുക. ലോകം അഭിവൃദ്ധിപ്പെടുന്നതോടുകൂടി എല്ലാവരും അഭിവൃദ്ധിപ്പെടുക.

മൂക്കോത്തു കുമാരൻ.

# ചെമ്പകശ്ശേരി.

സമ്പൽപരമ്പര പരം പരിവൃദ്ധമാക്കി
മുൻപമ്പലപ്പുഴഭരിച്ചു ധരാനിലിമ്പൻ
തുമ്പയ്ക്കു കമ്പമെഴുമമ്പിളി കമ്പിളിക്കും
കമ്പിക്കുമാറുമിതി ചെമ്പകശേരിരാജം.

(പി. കെ. നാരായണപിള്ള)

ചെമ്പകശ്ശേരിരാജ്യത്തെപ്പററിയോ അതിൻെറ അധിപന്മാരായി അനേകശതവഷങ്ങൾ നാട്ടുവാണ "ദേവനാരായണ"രാജാക്കന്മാരെപ്പററിയോ കേട്ടറിവില്ലാത്തവരായി കേരളത്തിൽ ആരാണ് ഉള്ളതു്. ചെമ്പകനാട്ടിലെ അഷ്ടി തിരുവിതാംകൂർ മഹാരാജാവിൻെറ പ്രീതിക്കായി രണ്ടത്ഥത്തിൽ വണ്ണിച്ച കുഞ്ചൻനമ്പ്യാരുടെ സരസ്വതിതന്നെ എത്ര തുള്ളൽപാട്ടുകളിലാണ് "അംബരനദീപുരേ വാണരുളിടുന്ന തമ്പുരാൻ ദേവനാരായണസ്വാമി"യേ പുകഴ്ത്തിയിട്ടുള്ളതു്. കേരളചരിത്രത്തിൽ വലുതായ പ്രാധാന്യമില്ലാത്ത ഈ നാട്ടിനു സാഹിത്യചരിത്രത്തിലുള്ള സ്ഥാനം അദ്വിതീയമെന്നു ആരും സമ്മതിക്കും.

ചെമ്പകശ്ശേരിനമ്പൂതിരിമാക്ക് അമ്പലപ്പുഴനാട്ടു് എങ്ങനെ കരസ്ഥമായി, കുടമാളൂർക്കാരായ അവർ പ്രക്കാട്ടു സ്ഥാനമുറപ്പിക്കുവാൻ കാരണമെന്തു് എന്നുള്ള ചോദ്യങ്ങൾക്കൊന്നും മറുപടിപറവാൻ ചരിത്രദൃഷ്ട്യാ നോക്കുന്നതായാൽ യാതൊരു വഴിയും തെളിഞ്ഞുകാണുന്നില്ല. ആ കാൎയ്യ

ങ്ങളെപ്പററി ചില ഐതിഹ്യങ്ങൾ അല്ലാതെ മററൊന്നും കേട്ടിട്ടില്ലരാനം. എന്നാൽ പോർട്ടുഗീസുകാരുടെ വരവിനശേഷമുള്ള കേരളചരിത്രത്തിൽ ചെമ്പകശ്ശേരിരാജാവിനുള്ള സ്ഥാനം യൂറോപ്യൻറിക്കാർട്ടുകളിൽനിന്നും പടപ്പാട്ടു മുതലായ പഴയ മലയാളപുസ്തകങ്ങളിൽനിന്നും ഏതാണ്ടു തെളിഞ്ഞുകാണുന്നതു് ഇവിടെ വിവരിക്കാം.

പറങ്കികളുടെ ചരിത്രത്തിൽ പ്രക്കാട്ടുരാജാക്കന്മാരേപ്പററി ആദ്യമായി പറഞ്ഞിട്ടുള്ളതു് ൧൫൨൪-ൽ ആണെന്നു തോന്നുന്നു. സാമൂതിരിപ്പാടിന്റെ നാവികസൈന്യാധിപനായ കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുമായി ഡാം ഹെൻറിക്കു ഡിമെൻഡിസ് എന്ന വൈസ്രായി കടൽയുദ്ധത്തിനു് ആ ആണ്ടിൽ ആരംഭിച്ചപ്പോൾ പ്രക്കാട്ടുരാജാവിന്റെ സഹായത്തിനു് അപേക്ഷിച്ചു എന്നും തന്റെ കപ്പൽപടയുടെ നേതാവായ അരയനേ പറങ്കികളോടു് യോജിച്ചു പ്രവത്തിക്കുന്നതിനു രാജാവു നിയോഗിച്ചു എന്നും കാണുന്നുണ്ടു്. പറങ്കികളുമായുള്ള സഹകരണംകൊണ്ടു് രാജാവിനും അരയക്കും ഗുണമല്ല ഉണ്ടായതു്. യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ തന്നെ വേണ്ടവിധം അരയൻ സഹായിച്ചില്ല എന്നു വൈസ്രായിക്കു സംശയം തോന്നുകയാൽ അയാൾ കയത്തു് അരയനെ വെടിവെയ്ക്കുന്നതിനു് ഉത്തരവിട്ടു. ഇതിന്റെ ഫലമായി പോർത്തുഗലും പ്രക്കാട്ടുമായി യുദ്ധമുണ്ടായി. ൧൫൨൭-ൽ പറങ്കിൽ പ്രക്കാട്ടുസൈന്യത്തെ തോല്പിച്ചു എങ്കിലും ഉടൻതന്നെ സന്ധിയുണ്ടായില്ല. മൂന്നു വർഷംകൂടി യുദ്ധം നടന്നു. ൧൫൨൯-ൽ പറങ്കിൽ പ്രക്കാട്ടുതന്നെ കത്തിക്കവെൻ വളരെ ധനവും ൧൩൨-പത്തേമാരി

കളും കുറേ തോക്കുകളും കൊണ്ടുപോയതായി പോർത്തുഗീസു റിക്കാർട്ടുകളിൽ കാണുന്നു.

ഈ സംഭവത്തിൽനിന്നു പ്രക്കാട്ടുരാജാക്കന്മാർ അക്കാലത്തു വളരെ പ്രാബല്യമുള്ളവരെന്നും അവരുടെ രാജ്യം സമ്പൽസമൃദ്ധമായിരുന്നു എന്നും മനസ്സിലാക്കാമല്ലോ. പോർത്തുഗീസുകാർ സഹായത്തിനു് ആവശ്യപ്പെടണമെങ്കിൽ ചെമ്പകശ്ശേരിരാജാവിന്റെ നാവികസൈന്യം നിസ്സാരമായിരിക്കാനിടയില്ല. എന്നുമാത്രമല്ല, മൂന്നുവർഷം പറങ്കികളോട്ടു് കടൽയുദ്ധം ചെയ്യുന്നതിനുതന്നെ ചെമ്പകശ്ശേരിരാജാവിനു കഴിഞ്ഞു എന്നും തെളിയുന്നുണ്ടല്ലോ.

ചെമ്പകശ്ശേരിയേപ്പറ്റി രണ്ടാമത്തു് ഒരു പ്രസ്താവനകാണുന്നതു് ൧൫൪൦-ൽ ആണു്. എസ്റ്റാവോഡഗാമ ഗവർണ്ണരായിരുന്നപ്പോൾ പറങ്കികളുടെ ഒരു കപ്പൽസംഘത്തെ പ്രക്കാട്ടുരാജാവും കരപ്പുറത്തു് ഒരു കയ്മളുംകൂടി ആക്രമിച്ചു കൈവശമാക്കി. ഇതറിഞ്ഞു കോപിച്ച ഗവർണ്ണർ ഉടൻതന്നെ ക്ഷമാപണംചെയ്യണമെന്നു രാജാവിനെ അറിയിച്ചു. താൻ യാതൊന്നും അറിഞ്ഞിട്ടില്ലെന്നും കയ്മളാണു് വേണ്ടാസനംപ്രവർത്തിച്ചതെന്നും രാജാവു സമാധാനം പറഞ്ഞു. അതുകൊണ്ടു് ഗവർണ്ണർ തൃപ്തിപ്പെട്ടു എന്നു മാത്രമല്ല, പോർത്തുഗൽ രാജാവുമായി ഒരു സഖ്യം ചെയ്യുന്നതിനു ക്ഷണിക്കയും ചെയ്തു. അങ്ങനെ ൧൫൪൧-ൽ ചെയ്ത സഖ്യം പറങ്കികൾ മലയാളക്കര വിട്ടുപോകുന്നതുവരെ വലിയ വഴക്കൊന്നും കൂടാതെ നിലനിൽക്കുകയും ചെയ്തു.

ഈ സന്ധികഴിഞ്ഞു ഒരു നൂറു വർഷക്കാലത്തേക്കു് പ്രക്കാടിനെപ്പറ്റി യാതൊന്നുംതന്നെ പറങ്കികളുടെ റിക്കാ

ട്ടുകളിൽ കാണുന്നില്ല. ൧൬൬൪-ൽ രാജ്യഭാരം ഏറ്റ രാജാവു് പോർത്തുഗീസുകാരും കൊച്ചീരാജാവുമായി യുദ്ധംചെയ്തു ജയിച്ചു എന്നും ആ സമയം മലയാളക്കരയിൽ വന്നിരുന്ന ലന്തക്കാരുമായി സഖ്യംചെയ്തു എന്നും ന്യൂഹോഫ് പറയുന്നുണ്ടു്. അങ്ങനെ പറങ്കിയുമായി സ്വല്പം ഒന്നു പിണങ്ങിയെങ്കിലും അതൊരു സാരമായ കലഹമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ വെട്ടത്തുനാട്ടദത്തിനേസംബന്ധിച്ചു പറങ്കികളോടു മററുള്ളവരെല്ലാം പിണങ്ങിയപ്പോൾ ചെമ്പകശ്ശേരി മാത്രമാണു് അവക്കൊരു തുണയായി നിന്നതു്.

ആദ്യമായി ലന്തക്കാർ ഇതുസംബന്ധിച്ചു സാമൂതിരിയുടെ സഹായത്തോടുകൂടി കൊച്ചിയേ ആക്രമിച്ചപ്പോൾ പ്രക്കാട്ടുരാജാവു തൻെറ നാവികസൈന്യവുമായി അവിടെ എത്തി റാണി ഗംഗാധരലക്ഷ്മിയെ സഹായിച്ചു എന്നു മാത്രമല്ല, സാമൂതിരിപ്പാട്ടു് അടക്കിവാണിരുന്ന വൈപ്പിൻകരയിൽ നിന്നു വിരോധികളെ ഓടിക്കയും ചെയ്തു.

"ചെമ്പകമന്നൻെറ വഞ്ചിപ്പടകളും
വൻപോടുനല്ല പറങ്കിയുമൊന്നിച്ചു
ചെന്നു വൈപ്പിൻകര ചുട്ടുപൊട്ടിച്ചിതു
കുന്നലമന്നവൻ രക്ഷിച്ചിരിക്കയിൽ"

എന്നു പടപ്പാട്ടിൽ ഇതിനേപ്പററി പറഞ്ഞിരിക്കുന്നു. പിന്നെയുള്ള ലന്തക്കാരുടെ ആക്രമണങ്ങളിലും പ്രക്കാട്ടുരാജാവാണു് പറങ്കികൾക്കു് ഒരു വലിയ സഹായമായിരുന്നതു്. റാണി ഗംഗാധരലക്ഷ്മിയെ വാൻറിഡു് ബന്ധനത്തിലാക്കി. കായൽക്കപ്പുറവും ലന്തക്കാർ ആക്രമിക്കാൻ തുട

ങ്ങിയപ്പോൾ ചെമ്പകശ്ശേരി നായന്മാരാണു കൊച്ചിയെ രക്ഷിച്ചതു്. അടുത്ത വൎഷം റിക്‌ലോഫ് ഫാൻഗ്ഗൺസു എന്ന വിഖ്യാതനായ അമരാൾ കൊച്ചിക്കോട്ടയെ വളഞ്ഞപ്പോഴും ചെമ്പകശ്ശേരിരാജാവു സഹായത്തിനു എത്തിയെങ്കിലും ആ സഹായംകൊണ്ടു ഫലമുണ്ടായില്ല.

കൊച്ചിക്കോട്ട പിടിച്ചുകഴിഞ്ഞ ഉടനെ ലന്തക്കാർ ചെമ്പകശ്ശേരിയോടു എതിൎത്തു. പടപ്പാട്ടിൽ ഇങ്ങനെ വൎണ്ണിക്കുന്നു.

ശങ്കയുംപൂണ്ടു കരപ്പുറത്തുള്ളോരും
ലങ്കേശതുല്യനമരാളും പിന്നെപ്പോയ്
വൻപടയോടുമാലപ്പുഴ തന്നിലേ
ചെമ്പകമന്നനോടാശു പിണങ്ങുവാൻ
പണ്ടിറണാകുളം തന്നിൽനിന്നുണ്ടായി
വന്ന പരിഭവമോൎത്തുടൻലന്തേശു
ചെമ്പകമന്നന്റെ വൻപട നിൎത്തിതു
വമ്പോടുമാലപ്പുഴ വാടതന്നിലേ
അങ്ങുമിങ്ങും പട ക്രൂടിയിരുന്നുടൻ
അങ്ങൊരു നാലഞ്ചു തീയതി ചെന്നാറെ
ലന്തേശു ചെമ്പകമന്നനെക്കണ്ടാറെ
യെന്തൊരു കൌശലമെന്നറിഞ്ഞില ഞാൻ
നന്നായി തങ്ങളിൽ കണ്ടണഞ്ഞീടിനാർ
മുന്നമൊരുപകയില്ലെന്നതുപോലെ
പണ്ടു പറങ്കിയും ചെമ്പകമന്നനു-
മുണ്ടായിരുന്നൊരു സഖ്യമതുപോലെ
കണ്ടുപറഞ്ഞുടൻ പോയമറാളുതാൻ.

ആലപ്പുഴവച്ചുണ്ടായ സന്ധിയെ അടിസ്ഥാനപ്പെടുത്തി കച്ചവടസംബന്ധമായ ചില കരാറുകൾ ചെയ്യുന്നതിനായി കൊച്ചീകമൂദവർ ക്യാപ്ററർ ന്യൂഹാഫിനെ രാജസന്നിധിയിലേക്കു അയച്ചു. രാജാവപ്പോൾ കുടമാളൂർ എഴുന്നള്ളിയിരിക്കയായിരുന്നു. ന്യൂഹാഫ് അദ്ദേഹത്തിനെ അവിടെ ചെന്നുകണ്ടു. അപ്പോഴത്തെ രാജാവിനു ഏകദേശം മുപ്പത്തിരണ്ടു വയസ്സു പ്രായമായിരുന്നു എന്നും കാഴ്ചയിൽ സുന്ദരനും യോഗ്യനുമായിരുന്നു എന്നും അയാൾ പറയുന്നു. ചെമ്പകശ്ശേരിരാജാവിൻെറ ശക്തി നാവികസൈന്യത്തിലായിരുന്നു എന്നും അദ്ദേഹം പറയുന്നുണ്ടു്. പ്രക്കാട്ടുനടക്കുന്ന കുരുമുളകുകച്ചവടം തങ്ങൾക്കു തരണമെന്നും അതു താരിപ്പുവിലയ്ക്കു കൊച്ചിയിലേൽപ്പിക്കണമെന്നുമായിരുന്നു ന്യൂഹാഫിനു പ്രധാനമായി പറയാനുണ്ടായിരുന്നതു്. പ്രക്കാട്ടെ കച്ചവടം കൊച്ചിയിലേക്കു മാററുന്നതിനു രാജാവിനു സമ്മതമല്ലായിരുന്നതുകൊണ്ടു് ഈ ആലോചനകൾ സഫലമായില്ല.

അന്നു പ്രക്കാട്ടു ഏററവും പ്രധാനപ്പെട്ട ഒരു തുറമുഖമായിരുന്നു. അവിടത്തെ കച്ചവടക്കാർ ആണ്ടിൽ 187,2600 റാത്തൽ കുരുമുളകു ഏല്പിച്ചുകൊള്ളാമെന്നും അല്ലാത്തപക്ഷം ഒരുലക്ഷം പണം പ്രായശ്ചിത്തം കൊടുക്കാമെന്നും ഏററതായി ലന്തക്കാരുടെ റിക്കാർട്ടുകളിൽ കാണുന്നു.

ഇത്ര പ്രധാനമായ ഒരു കച്ചവടസ്ഥലത്തു ഇംഗ്ലീഷുകാർ സ്ഥാനമുറപ്പിക്കുവാൻ മറന്നുപോകുന്നതല്ലല്ലോ. ൧൬൬൨-ൽ അവർ അവിടെ ഒരു പണ്ടകശാല ഏർപ്പെ

ട്ടത്തി. ലന്തക്കാരുടെ പ്രാബല്യംകൊണ്ടു വലുതായ ലാഭമൊന്നും അവിടെനിന്നും അവൎക്കു കിട്ടിയില്ലെങ്കിലും പ്രക്കാട്ടു രാജാവിൻെറ അടുക്കൽ തങ്ങൾക്കും ഒരു സ്ഥാനം ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണെന്നു അവർ വിചാരിച്ചിരുന്നു. ലന്തക്കാർ അവരെപ്പോഴെങ്കിലും പ്രക്കാട്ടുനിന്നു തള്ളി ഇറക്കുകയാണെങ്കിൽ അവരോടു വലുതായ ഒരു സംഖ്യയ്ക്കു ആവശ്യപ്പെടത്തക്കവണ്ണം വേണ്ട കള്ളക്കണക്കുകൾ ഉണ്ടാക്കിക്കൊള്ളണമെന്നു ഇംഗ്ലീഷ് കമ്പനിമേലാക്കന്മാർ തങ്ങളുടെ പ്രക്കാട്ടെ പണ്ടകശാലാധിപനായ ഗ്രീഗ്സബിയോടു ആവശ്യപ്പെട്ടിരുന്നു. ഇംഗ്ലീഷുകാരും ലന്തക്കാരുമായി യൂറോപ്പിലുണ്ടായ യുദ്ധത്തിൻെറ ഫലമായി പ്രക്കാട്ടേ ഇംഗ്ലീഷു പണ്ടകശാലയിൽനിന്നു ഗ്രീഗ്സബി അടിച്ചു ഓടിക്കപ്പെട്ടു. ആയാണ്ടിൽതന്നെ ഇംഗ്ലീഷുകാരുടെ വക ഫോപ്പ്‌വെൽ എന്ന കപ്പൽ കുരുമുളകു കയററാൻ പ്രക്കാട്ടേക്കു വരുംവഴി ലന്തക്കാരുടെ കൈവശത്തിൽപെട്ടു. ഇങ്ങനെ ചെമ്പകശ്ശേരിയും ഇംഗ്ലീഷുകാരുമായുള്ള ബന്ധം സ്വല്പകാലംകൊണ്ടു് അവസാനിച്ചുപോയി.

ലന്തക്കാരും ചെമ്പകശ്ശേരിയുമായി ശാശ്വതമായ ഒരു സഖ്യത്തിലല്ല കഴിഞ്ഞുപോന്നതു്. ൧൬൮൦-ാമാണ്ടു കൊച്ചീ രാജാവുമായി ചെമ്പകശ്ശേരിരാജാവു പിണങ്ങി. ലന്തക്കാർ ഈ വഴക്കിൽ മാദ്ധ്യസ്ഥംപറവാൻ ശ്രമിച്ചുവെങ്കിലും അതു സഫലമാകായ്കയാൽ അവരും കൊച്ചിരാജാവിൻെറ കക്ഷിയിൽചേൎന്നു തന്മൂലം ചെമ്പകശ്ശേരിരാജാവു സാമൂതിരിപ്പാടിനോടു യോജിച്ചു ലന്തക്കാരോടു പൊരുതു. ൧൬൯൦-ൽ ലന്തക്കാരുടെ കമ്മദവർ കൊച്ചിയും സാമൂതിരിയുമായുള്ള വ

ഴക്കിൽ മാദ്ധ്യസ്ഥം വഹിക്കുവാൻ പ്രക്കാട്ടുരാജാവിനേയും ക്ഷണിച്ചു എന്നു കാണുന്നു.

൧൭൦–നും ൧൭൪൦-നും ഇടയ്ക്കുള്ള പ്രക്കാട്ടുചരിത്രത്തെപ്പററി നമുക്കു യാതൊരറിവും ഇല്ല. ലന്തക്കുമുദവന്മാരിലൊരാളുടെ മെമ്മോറാൻഡത്തിൽ ൧൭൪൬-ൽ ചെമ്പകശ്ശേരിനാട്ടു വാണിരുന്ന ദേവനാരായണൻരാജാവിനെപ്പററി ഇപ്രകാരം വൎണ്ണിച്ചുകാണുന്നു. അദ്ദേഹം മുപ്പത്തിരണ്ടു വയസ്സ് പ്രായമുള്ള ഒരു യുവാവായിരുന്നു. വലിയ ബുദ്ധിമാനല്ല. എന്നാൽ അദ്ദേഹത്തിൻെറ രാജ്യം വളരെ നല്ലവണ്ണം ഭരിക്കപ്പെടുന്ന ഒന്നാണ്. അദ്ദേഹത്തിൻെറ പിതാമഹൻ ഏൎപ്പെടുത്തിയ നല്ല നിയമങ്ങളെ അനുസരിച്ചാണ് ഇപ്പോഴും രാജ്യഭാരം നടക്കുന്നതു്. കമ്പനിക്കു പ്രക്കാട്ടേ കമ്പോളത്തിൽ ഒരു ബംഗ്ലാവും കടൽപ്പുറത്തു ഒരു പണ്ടകശാലയും ഉണ്ടു്.

ഇദ്ദേഹമായിരുന്നു ചെമ്പകശ്ശേരിയിലെ ഒടുവിലത്തെ രാജാവ്. സമഗ്രപ്രഭാവനായ മാൎത്താണ്ഡവൎമ്മമഹാരാജാവു അമ്പലപ്പുഴ കീഴടക്കിയ കഥ എല്ലാവൎക്കും അറിയാവുന്ന ഒന്നാണല്ലോ. ആ മഹാരാജാവിനോടു നേരിടുന്നതിനുള്ള ശക്തിയോ സാമൎത്ഥ്യമോ ദേവനാരായണൎക്കുണ്ടായിരുന്നില്ല. ചെമ്പകശ്ശേരിരാജ്യം അടക്കിയശേഷം ദേവനാരായണരെ തിരുവനന്തപുരത്തു കൊണ്ടുപോയി തടവിൽ പാൎപ്പിച്ചതായും അദ്ദേഹം അവിടെനിന്ന് ഒളിച്ചുചാടിപ്പോന്നതായും ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നു. ഈ ഒടുവിലത്തെ രാജാവ് സമൎത്ഥനായിരുന്നില്ലെങ്കിലും, അദ്ദേഹം രാജ്യഭ്രഷ്ടനായാണ് ഒടുവിൽ കഴിഞ്ഞുകൂടിയതെങ്കിലും, കുഞ്ചൻനമ്പ്യാർ

അദ്ദേഹത്തിൻെറ സദസ്സിലാണു ജീവിച്ചിരുന്നതു് എന്ന ഒരൊററക്കാരണംകൊണ്ടു് അദ്ദേഹം മലയാളികളുടെ ശാശ്വതമായ ബഹുമാനത്തിനു് അവകാശിയാകുന്നു.

ചെമ്പകശ്ശേരിരാജ്യം എത്രയോ ചെറുതു്. അതിൻെറ ഒരുകാലത്തു പ്രസിദ്ധമായിരുന്ന നാവികശക്തി ഇപ്പോൾ ചമ്പക്കുളത്തു വള്ളംകളിയായിട്ടു മാത്രമേ നാം അറിയുന്നുള്ളു. എന്നാൽ മലയാളഭാഷ കേരളീയർ സംസാരിക്കുന്നിടത്തോളംകാലം എഴുത്തച്ഛൻ, മേല്പത്തൂർഭട്ടതിരി, കുഞ്ചൻനമ്പ്യാർ ഈ മൂന്നു കവികൾ ആശ്രയിച്ചു സേവിച്ചിരുന്ന ദേവനാരായണരാജാക്കന്മാരുടെ കീർത്തി നിലനില്ക്കുന്നതാണു്. ഇതിൽ കൂടുതൽ എന്തൊരു മേന്മയാണു് അവക്കാവശ്യം?

കെ. എം. പണിക്കർ എം. എ. ബാർ-അററ്‌ലാ.

---

# കലാവിലാസം.

സൌന്ദൎയ്യം, ലാവണ്യം, ആഹ്ളാദം, സൌഹാൎദ്ദം, എന്നുംമററുമുള്ള സംസ്കൃതപദങ്ങളും, അഴക്, ഒളി എന്നും മററുമുള്ള ഭാഷാവാക്കുകളും സാധാരണയായി പ്രയോഗിക്കുമ്പോൾ കലയുടെ വേരൂന്നിയിരിക്കുന്നതവയിലാണെന്നു നാമാരും അത്ര ഗൌനിക്കുമാറില്ല. സ്വതസ്സിദ്ധമായ രാമണീയകംകൊണ്ടു പ്രകൃതിദേവി നമ്മെ സൎവ്വദാ ഉപചരിക്കുന്നതറിയാൻ ശേമുഷിയുള്ളവർ മാത്രം അതറിയുന്നുണ്ടാവും. സൌന്ദൎയ്യം എവിടെ കുടികൊള്ളുന്നു എന്ന് ആരായുന്നവൎക്കു നരോത്തമരൂപത്തിൽ അതു പ്രത്യക്ഷമാകുന്നു. ചിത്രകാരനും, ശില്പിയും, കവിയും, ഗായകനും മാനുഷചൈതന്യത്തെ അഭിമുഖീകരിച്ചല്ലാതെ കലകളെ പുലൎത്തുന്നില്ല. ആ ദിവ്യചൈതന്യത്തിന്റെ ആവിഷ്കരണംതന്നെയാണ് ആനന്ദത്തെ ഉളവാക്കുന്നതു്. കതിരവനുഷസ്സിൽ ചെങ്കതിരുകളെ നാലുപാടും വിതറി ലോകാനന്ദമുളവാക്കി അന്തിവേളയിൽ അവയെ തന്നിൽതന്നെ പിന്തിരിക്കുംവണ്ണം, അന്തരാത്മാവിൽനിന്നു സൎവ്വതോമുഖമായി പ്രസരിക്കുന്ന ദിവ്യചൈതന്യകിരണങ്ങൾ പദാൎത്ഥങ്ങളെ സംവരണംചെയ്തു പ്രതിനിവൎത്തിക്കുമ്പോഴുണ്ടാകുന്ന ആനന്ദത്തെയാണ് നാം കലയെന്നു നിൎവ്വചിക്കുന്നതു്. ആനന്ദസ്വരൂപമായ കലയ്ക്കും ബ്രഹ്മത്തിനും യാതൊരു ഭേദവും കല്പിച്ചുകൂട്ടുന്നതല്ല. ഉച്ചസ്ഥയായ കലയുടെ മാഹാത്മ്യമറിയാൻ സാധാരണക്കാരെക്കൊണ്ട് അസാദ്ധ്യമാണ്. അതിന്റെ അംശാവതാര

ങ്ങളെന്നോ ആഭാസങ്ങളെന്നോ പറയാവുന്ന ഇന്ദ്രിയനിഷ്ഠ ങ്ങളായ ആനന്ദലേശങ്ങളെയാണു നാം കലകളായിഗണിച്ചു വരുന്നതു്. ലോകസൃഷ്ടിയിൽ ബ്രഹ്മത്തിനു മായാവേശമു ണ്ടാകുന്നുവെന്നു വേദാന്തികളും പുരുഷപ്രകൃതിസമ്മേളനമു ണ്ടെന്നു സാംഖ്യരും ത്രിഗുണങ്ങളുടെ കൂട്ടിക്കലൎച്ച്യുണ്ടെന്നു നൈയായികരും ഗുണദോഷസമ്മിശ്രമുണ്ടെന്നു ഇതരമതസ്ഥ രും പറയുന്നതിൻെറ സാരമാലോചിച്ചാൽ, സൗന്ദൎയ്യത്തി ൻെറ അതായതു കലയുടെ ഉച്ചനീചാവസ്ഥകളെ കുറിക്കുന്ന തുതന്നെയാണെന്നു മനസ്സിലാക്കാൻ വളരെ വ്യാഖ്യാനമൊ ന്നുംവേണ്ട. പരമാനന്ദത്തിനു പ്രാകൃതസംബന്ധമുണ്ടായി പ്രാ പഞ്ചികതോതുകളെക്കൊണ്ടു് അളന്നു നിയമിതമാകുമ്പോൾ ജാതിഭ്രഷ്ടനായ ഉത്തമകുലജാതനെന്നോണം ഹീനോപാധി കൾ ചേൎന്നു വിലക്ഷണനത വരുന്നു. എങ്കിലും പൂൎവ്വദശാനുസ്മ രണദ്വാരാ ഉത്തമതലാഭോന്മുഖത്വം വിട്ടുപോകുന്നില്ല. അധഃപതിച്ച ആനന്ദത്തിൻെറ താദാത്മ്യസിദ്ധിക്കുള്ള പ രിശ്രമത്തെയാണു നാം കലയെന്നു വ്യവഹരിച്ചുവരുന്നതു്. എപ്പോഴെങ്കിലും ഉൽഗതിക്കുള്ള ആഭിമുഖ്യം നിലച്ചുപോ കുന്നുവോ അപ്പോൾ കലയുടെ പ്രാണൻ പോയതായി ഗണി ക്കാവുന്നതാണു്.

ആനന്ദത്തിൻെറ ലക്ഷണമെന്തെന്നു മഹാപണ്ഡിത ന്മാൎക്കുപോലും നിൎവ്വചിക്കാൻ സാധിച്ചിട്ടില്ല. അതു പിടി കിട്ടാത്ത ഒരു പദാൎത്ഥമാണു്. അന്തരിക്ഷം ഒരു പദാൎത്ഥ മാണെന്നു ആരും സമ്മതിക്കും. കടൽക്കരയിൽനിന്നുനോ ക്കുമ്പോൾ അതു ഭൂമിയെ സ്പൎശിച്ചിരിക്കുന്നതായി നമുക്കു തോന്നുന്നു. എന്നാൽ അതിനെ സ്പൎശിക്കാൻ മുന്നോട്ടു

പോകുന്തോറും അതും അകന്നു പോകുന്നതല്ലാതെ ഹസ്തഗതമാകുന്നില്ല. എന്നതുപോലെ ആനന്ദത്തെ ഗ്രഹിക്കാൻ പോകുന്തോറും അതു നമ്മുടെ പക്കൽ കിട്ടാതെ തഴകിപ്പോകുന്നു. സൗന്ദര്യ്യം ആനന്ദമയമാകനിമിത്തം അതിനെ പിടിത്തംകൂടാൻ പ്രയാസമാണ്. അംശാനുഭവം ഉണ്ടാകാതെ വരുന്നുമില്ല.

പിടികിട്ടാതെ മായാവിയായിരിക്കുന്നതിനെ തേടിനടക്കുന്നതു മൂഢപ്രവൃത്തിയല്ലേ എന്നു പലരും ശങ്കിച്ചേക്കാം. എങ്കിലും അതു നമ്മുടെ സകലപ്രവൃത്തികളിലും വ്യാപിച്ചിരിക്കകൊണ്ടും തദഭാവത്തിൽ സകലവും നിശ്ചേതനമായിത്തീരുകകൊണ്ടും അതെന്തെന്ന് അറിയാനുള്ള കൗതുകം മനുഷ്യന് അവർജ്ജ്യമായി തീൎന്നിരിക്കുന്നു. അതിനെപ്പററി ചൎച്ചചെയ്യുമ്പോഴുണ്ടാകുന്ന ആകാംക്ഷകൾ പലവിധമാണ്. എന്തുകൊണ്ടാണു നാം ഒരു പദാൎത്ഥത്തെ സുന്ദരമാണെന്നു കല്പിക്കുന്നതു്. ചിലതിനു ലാവണ്യമുണ്ടെന്നും മററു ചിലതിനു അതില്ലെന്നും പറയുന്നതു് എന്തുകൊണ്ടാണ്? രമണീയപദാൎത്ഥങ്ങൾക്കു തമ്മിൽ എന്തെങ്കിലും സമാനധൎമ്മമുണ്ടോ? ഉണ്ടെങ്കിൽ അതെന്തു്? അതെങ്ങിനെ നാം മനസ്സിലാക്കുന്നു?

ലാവണ്യകലയെന്നൊന്നുണ്ടെന്നുള്ളതിൽ ആൎക്കും വിപ്രതിപത്തിയുണ്ടാവില്ല, അതു് അന്തഃസ്ഥമോ ബഹിഷ്ഠമോ എന്നുള്ളതിലാണു തൎക്കം. രണ്ടുംകൂടി ചേൎന്നതാണെന്നാണു നമ്മുടെ സിദ്ധാന്തം. രണ്ടിലും സ്ഥായിയായും ചലമായുമുള്ള അംശങ്ങളുണ്ടു്. രണ്ടംശങ്ങൾക്കും വൈരുദ്ധ്യമില്ല; നിയതമായ സമവൎത്തിത്വമാണുള്ളതു്. അതുകൊ

ണ്ടാണു നാനാത്വത്തിൽ ഏകത്വം കാണുന്നതിൽ ആനന്ദമുളവാകുന്നതു്. പ്രകൃതിപുരുഷവിനിമയത്തിലാണു് ലാവണ്യകലയുടെ ആവിർഭാവം. കടൽ ഇരയ്ക്കുന്നു, തെന്നലൂതുന്നു, അന്തി അണയുന്നു, മല നിലനില്ക്കുന്നു എന്നും മററും പറയുമ്പോൾ പ്രകൃതിയിൽ പുരുഷത്വാരോപണമല്ലേ നാം ചെയ്യുന്നതു്? അതുപോലെ മാൻമിഴി, മനതാർ, കാർകുഴലി എന്നും മററുമുള്ളവയിൽ പുരുഷനിൽ പ്രകൃതിയെ നാം അധ്യാസിക്കുന്നു. വാസ്തവത്തിൽ ഭാഷ ഒരു വലിയ കലാമന്ദിരമാണു്. അതിൽനിന്നു നമ്മുടെ ജ്ഞാനത്തേയും അജ്ഞാനത്തേയും നിർണ്ണയിക്കാം.

സുന്ദരത്വത്തിന്റെ ബാഹ്യാംശം ഇന്ദ്രിയദ്വാരാ സിദ്ധിക്കുന്നതാണെങ്കിലും അതിന്റെ ബോധം ഇന്ദ്രിയപ്രേക്ഷണത്തിൽനിന്നു കവിഞ്ഞതാണിരിക്കുന്നതു്. ഇന്ദ്രിയപ്രേക്ഷണം കേവലം ഉപലക്ഷണം മാത്രമാകുന്നു. പ്രകൃതിയിൽ കാണുന്നതിനെ പകൎത്തുന്നതു കലയാവുന്നില്ല. അതിനെ അതിക്രമിച്ചെങ്കിൽ മാത്രമേ കലയുടെ വൈഭവം വരുന്നുള്ളു. അതുകൊണ്ടാണു് ഒരു ഫോട്ടോവിനും ചിത്രത്തിനും തമ്മിൽ വ്യത്യാസമുണ്ടായിരിക്കുന്നതു്. ഫോട്ടോ പ്രകൃതിയുടെ പ്രതിഫലനം മാത്രമാണു്; ചിത്രം ആന്തരമായ ജീവനോടുകൂടിയതാണു്. ഒന്നു് അചലവും മറേറതു ചലവുമാകുന്നു. ചലത്വം സൗന്ദര്യത്തിന്റെ കാതലാണു്. സുന്ദരപദാർത്ഥങ്ങളുടെ അചലത്വം ഭ്രമമത്രെ നാമറിയാതെ അതു ഭേദിക്കുന്നുണ്ടു്. ഒരു ചിത്രംകാണുമ്പോൾ പലേ വികാരങ്ങളെ ഉദ്ദീപിപ്പിക്കുന്നുണ്ടല്ലോ. അതാണു് അതിന്റെ ചലത്വത്തിനുള്ള ലക്ഷണം. എന്നാൽ ചലന

ത്തോടു ചേൎന്ന് സാധനരൂപായി സ്ഥിരത്വവുമതിനുണ്ട്. വിപരീതധൎമ്മങ്ങളുടെ ആന്തരമായ പൊരുത്തം സൗന്ദൎയ്യത്തിൻെറ ജീവനാണു്. സന്ധ്യാകാലത്തിനുള്ള രാമണീയകവും ചന്ദ്രികയ്ക്കുള്ള അഴകും എന്തുകൊണ്ടുണ്ടാകുന്നു എന്നു് ആലോചിച്ചാൽ മതി. വിപരീതങ്ങളായ ഇരുളും വെളിച്ചവും അരഞ്ഞുചേൎന്നിരിക്കകൊണ്ടല്ലേ? ചലത്വം കേവലം കൃത്രിമമായിരുന്നാൽ പോരാ. ചലനചിത്രപ്രദൎശനങ്ങൾ കലയിൽ ഉൾപ്പെടുന്നില്ല. സജീവമായി നിയതസിദ്ധമായ ചലത്വമാണു് സൌന്ദൎയ്യത്തിനു ഹേതു. ഒരു ചെടി ക്രമേണ വളൎന്നുവരുന്നതിലും, ഒരു പുഷ്പം വികസിക്കുന്നതിലുമുള്ള ഭംഗി, വിദ്യുച്ഛക്തികൊണ്ടുണ്ടാക്കുന്ന വികാസത്തിനു വരുന്നതല്ല.

വിപരീതങ്ങളുടെ അകൃത്രിമമായ സമ്മേളനത്തിലാണു് സുന്ദരത്വത്തിൻെറ സാന്നിദ്ധ്യമുണ്ടാകുന്നതെന്നു സിദ്ധമായല്ലോ. ഒന്നു് മറെറാന്നിനെ പോഷിപ്പിക്കുകയാണു് അകററുകയല്ല ചെയ്യുന്നതു്. അവയെ യോജിപ്പിക്കുന്ന ഘടകൻ ഭാവനയാകുന്നു. നിറം, രൂപം, ശബ്ദം, ചലനം എന്നീവക ഉപാധികൾ പ്രകൃതിയിൽ അനവധിവിധമുണ്ടു്. അവയെ ചേരുന്നപടി ചേൎക്കുന്നതിലാണു് സൌന്ദൎയ്യം ഉളവാകുന്നതു്. ചേൎച്ചയാണു് സൌന്ദൎയ്യം എന്നു തെററിദ്ധരിക്കരുതു്. ചേൎച്ച സൌന്ദൎയ്യത്തെ ആവിഷ്കരിക്കമാത്രമേ ചെയ്യുന്നുള്ളു, പല സ്വരത്തിൽചേൎന്നു് ശ്രുതിലയമുണ്ടാകുന്നതുപോലെതന്നെയാണു്, പല വൎണ്ണങ്ങൾ ചേൎന്നു രാമണീയകമുണ്ടാകുന്നതും. എല്ലാം ഒരേസ്വരമായിരുന്നാൽ ശ്രാവ്യമല്ലാത്തതുപോലെ, എല്ലാം ഒരേ വൎണ്ണമായിരുന്നാൽ ദൃശ്യമ

ല്ലാതെയും വരും. ശൂന്യാകാശത്തെ നാം അറിയാത്തതി ന്റെ കാരണമതാണ്. പല വൎണ്ണങ്ങളുടേയും കൂട്ടിച്ചേൎച്ച വരുമ്പോൾ സൗന്ദര്യബോധമുളവാകുന്നു. ചെന്താമരയുടെ ഭംഗി അതിലുള്ള അനേകം വൎണ്ണങ്ങളുടെ വിനിമയമാകുന്നു. ചുകപ്പു മാത്രമായിരുന്നാൽ അതിനു ഭംഗിയുണ്ടാകുമോ? വൎണ്ണത്തിനും ആകൃതിയ്ക്കുമുള്ള യോജിപ്പാണു അതിനെ സുന്ദരമാക്കുന്നത്. അതിൽ വികാസവും കൂടി ചേരുമ്പോൾ ലാവണ്യം ഇരട്ടിക്കുന്നു. അതുപോലെതന്നെയാണു ശബ്ദവും. ഏകസ്വരം ശ്രോത്രകഠോരമായിരിക്കുന്നു. ഷഡ്ജപഞ്ചമമദ്ധ്യമങ്ങളുടെ സമ്മേളനമുണ്ടാകുമ്പോൾ മാധുൎയ്യമുൽഭവിക്കുന്നു. അതെന്തുകൊണ്ടെന്നാൽ ഒരു സ്വരമുണ്ടാക്കുന്ന വികാരത്തെ മററുള്ള സ്വരങ്ങൾ സൗമ്യമാക്കുന്നതുകൊണ്ടാകുന്നു. അപ്രകാരം സൗമ്യമാകുമ്പോൾ മാത്രമേ മാധുൎയ്യം അതായതു സൗന്ദൎയ്യമുണ്ടാകയുള്ളൂ. ആനന്ദം വൎദ്ധിക്കുന്ന ക്രമത്തിനു ഇന്ദ്രിയഗ്രഹണം കുറഞ്ഞു വരുമെന്നുള്ളതും അനുഭവസിദ്ധമാണല്ലോ.

അതുകൊണ്ടറിയണം സൗന്ദൎയ്യബോധം കേവലം ഇന്ദ്രിയനിഷ്ഠമല്ലെന്നുള്ള സംഗതി. ബുദ്ധിയുടെ പ്രവൃത്തിയും അതിൽ അന്തൎഭവിച്ചിരിക്കുന്നു. നാനാമുഖങ്ങളായ ഇന്ദ്രിയപ്രേക്ഷണങ്ങളെ ഇണക്കിച്ചേൎത്ത് അവയിൽ അന്തൎഭൂതമായ ഏകതത്വത്തെ ഗ്രഹിക്കുന്നതാണു ബുദ്ധിയുടെ പ്രവൃത്തി.

സൗന്ദൎയ്യബോധത്തെപ്പററി പല തെററിദ്ധാരണകളുള്ളവയെ അകററുമ്പോൾ അതിന്റെ തത്വം ഒന്നുകൂടി വിശദമാകും. ഒന്നാമത്തെ ദുരഭിപ്രായമെന്തെന്നാൽ, സൗന്ദൎയ്യ

ബോധം ശീലംകൊണ്ടും നടപ്പുകൊണ്ടുമുണ്ടാകുന്നതും പാരമ്പര്യംകൊണ്ടും അഭ്യാസംകൊണ്ടും പുഷ്ടിവരുന്നതുമാകുന്നു എന്നുള്ളതാണ്. ഇതിൽ ഏതാണ്ടു സത്യമില്ലെന്നില്ല. പരിചയംകൊണ്ടും അഭ്യാസംകൊണ്ടും സൗന്ദര്യബോധത്തിന്നു തീക്ഷ്ണത കൂട്ടാമെന്നല്ലാതെ ഇല്ലാത്തതിനെ സൃഷ്ടിക്കുവാൻ സാധിക്കുന്നതല്ല. ജ്ഞാനത്തിൻെറ കൂട്ടൽകുറവുകൊണ്ടു അഭിപ്രായഭേദവും വരുന്നുണ്ട്. ഗ്രാമീണജനങ്ങൾക്കു കടുത്ത നിറങ്ങളിൽ കൌതുകവും സൗമ്യവർണ്ണങ്ങളിൽ വൈരസ്യവും സാധാരണമാണ്. കടുംചുകപ്പുള്ള ചേലകളാണ് പാമരജനങ്ങൾക്കു പ്രിയം, നാഗരികകൾക്ക് അതു കണ്ടുകൂടാ. അതുപോലെ ബീഭത്സങ്ങളും ഭയാനകങ്ങളുമായ രൂപങ്ങളും വേഷങ്ങളും മൂഢജനങ്ങളുടെ മനസ്സിനെ ആകർഷിക്കുന്നുണ്ട്. കഥകളിയിലും കോലംതുള്ളലുകളിലും മററും ഉദാഹരണം കാൺക. മനോവികാരങ്ങളെ തീവ്രമായി ഉത്തേജിപ്പിക്കുന്ന ചിത്രങ്ങളും ഗാനങ്ങളും അപരിഷ്കൃതജനങ്ങൾക്കു രസാവഹങ്ങളാണ്. അതുപോലെ അസഭ്യങ്ങളായ പ്രതിമകൾ പല പുരാതനക്ഷേത്രങ്ങളിൽ കണ്ടുമുട്ടുന്നുണ്ടല്ലോ. പണ്ഡിതഹൃദയത്തിന്നു ഇവ വൈരസ്യത്തെ ജനിപ്പിക്കുന്നു. എങ്കിലും സാമാന്യേന ചിന്തിക്കുമ്പോൾ രുചിഭേദം എത്രതന്നെ ഉണ്ടായിരുന്നാലും, സൗന്ദര്യബോധത്തെപ്പററി സമാനധർമ്മങ്ങൾ അനവധിയുണ്ടെന്നു സമ്മതിച്ചേതീരു. കാലദേശജ്ഞാനങ്ങളുടെ വ്യത്യാസമനുസരിച്ചു ഉപാധിഭേദങ്ങളുണ്ടാകാമെന്നല്ലാതെ ബോധസ്വരൂപത്തിന്നു വ്യത്യാസം വരുന്നില്ല.

മറെറാരു അബദ്ധമതമെന്തെന്നാൽ നമുക്കു രസിക്കു

ന്നതെല്ലാം സുന്ദരമാണു്; അല്ലാതെ സൗന്ദൎയ്യമെന്നു ഒന്നില്ല എന്നുള്ളതാകുന്നു. ഇതു കേവലം നാസ്തികവാദമാണു്. ഒരു പദാൎത്ഥത്തെ നാം സുന്ദരമെന്നു പറയുന്നതു് കേവലം രസിപ്പിക്കുന്നതുകൊണ്ടല്ല, അതിനെ അതിശയിച്ചിരിക്കുന്നതുകൊണ്ടാകുന്നു. ഒരു ചിത്രത്തിന്റെ ഭംഗി അതിന്റെ ഛായങ്ങളിലോ കടലാസ്സിലോ അല്ല, ഭാവനയിലാണു് ഇരിക്കുന്നതു്. വൎണ്ണവ്യത്യാസമില്ലാത്ത പ്രതിമകൾ നമ്മെ ആനന്ദിപ്പിക്കുന്നതു് അവ സൂചിപ്പിക്കുന്ന വികാരങ്ങൾകൊണ്ടാകുന്നു. സാഹിത്യത്തിൽ വാച്യത്തിനേക്കാൾ വ്യംഗ്യത്തിനു മാഹാത്മ്യം ആലങ്കാരികന്മാർ കല്പിച്ചിരിക്കുന്നതു് അതുകൊണ്ടുതന്നെയാണു്. സുന്ദരപദാൎത്ഥങ്ങൾ ആനന്ദത്തെ പ്രദാനം ചെയ്യുന്നു എന്നുള്ള അംശം ഈ മതത്തിൽ വാസ്തവമാണെന്നു സമ്മതിക്കാം.

തെറ്റായ മറ്റൊരു മതം സാധാരണയുള്ളതു പറയാം. ഇണക്കമനുസരിച്ചുള്ള സംയോഗത്തിലാണു സൗന്ദൎയ്യമുള്ളതു്. അല്ലാതെ സുന്ദരത്വമെന്നു പൃഥക്കായ ഒരു സത്വമില്ലെന്നാണു ചില വിദ്വാന്മാർ വാദിക്കുന്നതു്. "ചേരുന്നപടി ചേരുന്നതന്വയം" അതുതന്നെ സൗന്ദൎയ്യം എന്നാണവരുടെ മതം. നടപടിയെ നിയമമാണെന്നു സങ്കല്പിച്ചാൽ പററുന്ന അബദ്ധം ഇതിൽ പിണഞ്ഞിരിക്കുന്നു. കൊലക്കുററത്തിനു ശിക്ഷ വിധിക്കുന്ന പീനൽകോഡും, അതു തെളിയിക്കാനുള്ള വഴികളെ വിവരിക്കുന്ന തെളിവുശാസ്ത്രവും, ക്രിമിനാൽ നടപടിയും ഒന്നുതന്നെയാണെങ്കിൽ സുന്ദരത്വവും യുക്തസംയോഗവും ഒന്നുതന്നെയെന്നു പറയാം. ഒരു പട്ടണത്തിലേക്കു കടക്കാനുള്ള വഴികളും പട്ടണവും ഒന്നാകുമോ?

സൌന്ദൎയ്യസിദ്ധിക്കു യഥാക്രമമായ ചേർച്ചതന്നെയാണു സൌന്ദൎയ്യമെന്നു പറയുന്നതു സാഹസമല്ലേ?

ഉപയോഗംകൊണ്ടാണു സൌന്ദൎയ്യമെന്നാണു മറ്റൊരു അഭിപ്രായം. ഇതിൽ തീരെ അൎത്ഥമില്ല. എന്തെന്നാൽ നിരുപയോഗവും പദാൎത്ഥങ്ങളിലാണ് പലപ്പോഴും ഉത്തമസൌന്ദൎയ്യമുണ്ടാക്കിയിരിക്കുന്നതു്. കവികളുടെ വൎണ്ണനകൾ മിക്കതും ഇതിന്നുദാഹരണങ്ങളാണു്. ചന്ദ്രോദയം, സൂൎയ്യാസ്തമയം, ഹിമപൎവ്വതങ്ങൾ, മേഘമാലകൾ ഇവകളുടെ വൎണ്ണനകൾ കാവ്യനാടകങ്ങളിൽ അനവധിയുണ്ടല്ലോ. ആനന്ദപ്രദാനമല്ലാതെ എന്തു പ്രയോജനമാണു അവയെക്കൊണ്ടുള്ളതു്? പെരുന്തേനരുവിക്കു മീതേ തഴച്ചു ഇലകളോടു വിലസുന്ന തേന്മാവിന്റെ കൊമ്പു തെന്നലേറ്റു കാണികളെ കൈകാട്ടി വിളിക്കുന്നപോലെ ഇളകുന്നതു ഏറ്റവും മനോഹരമായ കാഴ്ചയാണു്. അതു മറ്റേതെങ്കിലും ഒരുപയോഗത്തെ നൽകുന്നുവോ? നേരമെറിച്ചു് ആ കൊമ്പു വെട്ടിയെടുത്താൽ പാലം ഇടാം; വിറകാക്കാം; തോണിയുണ്ടാക്കാം; പലകയറുത്തു പുരയ്ക്കു തട്ടിടാം. അപ്പോൾ അതിന്റെ രാമണീയകമെവിടെ? സത്യത്തിൽ പ്രയോജനബോധം എത്രത്തോളം മുതിരുന്നോ, അത്രത്തോളം സൌന്ദൎയ്യം പമ്പകടക്കുന്നു എന്നുവേണം പറയാൻ. ചുണ്ടൻവള്ളങ്ങൾക്കും തണ്ടുവച്ച ബോട്ടുകൾക്കുമുള്ള മോടിയുണ്ടോ ഇന്നത്തെ മോട്ടാർബോട്ടുകൾക്കു്? രഥത്തിനും സാറട്ടിനുമുള്ള ചന്തമെവിടെ? റോൾസ് റായിസ് മോട്ടാറിനുള്ള അഴകെവിടെ? ഒന്നിനുപയോഗം കുറവാണു്. അന്തസ്സും ഭംഗിയുമേറും. മറ്റേതിനു പ്രയോജനമധികമുണ്ടു്. ഭംഗി കുറയും. പ്രകൃതിയു

ടെ. മായാമയമായ സൃഷ്ടിസ്ഥിതിലയവൈചിത്ര്യത്തിൽ രാമണിയകവും പ്രയോജനവും ഒന്നുപോലെ ചേൎന്നിരിക്കുന്നു എന്നു സമ്മതിച്ചേ തീരൂ. അപ്രതിഹതങ്ങളായ പ്രകൃതിനിയമങ്ങൾ നമ്മേ ഹഠാൽ ആവൎജ്ജിക്കാതിരിക്കയില്ല. അതിനോടു യുക്തമായി ചേരുമ്പോൾ ഉപയോഗവും സൌന്ദൎയ്യവും വൎദ്ധിക്കാതിരിക്കുന്നില്ല. വൈരക്കല്ലു ചക്രവൎത്തിയുടെ കിരീടാലങ്കാരമാകുമ്പോൾ ഭംഗി ഇരട്ടിക്കുന്നു. റോസാകുസുമം തരുണീരത്നത്തിന്റെ ശിരസ്സിൽ അധികം ശോഭിക്കുന്നു. എന്നിരുന്നാലും അപ്രകാരമായെങ്കിൽ മാത്രമേ രത്നത്തിനും പുഷ്പത്തിനും ഒളിയുള്ളു എന്നു പറഞ്ഞാൽ അനുവദിക്കാൻ പ്രയാസമാണ്. മാമ്പഴം തിന്നാൽ സ്വാദുണ്ടെന്നുവച്ചു മാത്രമാണോ സുന്ദരമായിരിക്കുന്നതു്. നിരുപയോഗങ്ങളായിതീൎന്ന പുരാണവസ്തുക്കൾ നമ്മെ തുലോം ആനന്ദിപ്പിക്കുന്നില്ലേ?

സഹവാസമാണു സൌന്ദൎയ്യമെന്നൊരുകൂട്ടൎക്കു അഭിപ്രായമുണ്ടു്- പദാൎത്ഥങ്ങൾക്കു സ്വയമായി വൈരൂപ്യവും സൌന്ദൎയ്യവുമില്ല. നാം മാനസികസങ്കല്പത്താൽ സംഘടിപ്പിക്കുന്ന സഹചാരധൎമ്മങ്ങളെക്കൊണ്ടാണു് അവയ്ക്കുണ്ടാകുന്ന അഴകെന്നാണു് അവരുടെ വാദം. മാനസികവൃത്തികൊണ്ടു സൌന്ദൎയ്യബോധത്തിനു തൈക്ഷ്ണ്യംവരുമെന്നുള്ള ഭാഗം ശരിതന്നെയാണു്. അടിസ്ഥാനമില്ലാത്ത കിംവദന്തിയോ, ചുവരില്ലാത്ത ചിത്രമോ, തീയില്ലാത്ത പുകയോ, ഉണ്ടാകുമോ? ഗഗനകുസുമത്തിന്റെ പോഷണം സാദ്ധ്യമാകുന്നതെങ്ങനെ? സാഹചൎയ്യംകൊണ്ടു വികാരത്തെ ഉത്തേജിപ്പിക്കാം. അതു വികാരത്തെ സൃഷ്ടിക്കുന്നില്ല. ഒരു

പാട്ടുകേൾക്കുമ്പോൾ പൂൎവ്വസ്മരണകൊണ്ടു മനസ്സിലുണ്ടാവുന്ന വികാരത്തിനു കട്ടപ്പമുണ്ടാകാം; അല്ലാതെ പൂൎവ്വസ്മരണയല്ല ഗാനത്തിൻെറ മാധുൎയ്യത്തെ സൃഷ്ടിക്കുന്നത്. വിപ്രലംഭശൃംഗാരത്തിൻെറ ജീവൻ പൂൎവ്വസ്മരണകൊണ്ടു ഉദ്ദീപ്തമായ മാനസികവികാരമാണല്ലോ. തല്ക്കാലമുണ്ടാകുന്ന ഇന്ദ്രിയപ്രേക്ഷണത്തിൽ മുൻ അനുഭൂതങ്ങളായ ഓരോ സംഗതികൾ കൂടിച്ചേൎന്നു ഒന്നായിത്തീരുമ്പോൾ ഉണ്ടാകുന്ന വികാരത്തെ ചിലപ്പോൾ വിശകലനംചെയ്തു മനസ്സിലാക്കാൻ പാടില്ലെന്നു വന്നേക്കാം. എങ്കിലും കേവലം പൂൎവ്വസ്മരണകളല്ല വികാരത്തെ ഉദിപ്പിക്കുന്നതെന്നതിനു തൎക്കമില്ല. സ്മരണയുണ്ടാകണമെങ്കിൽതന്നെ അതിനു കാരണം വേണമല്ലൊ.

മേൽ വിവരിച്ചതുകൊണ്ടു സിദ്ധമായതെന്തെന്നാൽ സുന്ദരത്വത്തിന് അകവും പുറവുമുണ്ടെന്നും, പ്രകൃതിയുടെ സൌന്ദൎയ്യം, ആത്മവ്യഞ്ജനംകൊണ്ടും, ആത്മാവിൻെറ ലാവണ്യം, പ്രകൃതിപ്രതിഫലനംകൊണ്ടുമാണെന്നും, ഈ രണ്ടംശങ്ങളും കൂടിക്കലൎന്നില്ലെങ്കിലല്ലാതെ സൌന്ദൎയ്യമില്ലെന്നുമുള്ളതാകുന്നു. സമഷ്ടിയിലാണ് വ്യഷ്ടിയിലല്ല സൌന്ദൎയ്യം. പ്രകൃതി പദാൎത്ഥങ്ങളെ വിശകലനംചെയ്യുമ്പോൾ അവയുടെ ലാവണ്യം അസ്തമിക്കുന്നു. ഒരു സ്ത്രീയുടെ രൂപം പ്രത്യവയവം വികൃതമായിരിക്കും; ആകപ്പാടെ അഴകുള്ളതായിരിക്കുന്നുണ്ട്. ഓരോന്നിൻെറയും പൊതിയഴിച്ചുനോക്കിയാൽ ബീഭത്സതയാണു വെളിപ്പെടുന്നത്. ഭാവനാമയമായ ആവരണംകൊണ്ട് ആച്ഛാദിതമാകുമ്പോൾ അതു കൌതുകത്തെ ആവിഷ്കരിക്കുന്നു. ഈ ആവരണംതന്നെ

യാണു കവിയുടെ കല്പനകളും, ഗായകന്റെ ശ്രുതിലയങ്ങളും, ചിത്രകാരന്റെ ഛായപ്പകിട്ടുകളും.

സൗന്ദര്യത്തിൽനിന്നാണു കലകളുടെ ആവിർഭാവം. സൗന്ദര്യബോധംതന്നെയാണു കല; അഥവാ സൗന്ദര്യബോധത്തിന്റെ പതിപ്പാണെന്നും പറയാം. പുരുഷന്റേയും പ്രകൃതിയുടേയും ഇടനിലക്കാരനാണു കലയെന്നു പറയുകയും ആവാം. എന്തെന്നാൽ രണ്ടിന്റേയും സാരാംശങ്ങളെ കൂട്ടിയിണക്കി പ്രത്യക്ഷീകരിക്കുന്നതു കലയുടെ പ്രവൃത്തി ആകുന്നു. കല കലയാകുന്നതു പ്രകൃതിയെ അതിശയിക്കകൊണ്ടാകുന്നു എന്നു ഗീഥി എന്ന മഹാപണ്ഡിതൻ പറഞ്ഞിരിക്കുന്നു. ഭൂമിയിൽ മനുഷ്യൻ ചെയ്യുന്ന സൃഷ്ടിയാണു കലയെന്നു മറ്റൊരു അഭിജ്ഞൻ അഭിപ്രായപ്പെടുന്നു. സുകുമാരകലകൾ ഒരുത്തരുടെ സ്വത്തല്ല. കരകൗശലം പ്രവൎത്തകന്റെ സ്വത്താകുന്നു. ഉത്തമകലകളിലെല്ലാം പ്രയോക്താവിന്റെ ചൈതന്യം പ്രതിഫലിച്ചു കാണാം. ആകൃതിയിലും സ്വരത്തിലും വൎണ്ണത്തിലും മാത്രയിലുമായി കവിയുടെ വികാരങ്ങളും ചിന്തകളും സ്ഫുരിച്ചിരിക്കും. പരിപൂൎണ്ണദശയിൽ ആ മാതിരി കലകൾ പ്രകൃതിയുടെ ഉത്തമമായ പ്രശംസനമത്രെ. എങ്കിലും സമുദായസാമാന്യത്തെ രഞ്ജിപ്പിക്കണമെങ്കിൽ അവയ്ക്കു് അപ്പോഴപ്പോഴുണ്ടായിരിക്കുന്ന അഭിപ്രായഗതികളുടെ വ്യഞ്ജനകൂടിയുണ്ടായിരിക്കണം. അതുകൊണ്ടാണു കലകൾക്കു ഭിന്നത വരുന്നതു്. പുരാണസങ്കേതങ്ങളെവിട്ടു നവീനജ്ഞാനസമ്പത്തിനെ സ്വീകരിച്ചെങ്കിൽ മാത്രമല്ലാതെ കലകൾക്കു പുതു

മയുണ്ടാവില്ല. അതുകൊണ്ടാണ് പഴയമാതിരി വർണ്ണന കൾ ഇന്നുള്ളവർക്കു നീരസങ്ങളായിത്തീരുന്നത്.

കലാവിദ്യകൾക്കുതമ്മിൽ ആന്തരമായ ചാർച്ച ഉണ്ടെന്ന് ഒരിക്കലും വിസ്മരിച്ചുകൂടാ. സാഹിത്യം, സംഗീതം, നാട്യം, ചിത്രമെഴുത്ത്, ശില്പം എന്നുള്ളവയാണല്ലൊ പ്രധാന കലാവിദ്യകൾ. ഇവയ്ക്കു തമ്മിലുള്ള ബന്ധത്തെ ഒന്നിലധികം വിധം വിശദീകരിക്കാം. ആദ്യം അവയ്ക്കുള്ള ഉപകരണങ്ങളെപ്പററി നോക്കാം. സാഹിത്യത്തിനുള്ള ഉപകരണം ഭാഷയാണ്; സംഗീതത്തിനു സ്വരം, നാട്യത്തിന് ആംഗികം, ചിത്രത്തിനു വർണ്ണം, ശില്പത്തിനു കല്ലോ മണ്ണോ മരമോ, ലോഹമോ. സാഹിത്യത്തിൻെറ തന്തു ജ്ഞാനവും തായ് ശബ്ദവുമാകുന്നു. ഒന്നു ആത്മീയവും മറേറതു കായികവും, ഒന്ന് അപ്രത്യക്ഷവും മറേറതു പ്രത്യക്ഷവുമാണ്. അതുകൊണ്ടു സാഹിത്യത്തിന് ഒരു പരിനിഷ്ഠയുണ്ട്, സ്വരൂപമുണ്ട്, അവ്യക്തതയില്ല. പിടികിട്ടാത്ത വികാരങ്ങളെപ്പോലും അതു രൂപീകരിക്കുന്നു. അങ്ങനെയല്ല സംഗീതം. നാദമാണ് അതിൻെറ ഉപകരണം. അതിനു സ്വരനിയമങ്ങളുണ്ടെങ്കിലും സാഹിത്യത്തിൻെറ സ്ഫുടതയില്ല. പാട്ടുനിറുത്തുമ്പോൾ സംഗീതംപോയി. സാഹിത്യം, ചിത്രമെഴുത്ത്, ശില്പം എന്നീ കലകൾ ഫലത്തിൽ സ്ഥായികളാകുന്നു. ചിത്രവും, ശില്പവും നിലനില്ക്കുന്നു. പ്രത്യക്ഷമായും സ്ഥിരമായുമുള്ള ഉപകരണങ്ങൾ അവയ്ക്കുവേണം; സംഗീതത്തിനു അതുവേണ്ട. സാഹിത്യത്തിനും ഭാഷവേണം. അതിനു സംഗീതത്തിൻെറ ക്ഷണഭംഗുരത്വവുമില്ല. എങ്കിലും ചിത്രകലയുടെ സ്ഥിരത്വമുണ്ടെന്നു പറഞ്ഞുകൂടാ;

രണ്ടിലും മദ്ധ്യസ്ഥനിലയാണതിനുള്ളതു്. സാഹിത്യവും സംഗീതവും കൂടിച്ചേൎന്നതാണു നാട്യകല; എങ്കിലും സംഗീതത്തിന്റെ ക്ഷണഭംഗുരത അതിനുണ്ടു്.

"സംഗീതമപി സാഹിത്യം സരസ്വത്യാഃ സ്തനദ്വയം
ഏകമാപാദമധുരമന്യദാലോചനാമൃതം"

എന്നു പറഞ്ഞിരിക്കുന്നതു നോക്കുമ്പോൾ ചിന്താഭാവനകളെ ഉത്തേജിപ്പിക്കാൻ സമപ്രധാനങ്ങളാണു സംഗീതസാഹിത്യകലകളെന്നു വ്യക്തമാകുന്നുണ്ടു്. എങ്കിലും രണ്ടും രണ്ടുരീതിയിലാണു ഫലസിദ്ധിവരുത്തുന്നതു്. ഉത്തമസംഗീതത്തിന്റെ വാക്കിനു പ്രാധാന്യം കുറയും. രാഗാലാപങ്ങളിൽ വാക്കു വേണമെന്നുതന്നെയല്ല നേരേമറിച്ചു് അൎത്ഥചിന്തയിൽ സംഗീതം പറന്നുപോയേക്കും. സംഗീതത്തെ വാക്കിൽ പകരാൻ അസാദ്ധ്യമത്രേ. ചിത്രകലയ്ക്കും ശില്പകലയ്ക്കും ചിന്താഭാവനകളെ ഉദിപ്പിക്കാനുള്ള ശക്തിയില്ലാതില്ല. ഈ വിഷയത്തിൽ സാഹിത്യത്തിനു മറ്റുള്ള കലകളിലെല്ലാററിലുംവച്ചു പ്രാമാണ്യമുണ്ടെന്നു സമ്മതിച്ചേതീരു.

വ്യാപ്തിയെപ്പററി താരതമ്യപ്പെടുത്തി നോക്കിയാലും സാഹിത്യത്തിനു മെച്ചമുണ്ടു്. ചിത്രകലയും ശില്പകലയും പോലെ അതു നിയന്ത്രിതമല്ല. സ്വതന്ത്രമാണു സാഹിത്യകല. ബ്രഹ്മാണ്ഡമൊട്ടുക്കു് അതിന്റെ വിഷയമാണു്. അതു കഴിഞ്ഞാൽ, സംഗീതത്തിനാണു വ്യാപ്തി കൂടുതൽ. അടുത്തതു ചിത്രകലയും ഒടുവിൽ ശില്പവിദ്യയുമാണെന്നു പറയാം.

ആയുസ്സുകൊണ്ടു നോക്കിയാലും സാഹിത്യസംഗീതങ്ങൾക്കു മേന്മയുണ്ടെന്നു സമ്മതിക്കണം. കാവ്യവും ഗാനവും തലമുറയായി നിലനിറുത്താം. വേദങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ടല്ലോ. ചിത്രവും ശില്പവും നശ്വരങ്ങളാണു്.

ഇപ്രകാരം കലകൾക്കു തമ്മിൽ താരതമ്യമുണ്ടായിരുന്നാലും, അവ പരസ്പരപോഷകങ്ങളാണെന്നു സംശയമില്ല. സംഗീതസാഹിത്യങ്ങളുടെ പരസ്പരാനുബന്ധം സ്പഷ്ടമാണല്ലോ. കാവ്യനാടകങ്ങളുടെ രചനാവൈചിത്ര്യം, ചിത്രകലയുടെ കല്പന, ശബ്ദസ്വരൂപം, എന്നിത്യാദി പദങ്ങളാൽ കലകളുടെ സാമരസ്യത്തെ നാം വെളിവാക്കാറില്ലേ? അതുകൊണ്ടുതന്നെ ഊഹിക്കാം സൌന്ദര്യം ഏകമാണെന്നും അതിന്റെ ഭാഗങ്ങൾ മാത്രമാണു ഭിന്നകലകളെന്നും; പ്രകൃതിശക്തി ചൂടായും വെളിച്ചമായും വിദ്യുച്ഛക്തിയായും കാന്തശക്തിയായും ഭിന്നങ്ങളായി പ്രത്യക്ഷപ്പെട്ടിരിക്കുന്നതുപോലെ ഒന്നായിരിക്കുന്ന സൗന്ദര്യം പല വിധമായി പ്രകാശിക്കുന്നതു മാത്രമാണു കലകൾ. പാട്ടിന്റെ ധ്വനിയെ സംഗ്രഹിച്ചു ഗ്രാമഫോ[illegible] മൂലം നാം ഇന്നു ആവർത്തിച്ചു ശ്രവിക്കുന്നില്ലേ? അതുപോലെ "ടാക്കി" എന്നു പേരുകൽപിച്ചിരിക്കുന്ന ചലനചിത്രങ്ങളിൽ രൂപം സംസാരിക്കയും പാടുകയും ചെയ്യുന്നുണ്ടല്ലോ?

LIBRARY Reg No. 3301 CHANGANACHE… Y MALA… UNNAM P.O.

പരസ്പരോപകാരികളായ ഈ കലകളിൽവച്ചു് സാഹിത്യത്തിനു് പ്രഥമസ്ഥാനം നൽകേണ്ടതാണെന്നു് മുൻപ്രസ്താവിച്ച സംഗതികളിൽനിന്നു് വിശദമായിരിക്കുമല്ലോ. അതുകൊണ്ടു് ആ കലയെപ്പറ്റി അല്പം ചിന്തിച്ചു് ഈ ഉപന്യാസത്തെ സമാപിപ്പിക്കാം. ആലങ്കാരികന്മാരും ഭാഷാശാ

സ്രൂകാരരും എള്ളുകീറി നിർദ്ദേശിച്ചിരിക്കുന്ന സംഗതികളെ ഇവിടെ ചവ്വിതചവ്വണം ചെയ്യണമെന്നുദ്ദേശിക്കുന്നില്ല. സാഹിത്യദപ്പണം, കാവ്യാദർശം, കാവ്യപ്രകാശം മുതലായ ഗ്രന്ഥങ്ങളിൽ കാവ്യാലങ്കാരലക്ഷണങ്ങൾ ഏററവും പാണ്ഡിത്യത്തോടെ നിവ്വചിച്ചിട്ടുണ്ട്. പാശ്ചാത്യപണ്ഡിതരും അതുപോലെ കാവ്യലക്ഷണങ്ങളെ ഉപന്യസിച്ചിട്ടില്ലെന്നില്ല. സാഹിത്യത്തിൻെറ ജീവൻ എവിടെയിരിക്കുന്നു. സൗന്ദയ്യതത്വത്തെ ഏതുവിധം പ്രത്യക്ഷമാക്കുന്നു എന്നുമാത്രമേ ഇവിടെ ചിന്തിക്കാൻ വിചാരിക്കുന്നുള്ളു. നമ്മുടെ ജ്ഞാനം ആപേക്ഷികമാണെന്ന് സമ്മതിക്കാതിരിപ്പാൻ നിവ്വാഹമില്ല. ആത്യന്തികജ്ഞാനം യോഗികൾക്ക് ഉണ്ടെന്നു വരാം. നമുക്ക് അനുഭവമില്ല. വിരുദ്ധസ്വഭാവങ്ങളുള്ളവയുടെ സാന്നിദ്ധ്യംകൊണ്ടാണ് നമുക്ക് ബോധമുദിക്കുന്നതു്. ഇരുട്ടുണ്ടെങ്കിലല്ലാതെ വെളിച്ചമില്ല. അസത്തുണ്ടെങ്കിൽമാത്രമേ സത്തുള്ളു. പ്രകൃതിയാണ് പുരുഷനെ വ്യതിരേകിക്കുന്നതു്. ദോഷമാണ് നമ്മെ വേർതിരിക്കുന്നതു്. അതുപോലെ വൈരൂപ്യമുണ്ടെങ്കിലല്ലാതെ സൗന്ദയ്യമില്ല. വ്യതിരേകംകൊണ്ടാണ് ജ്ഞാനമുണ്ടാകുന്നതെന്നുള്ള പ്രധാനസംഗതി ഒന്നാമതായി അറിഞ്ഞിരിക്കേണ്ടതാണ്. രണ്ടാമതു് ഒരു സംഗതി അനിയന്ത്രിതമായി പ്രവത്തിക്കുന്ന മാനസികവൃത്തിയിൽ സ്വതേ ഒരു ആഹ്ളാദമുണ്ടാകുന്നുണ്ട്. ഇതു് അനുഭവസിദ്ധമാണ്.

ഈ രണ്ടുസംഗതികളേയും നിദ്ധാരണംചെയ്തുകൊണ്ട് അന്തർദൃഷ്ടികൊണ്ടും ബഹിർദൃഷ്ടികൊണ്ടും അസംഖ്യങ്ങളായ ലോകപദാത്ഥങ്ങളെ നിരിക്ഷിക്കുമ്പോൾ കാണു

ന്ന വൎണ്ണങ്ങളും രൂപങ്ങളും, ശബ്ദങ്ങളും സൌന്ദൎയ്യാത്മകങ്ങളായി നമുക്കു് അവഭാസിക്കുന്നു. ആത്മീയമായ ആനന്ദത്തിനു് പ്രകൃതികോമളങ്ങളായ പദാൎത്ഥങ്ങളോടു സമ്പൎക്കമുണ്ടാകുമ്പോൾ സൌന്ദൎയ്യബോധമുളവാകുന്നു. ആ ബോധത്തിനു തെളിവുവരുന്നതു് വൈരൂപ്യത്തോടു് എതിൎപ്പെടുമ്പോഴാകുന്നു. സൌന്ദൎയ്യബോധത്തിന്റെ അപ്രതിഹതപ്രചാരത്തെ വൈരൂപ്യം തടുക്കുമ്പോൾ നമ്മുടെ ഹൃദയം സ്വസഹജമായ സൌന്ദൎയ്യപാരമ്യത്തെ പ്രാപിക്കാൻ പ്രയത്നിക്കുന്നു. ഈ പ്രയത്നത്തിൽനിന്നാണു് സാഹിത്യം ഉദിക്കുന്നതു്. നിഷ്കളങ്കമായ സൌന്ദൎയ്യം മാത്രമേ ലോകത്തിലുണ്ടായിരുന്നുള്ളു എങ്കിൽ സാഹിത്യത്തിനു് പ്രസക്തിയുണ്ടാകയില്ലായിരുന്നു. ലോകം ഗുണദോഷസമ്മിശ്രമായിരിക്കകൊണ്ടത്രേ കലകളുടെ ആവിൎഭാവം. സ്വൎഗ്ഗത്തു കവിതകൾക്കു പ്രസക്തിയില്ല. സൌന്ദൎയ്യം സ്വൎഗ്ഗത്തുനിന്നവതരിച്ചു് ഗുണദോഷമിശ്രമായി ഭൂമിയിലേക്കു വരുന്ന വഴിക്കു കണ്ടുമുട്ടിയ കൂട്ടാളിയാണു് സാഹിത്യം എന്നൊരു പണ്ഡിതൻ ഭംഗിയായി ഉപന്യസിച്ചിരിക്കുന്നു. വേദാന്തഭാഷയിൽ പറകയാണെങ്കിൽ, അസൽ പരാമൃഷ്ടമായ സൽഗുണം ഉപാധികളെ വെടിഞ്ഞു സായുജ്യത്തെ നേടാൻ ചെയ്യുന്ന പരിശ്രമമാണു് സാഹിത്യമെന്നു നിൎവ്വചിക്കാം. എത്രത്തോളം ഈ പരിശ്രമം സഫലമാകുന്നുവോ അത്രത്തോളം സാഹിത്യത്തിനു് സൌന്ദൎയ്യം കൂടുന്നു. ബ്രഹ്മാനന്ദസിദ്ധിക്കു തുനിയുന്ന സന്യാസിക്കും കവിക്കും സാഹചൎയ്യമുണ്ടു്. രണ്ടുകൂട്ടൎക്കും ഉപായങ്ങൾ ഭിന്നങ്ങളാണെന്നാണു് ഭേദം. ഒരാൾ തന്നിൽത്തന്നെ ധ്യാനനിഷ്ഠനായിരിക്കുന്നു; മറെറയാൾ

ലോകാനുഗ്രഹാൎത്ഥം വാക്കുമുഖേന വിനിൎഗ്ഗമിക്കുന്നു. കവിഹൃദയംതന്നെയാണു് കാവ്യം. കാവ്യതരുവിന്റെ ഇലച്ചില്ലിലാണു് വാക്യങ്ങളും വൃത്തങ്ങളും.

പാട്ടുകേട്ടാൽ രസിക്കാവുന്നവർ അനവധിയുണ്ടു്. പാടാവുന്നവർ ചുരുക്കം. എന്നതുപോലെ, പ്രകൃതിരാമണീയകത്തെ അനുഭവിക്കുന്നവർ അസംഖ്യമുണ്ടെങ്കിലും കവികൾ അപൂൎവ്വമത്രെ. അനുഭവം അന്തഃകരണത്തിൽ വേരൂന്നി സ്വാധീനമായി ഭാവനാരൂപേണ മുളച്ചു് വാഗ്രൂപത്തിൽ തഴച്ചുവന്നു ലോകത്തിനു ഫലപ്രദാനം ചെയ്യുമ്പോൾമാത്രമേ സാഹിത്യമാകുന്നുള്ളു.

സാഹിത്യകാരന്റെ ഉപകരണം സൎവ്വതോമുഖമാകുന്നു. അതിനു ഉള്ളിലും പുറമേയുമുള്ളതിനെയെല്ലാം വ്യാപിക്കാൻ ശക്തിയുണ്ടു്. ഭാഷയുടെരൂപം ബാഹ്യമാണെങ്കിലും അൎത്ഥം ആന്തരമാകുന്നു. ബാഹ്യാഭ്യന്തരങ്ങളെ ഒന്നുപോലെ പരാമർശിക്കുന്ന ഭാഷകൊണ്ടു സൎവ്വും സംവരണംചെയ്യാം. മറ്റൊരുകലയ്ക്കും ഇതു സാദ്ധ്യമല്ല. സംഗീതം ശബ്ദസ്വരൂപമാകകൊണ്ടു അതിനും ഏതാണ്ടു ഈ വൈഭവമുണ്ടെന്നുപറയാം. സാഹിത്യകാരൻ പ്രകൃതിതത്വങ്ങളെ ആത്മദീപംകൊണ്ടു് ഭാസുരമാക്കി അല്പവാക്കുകളെക്കൊണ്ടു വെളിവാക്കുന്നു. ശാസ്ത്രകാരനും കവിക്കും തമ്മിൽ ഇതാണു വലിയൊരുവ്യത്യാസം. ഇരുപേരും പ്രകൃതിതത്വഗവേഷകന്മാരാണു്; ഒരാൾ പദാൎത്ഥങ്ങളെ എള്ളുകീറിനോക്കി അവയുടെ നിയമങ്ങളെ അറിയാൻ ശ്രമിക്കുന്നു. മറ്റെയാൾ അങ്ങുമിങ്ങും കാണുന്നതിനെ കൂട്ടിയിണക്കി സജീവമാക്കി പ്രതിഫലിപ്പിക്കുന്നു. കുരങ്ങിന്റെ കയ്യിൽകിട്ടിയ

പൂമാലപോലെ പ്രകൃതിയെ ഒരാൾ പിരിച്ചുകളയുന്നു മ റെറയാൾ വിരിഞ്ഞു കിടക്കുന്ന പുഷ്പങ്ങളെ പെറുക്കി കോ ൎത്തു മാലകെട്ടുന്നു. രണ്ടുകൂട്ടൎക്കും ഉൽസാഹമുണ്ടു്. പക്ഷേ ഒരാൾക്കു് സംഹാരത്തിനും മറെറയാൾക്കു് സൃഷ്ടിക്കുമാണു് വാസന. ശാസ്ത്രകാരൻ ഏകത്വത്തിൽ നാനാത്വത്തെ തേടുന്നു, കവി നാനാത്വത്തിൽ ഏകത്വത്തെ അധ്യാസി ക്കുന്നു.

കവിസൃഷ്ടിക്കൊപ്പമായി പ്രത്യക്ഷത്തിൽ ഒന്നു കാ ണാൻ പ്രയാസമാണു്. അതു മറെറാന്നുകൊണ്ടുമല്ല; പ്ര കൃതിപദാൎത്ഥങ്ങളെ ഭാവനയിൽ പൊതിഞ്ഞതാണു് കവി കല്പിക്കുന്നതു്. ഭാവന ആന്തരമാണു്; അതിനു ബാഹ്യ ചിഹ്നമില്ല. ഭിന്നപദാർത്ഥങ്ങളെ ഭാവനകൊണ്ടു പൊ തിയുന്നതു് സമാനധർമ്മംകൊണ്ടാകുന്നു. സമാനധർമ്മം, അതായതു്, സാദൃശ്യമാണു് സകല അലങ്കാരങ്ങളുടേയും ജീവൻ. സമാനധൎമ്മപ്രകാശനം ഒരുമാതിരി ദിവ്യചക്ഷുസ്സാ ണു്. അതു വരകവികൾക്കു മാത്രമല്ലാതെ ഉദിക്കുന്നില്ല. ഏതു ക്ലിഷ്ടമായ സംഗതിയും അതുകൊണ്ടു് ക്ഷണേന തെ ളിവാക്കാം. തന്നിമിത്തം ലോകത്തിനു ഒരു പുതിയ ജീ വൻ സിദ്ധിക്കുന്നു. പിതാവിൻെറ രൂപവും സ്വഭാവവും പുത്രനിൽ പ്രതിഫലിക്കുമ്പോലെ കവിയുടെ ഹൃദയം കാവ്യ ത്തിൽ പ്രകാശിക്കുന്നു. പുത്രൻ ജനകനു മാത്രമുള്ളവനല്ല, സമുദായത്തിൽ അംഗമാകുന്നതുപോലെ, കാവ്യം സഹൃദയ സ്വത്തായിത്തീരുന്നു.

കവി ഒരു തത്വദർശിയാകുന്നു. ചരിത്രകാരനും ക വിയും തമ്മിൽ അതാണു വ്യത്യാസം. ചരിത്രകഥകൾ

സംഭവങ്ങളെ നടന്ന ക്രമത്തിനു വിസ്തരിക്കുന്നു. കവി അവയുടെ സാരത്തെ ഗ്രഹിച്ച് അല്പവാക്കുകളെക്കൊണ്ടു സമഞ്ജസമായി പാടയാക്കി പ്രതിഫലിപ്പിക്കുന്നു. ചരിത്രകാരൻ അരങ്ങത്തിറങ്ങി നടന്മാരുടെ പ്രവൃത്തികളെ കണ്ടു കുറിക്കുന്നു; കവി മഞ്ചത്തിലിരുന്നു ലോകമഹാനാടകത്തിന്റെ ആവിഷ്കരണത്തെ നിരീക്ഷിച്ചു ഗാനംചെയ്യുന്നു. ആ മഹാപ്രദർശനത്തിന്റെ മർമ്മത്തിൽ പ്രവേശിക്കുമ്പോഴുണ്ടാകുന്ന ആനന്ദംനിമിത്തം സ്വതന്ത്രമായി പ്രസരിക്കുന്നതാണ് വാക്കിന്റെ മാധുര്യം. അല്ലാതെ ക്ലേശിച്ചുവരുന്നതല്ല. പ്രാസാനുപ്രാസാദിശബ്ദവൈചിത്ര്യങ്ങൾ, അർത്ഥഗഹനതയോടു ശബ്ദവൈചിത്ര്യവും ചേരുമ്പോൾ സഹൃദയം ഹഠാൽ ആവർജ്ജിതമാകുന്നു. വികാസങ്ങൾ അനൈച്ഛികമായി പൊന്തിവരുന്നു.

മനുഷ്യസൃഷ്ടമാണു കലയെന്നുവരുമ്പോൾ അതതു കാലത്തുള്ള ബോധത്തെ അതു് പ്രതിഫലിക്കുമെന്നു വിശേഷിച്ച് പറയേണമെന്നില്ലല്ലോ. അതുകൊണ്ടു ഓരോകാലത്തെ ചരിത്രം കാവ്യനാടകാദികവനങ്ങളിൽനിന്നു മനസ്സിലാക്കാം. ചരിത്രം, ശാസ്ത്രം മുതലായവയ്ക്കു പഴക്കംതട്ടാം; കാവ്യം എന്നും പുതുതാണ്. എന്തെന്നാൽ ചരിത്രത്തിനും ശാസ്ത്രത്തിനുമുള്ള വിഷയങ്ങൾ മാറിമാറിവരും. ഏതാനും പ്രത്യേകസംഗതികളെ മാത്രമേ അവ പരാമർശിക്കുന്നുള്ളു. കാവ്യത്തിനുള്ള വിഷയം എന്നും ലോകരഹസ്യമാണ്. അതിനു മാററമില്ല. എത്ര തുച്ഛസംഗതിയും കാവ്യത്തിനു വിഷയീഭവിക്കുമ്പോൾ, അതു് ലോകരഹസ്യത്തിന്റെ ഭാഗമായിത്തീരുന്നു.

മേൽ വിവരിച്ച സാരങ്ങളെ മനസ്സിലുറപ്പിച്ചുകൊണ്ടു് കേരളസാഹിത്യത്തെ വിമർശനംചെയ്യുന്നതു് വലുതായ ഒരു കാൎയ്യമാണു്. അതിനു ഇവിടെ തുനിയുന്നതു സാഹസമായിവരും. അപ്രകാരം ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ഗുണം അനല്പമാണു്. സാഹിത്യകലയുടെ പോക്കുപോലെയാണു സമുദായത്തിനു വൃദ്ധിക്ഷയങ്ങളുണ്ടാകുന്നതു. ശരിയായ നിരൂപണമില്ലാതെ തോന്ന്യാസമായി മുന്നിൽപ്പിന്നിപ്പിടിച്ചുകയറുന്ന കവിതകൾ സാഹിത്യകലക്കും, അതേ ഏവ, സമുദായോന്നതിക്കും കുഠാരമായി തീരുന്നതാണു്. ഒരു ജനസമുദായത്തിനു ഭരണരീതി എങ്ങനെയോ എന്നവണ്ണം, സാഹിത്യത്തിനു നിരൂപണം ഒഴിച്ചുകൂട്ടുന്നതല്ല. അതാണു് ഇന്നു നമുക്കു മുഖ്യമായി വേണ്ടതും.

എം. രാജരാജവൎമ്മ എം. എ; ബി. എൽ.

IT[illegible] PUBLIC LIBRARY
Reg No. 3601
MALAKUNNAM

# ശ്രീമഹാദേവീഭാഗവതം

## കേരളഭാഷാഗാദ്യം — സമ്പൂൎണ്ണഗ്രന്ഥം.

അഷ്ടാദശ[illegible]ങ്ങളിൽപ്പെട്ടതും, [illegible] മേനവൻ അ[illegible]കളുടെ ഗാനദേവിഭാഗവതത്തെ [illegible] ശ്രയിച്ചെഴുതിട്ടുള്ളതുമാണ് ഈ ശ്രീമഹാദേവീ[illegible] സുഖദുഃഖസമ്മിശ്രമായ ഇ[illegible]ലോകത്തിൽ നിന്ന് [illegible] ഒരു പരമശാന്തിപദം അരുളുന്നതിനുള്ള [illegible] ഹൃദ്യമായ രീതിയിൽ ഈ മഹാഗ്രന്ഥത്തിൽ [illegible] കുന്നു. ഋക്, യജുസ്സ്, സാമം, അഥൎവ്വം എന്ന നാ[illegible] ങ്ങളുടെയും ശക്തിയായ മഹാദേവിയുടെ, [illegible] കൃതിയുടെ മഹിമാവിശേഷത്തെയാണ് ഈ ഗ്രന്ഥത്തിൽ ഉൽഘോഷിക്കുന്നത്. അവ[illegible]താരികാകാരനായ [illegible] പി. എസ്സ്. [illegible] അവർകൾ എ[illegible] യുന്നതു നോക്കുക: — ഈ [illegible] ളുടന്ന തത്വരത്നങ്ങളുടെ സഹസ്ര[illegible] ഉദ്ധരിക്കാൻ ഞാൻ അശക്തനാണെന്നു തുറന്നു പറഞ്ഞു കൊള്ളട്ടെ.

"വേദാന്തവ്യൂഹ[illegible]" "ദിവ്യരഹസ്യപ്രകാശിക" മുതലായ ഗ്രന്ഥങ്ങൾ എ[illegible] ദൈവഭക്തന്മാരെ പ്രീതിപ്പെടുത്തിയിട്ടുള്ള ഗ്രന്ഥക[illegible]വിൻെറ "ശ്രീമഹാദേവീഭാഗവത"ത്തെ ഹിന്ദുക്കൾ പൂജിക്കാതിരിക്കയില്ല. [illegible] അദ്ധ്യായങ്ങ[illegible] എട്ടിലധികം വിശേഷചിത്രങ്ങളും, പരിഭാഷകൻെറ [illegible]ഫോട്ടോ[illegible]വും ഇതിൽ ചേൎത്തിട്ടുണ്ട്. [illegible] ഭവനങ്ങളിലും ഇതു വാങ്ങി വായിക്കാതെ വെന്നാം നിശ്ചയിച്ചിട്ടുള്ള [illegible] വില 2 രൂപ[illegible]മാത്രം.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.